കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കോട്ടയം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം

e-mail: mlktm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ-കെ.എം.എം.3/203/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
നഗരസഭാ ഓഡിറ്റ് കാര്യാലയം, കോട്ടയം,
തീയതി: 07.05.2019.

ഡെപ്യൂട്ടി ഡയറക്ടർ.

ചെയർമാൻ/ചെയർപേഴ്സൺ

കോട്ടയം നഗരസഭ.
(സെക്രട്ടറി മുഖേന)

സർ,

വിഷയം : കോട്ടയം നഗരസഭ - 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടയം നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-13, 2-23 എന്നീ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ 3-15, 3-18-1, 3-19 എന്നീ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം – വകുപ്പ് 15(1), 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ- ചട്ടം 20, 23, 1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

3) റീജണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.

4) കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ-കെ.എം.എം.3 /203/2019. തീയതി: 07.05.2019.

**കോട്ടയം ജില്ലയിലെ കോട്ടയം നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരള നഗരപാലിക നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 31.03.2018 വരെ വിവിധ ഇനങ്ങളിലായി രസീത് മുഖേന നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 74 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ | | ശ്രീ.വിനോദ്.കെ.കെ., ഡെപ്യൂട്ടി ഡയറക്ടർ.<br>(01.08.2018 മുതൽ തുടരുന്നു.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | | സമകാലിക ഓഡിറ്റ് |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1 | ശ്രീ.കെ.വി.സന്തോഷ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | 2 | ശ്രീമതി.ഡാനിമോൾ.കെ.ജെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | 3 | ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | 4 | ശ്രീമതി.കൊച്ചുമോൾ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | 5 | ശ്രീമതി.ശ്രീലത.ആർ.ബി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | 6 | ശ്രീ.മനേഷ്കുമാർ.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 7 | ശ്രീ.ശരത്.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | 8 | ശ്രീമതി.ജ്യോതിലക്ഷ്മി.ആർ, ഓഡിറ്റർ |
| | 9 | കുമാരി.സിനി.ടി.എസ്, ഓഡിറ്റർ. |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| ചെയർമാൻ | ഡോ.സോന.പി.ആർ. | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.പി.പി.മോഹനൻ | 01-04-2017 മുതൽ 19-04-2017 വരെ |
| | ശ്രീ.ടി.ജി.പ്രതാപൻ | 20-04-2017 മുതൽ 31-05-2017 വരെ |
| | ശ്രീ.പി.വിദ്യാധരൻ | 01-06-2017 |
| | ശ്രീ.പി.കെ.സജീവ് | 2.6.2017 മുതൽ 31-03-2018 വരെ |

## (സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ടി.ജി.പ്രതാപൻ | 01-04-2017മുതൽ31-05-2017വരെ |
| | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി.സി.കെ.ജിജി. | 01-06-2017മുതൽ31-08-2017വരെ |
| | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.ബി.അജു (ഇൻ ചാർജ്) | 01-09-2017മുതൽ06-11-2017വരെ |
| | മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി.എം.എസ്.ലത | 07-11-2017മുതൽ31-03-2018വരെ |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.ബി.അജു | 01-04-2017മുതൽ12-11-2017വരെ |
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ.എം.പി.ബിനോയി | 13-11-2017മുതൽ31-03-2018വരെ |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.കെ.ഗോപാലകൃഷ്ണൻ | 01-04-2017മുതൽ31-03-2018വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പി.ആർ.ശശികല | 01-04-2017മുതൽ31-03-2018വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.പി.ജി.ബീന | 04-10-2017മുതൽ31-03-2018വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.എസ്.സുമ | 11-10-2017മുതൽ31-03-2018വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.എൽ.ആർ.ഇന്ദു | 10-01-2018മുതൽ16-02-2018വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അർച്ചന.കെ.അനി | 17-02-2018മുതൽ31-03-2018വരെ |
| | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അമിത ബൈജു | 26-02-2018മുതൽ31-03-2018വരെ |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ:സി.വി.ശ്രീലത | 01-04-2017മുതൽ31-03-2018വരെ |
| 5 | മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ:അനുഷ് | 01-04-2017മുതൽ31-03-2018വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ:ബി.അജയകുമാർ | 01-04-2017മുതൽ31-03-2018വരെ |
| 7 | ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.പി.വിദ്യാധരൻ | 01-04-2017മുതൽ31-03-2018വരെ |
| 8 | പ്രോജക്റ്റ് ഓഫീസർ (ദാരിദ്ര്യലഘൂകരണവിഭാഗം) | ശ്രീമതി.എ.ബി.വിലാസിനി (ജൂനിയർ പബ്ലിക്ഹെൽത്ത് നേഴ്സ്) | 01-04-2017മുതൽ31-03-2018വരെ |
| 9 | കൃഷി ഓഫീസർ | ശ്രീമതി.എ.എസ്.വൈശാഖി | 01-04-2017മുതൽ31-03-2018വരെ |
| 10 | എസ്.സി.ഡി.ഒ | ശ്രീ.ഡായിമോൻ.ജി.എസ് | 01.04.2017 മുതൽ 31.3.2018വരെ |
| 11 | സി.ഡി.പി.ഒ | ശ്രീമതി.സാറാമ്മ എബ്രഹാം | 01-04-2017മുതൽ31-03-2018വരെ |
| 12 | ഹെഡ്മിസ്ട്രസ് | ശ്രീമതി.ജി.സുജാത | 01-04-2017മുതൽ31-03-2018വരെ |
| 13 | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബി.പ്രശാന്ത് | 01-04-2017മുതൽ31-03-2018വരെ |

## ഉള്ളടക്കം

| ക്രമ | ഭാഗം – 1 | ഖണ്ഡിക |
|---|---|---|

| നമ്പർ | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം - 2 | |
| 13 | മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ - മുനിസിപ്പൽ കൗൺസിൽ പുതുക്കി നിർണ്ണയിച്ച പ്രകാരമുള്ള വാടക ഈടാക്കിയിട്ടില്ല. | 2-1-1 |
| 14 | കഞ്ഞിക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്- കടമുറിവാടക – മുനിസിപ്പൽ കൗൺസിൽ പുനർനിർണ്ണയപ്രകാരം ഈടാക്കിയിട്ടില്ല. | 2-1-2 |
| 15 | കടമുറികളുടെ ലൈസൻസ് - കുടുകച്ചവടാടിസ്ഥാനത്തിൽ വിപുലീകരിക്കുന്നത് - മുനിസിപ്പൽ കൗൺസിൽ നിശ്ചയിച്ച നിരക്കിൽ വാടക ഈടാക്കുന്നില്ല. | 2-2 |
| 16 | കുമാരനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ്- മാവേലിസ്റ്റോറിന് കടമുറി വാടകയ്ക്ക് നൽകിയത്- വാടക ഈടാക്കുന്നില്ല. | 2-3 |
| 17 | കുമാരനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ്- കടമുറികളുടെ വാടക -വാടകക്കാലാവധി നിയമാനുസൃതം ദീർഘിപ്പിച്ചു നൽകാത്തതും വാടക വർദ്ധനവ് വരുത്താത്തതും - നഗരസഭ ഫണ്ടിന് നഷ്ടം. | 2-4 |
| 18 | കോടിമതയിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് താൽക്കാലികമായി സ്ഥലം അനുവദിച്ചത് - വാടക ഈടാക്കിയില്ല. | 2-5 |
| 19 | വസ്തുനികുതി - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ നാളിതുവരെ പൂർത്തിയായിട്ടില്ല. | 2-6 |
| 20 | കുമാരനല്ലൂർ മേഖലാ ഓഫീസിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം- അപാകതകൾ. | 2-7 |
| 21 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തുന്നതിന് പകരം പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തിയിരിക്കുന്നു. | 2-8 |
| 22 | ജമമാറ്റം- പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 2-9 |
| 23 | കെട്ടിടത്തിലെ മുറികൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് – വിശദാംശങ്ങൾ ലഭ്യമല്ല. | 2-10 |
| 24 | അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല. | 2-11 |
| 25 | പരസ്യ നികുതി - കരാറുകാരൻ 4,58,211/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. | 2-12-1 |
| 26 | പരസ്യബോർഡ് സ്ഥാപിക്കൽ - തറവാടക ഈടാക്കിയിട്ടില്ല . | 2-12-2 |
| 27 | ജനറൽ പർപ്പസ് ഗ്രാന്റ് – 2017-2018 – സഞ്ചിതനിധിയിൽ നിന്ന് നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തില്ല. | 2-13 |
| 28 | മാമ്മൻ മാപ്പിള ഹാളിന്റെ നടത്തിപ്പ്- കരാർ പുതുക്കിയിട്ടില്ല. | 2-14 |

| | | |
|---|---|---|
| 29 | തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 2-15-1 |
| 30 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല. | 2-15-2 |
| 31 | ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടൽ - റോഡ് കട്ടിംഗ് & റസ്റ്ററേഷൻ ചാർജ്ജ് ഈടാക്കിയതിന്റെയും, വാർഷികവാടക ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. | 2-16 |
| 32 | കോടിമത വെജിറ്റബിൾ മാർക്കറ്റിലെ കാന്റീൻ ലേലം – സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 2-17 |
| 33 | കോടിമത വെജിറ്റബിൾ മാർക്കറ്റ് - സ്റ്റാൾ നമ്പർ 98ന്റെ കുടിശ്ശിക ഈടാക്കിയില്ല. | 2-18 |
| 34 | കോടിമത സസ്യചന്തലേലം – 15,000/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു. | 2-19 |
| 35 | നീലിമംഗലം ഫിഷ്മാർക്കറ്റ് -കടമുറികളുടെ ലേലം നിർണ്ണയിച്ചത് | 2-20 |
| 36 | സേവന ഉപനികുതി ഈടാക്കുന്നില്ല. | 2-21 |
| 37 | കെട്ടിട നിർമ്മാണ പെർമിറ്റ് - ഫീസ് ഈടാക്കിയതിൽ കുറവ്. | 2-22 |
| 38 | റെഗുലർ പെൻഷൻ അലോട്ട്മെന്റ്- ഏകദേശം 14കോടിരൂപ സർക്കാരിൽനിന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു. | 2-23 |
| 39 | പട്ടികവർഗ്ഗഉപപദ്ധതി- വികസനഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ല. | 2-24 |
| 40 | നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായി ഈടാക്കി. | 2-25 |
| | ഭാഗം – 3 | |
| 41 | ശമ്പളബില്ലുകളിൽനിന്ന് കുറവുവരുത്തിയതിനേക്കാൾ അധികംതുക ഒടുക്കുവരുത്തുന്നതിനായി പിൻവലിക്കുന്നു. | 3-1-1 |
| 42 | ശമ്പളബില്ലുകളിൽനിന്ന് കുറവുചെയ്ത തുക പൂർണ്ണമായും ഒടുക്കുവരുത്തുന്നില്ല | 3-1-2 |
| 43 | എസ്.എൽ.ഐ, ജി.ഐ.എസ്. വിഹിതങ്ങൾ പിടിച്ചിട്ടില്ല. | 3-2 |
| 44 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അപാകതകൾ | 3-3 |
| 45 | തെരുവുവിളക്കുകളുടെ പുതുക്കിയ ചാർജ്ജ് - കെ.എസ്.ഇ.ബിയിൽ 10,000 രൂപ അധികമായി അടവാക്കിയതിനാൽ നഗരസഭയ്ക്ക് നഷ്ടം. | 3-4 |
| 46 | തിരുവാതുക്കൽ നഗരസഭാ കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് ഡൈനിംഗ് ഹാൾ നിർമ്മാണം -ആർക്കിടെക്ചറൽ ഫീസ് നൽകിയത് തടസ്സപ്പെടുത്തുന്നു. | 3-5 |
| 47 | തിരുനക്കര മൈതാനം പുനരുദ്ധാരണം - പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം - ഫൈൻ ഈടാക്കിയില്ല. | 3-6 |
| 48 | പള്ളിപ്പുറം - ഈഴമാലിപ്പടി റോഡ് പുനരുദ്ധാരണം - ഇഷ്യൂ ചെയ്ത മുഴുവൻ ടാറിന്റെയും വില ബില്ലിൽ തട്ടിക്കിഴിച്ചില്ല – കരാറുകാരന് അധികം തുക നൽകി. | 3-7 |
| 49 | വെയർഹൗസ് നാഗമ്പടം റോഡ് റീടാറിംഗ് - അംഗീകൃത അളവിനേക്കാൾ അധികമായി പ്രവൃത്തി നിർവ്വഹിച്ചു. | 3-8 |
| 50 | കരിയംപാടം തോട് ആഴംകൂട്ടി പോളനീക്കലും ജലസംരക്ഷണവും - ബില്ലിൽ നിന്നും അനിവാര്യമായ കുറവുകൾ വരുത്തിയിട്ടില്ല. | 3-9 |
| 51 | ചൂനാട്ടുമറ്റം റോഡ് പുനരുദ്ധാരണം - ഭാഗികമായി മാത്രം നിർവ്വഹിക്കപ്പെട്ടു. | 3-10 |
| 52 | ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല – 1,11,386/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 3-11 |
| 53 | അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലക്കുടിശിക ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തില്ല. | 3-12 |
| 54 | ഐ.എച്ച്.എസ്.ഡി.പി- വരവ് ചെലവ് കണക്കുകൾ കൃത്യമല്ല - പദ്ധതി അവസാനിച്ചിട്ടും ബാങ്ക് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു. | 3-13 |
| | | |

| | | |
|---|---|---|
| 55 | ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി- പദ്ധതി അവസാനിച്ചിട്ടും ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു. | 3-14 |
| 56 | കോട്ടൂർ ഹൗസ് പ്ലോട്ടുകൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നത് – തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമല്ല | 3-15 |
| 57 | നഗരസഭയിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണി ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. | 3-16 |
| 58 | ഭവനനിർമ്മാണം പദ്ധതി - നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല | 3-17-1 |
| 59 | ഭവനനിർമ്മാണം - രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു | 3-17-2 |
| 60 | ഭൂരഹിത പുനരധിവാസം (എസ്.സി) വീടും സ്ഥലവും - പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-17-3 |
| 61 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 3-18-1 |
| 62 | 2017-2018 വർഷം ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് ഹൈസ്കൂൾ നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല. | 3-18-2 |
| 63 | നിക്ഷേപപ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-19 |
| 64 | പി.എം.എ.വൈ- സർക്കാർനിർദ്ദേശം പാലിച്ചിട്ടില്ല. | 3-20 |
| | ഭാഗം – 4 | |
| 65 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 66 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 67 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 68 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 69 | സ്ഥിരനിക്ഷേപം | 4-5 |
| 70 | ഓഡിറ്റ് റിക്കവറി | 4-6 |
| 71 | സമാഹൃത റിപ്പോർട്ട് | 4-7 |
| 72 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-8 |
| 73 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 74 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 75 | അനുബന്ധം - 1 (ഓഡിറ്റ് സാക്ഷ്യപത്രം) | |
| 76 | അനുബന്ധം - 2 (ഓഡിറ്റിൽ ഹാജരാക്കാത്ത മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ) | |
| 77 | അനുബന്ധം - 3 (സംക്ഷിപ്തം – ബാലൻസ് ഷീറ്റ്) | |
| 78 | അനുബന്ധം - 4 (സംക്ഷിപ്തം – ഇൻകം & എക്സ്പെൻഡിച്ചർ പത്രിക) | |
| 79 | അനുബന്ധം - 5 (സംക്ഷിപ്തം – റസീപ്റ്റ് & പേയ്മെന്റ് പത്രിക) | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

നഗരസഭയുടെ 2017-2018 വർഷത്തെ ബജറ്റ് 29.3.2017ലെ ജി4 - 30776/15(43) തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 24.3.2018ലെ ജി4 – 30776/15(65) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥകണക്കുകളുമായി പുതുക്കിയ ബജറ്റ് പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (രൂപ) | പുതുക്കിയത് (രൂപ) | യഥാർത്ഥ കണക്ക്(രൂപ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| മുന്നിരിപ്പ് | 40,87,49,323 | 26,57,78,430 | 26,57,78,430 |
| വരവ് | 1,38,01,02,761 | 85,81,56,939 | 59,23,43,126 |
| ആകെ | 1,78,88,52,084 | 1,12,39,35,369 | 85,81,21,556 |
| ചെലവ് | 1,56,17,83,810 | 62,37,18,182 | 66,70,66,263 |
| നീക്കിയിരിപ്പ് | 22,70,68,274 | 50,02,17,187 | 19,10,55,293 |

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് തിരികെ ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 31.7.2018 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-2018 | 1.8.2018 – 10.8.2018 | കെ.എസ്.എ.കെ.എം.എം3-324/2018/31.8.2018 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26,57,78,430 |
| വരവ് | 59,23,43,126 |
| ആകെ | 85,81,21,556 |
| ചെലവ് | 66,70,66,263 |
| നീക്കിയിരിപ്പ് | 19,10,55,293 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 8,21,01,225 | 8,21,01,225 | 8,21,01,225 | 0 |
| വികസനഫണ്ട്-എസ്.സി.പി | 0 | 2,36,48,081 | 2,36,48,081 | 2,36,48,081 | 0 |
| വികസനഫണ്ട്-ടി.എസ്.പി | 0 | 2,07,617 | 2,07,617 | 0 | 0 |
| മെയിന്റനൻസ്ഗ്രാന്റ് (റോഡ്) | 0 | 6,04,83,013 | 6,04,83,013 | 6,04,83,013* | 0 |
| മെയിന്റനൻസ്ഗ്രാന്റ്(നോൺ- | 0 | 2,71,09,711 | 2,71,09,711 | 2,71,09,711 | 0 |

| | | | | | |
|---|---|---|---|---|---|
| റോഡ്) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10,32,77,290 | 10,32,77,290 | 10,32,77,290** | 0 |
| കെ.എൽ.എസ്.ജി.ഡി.പി (കേന്ദ്രം) | 0 | 1,10,00,254 | 1,10,00,254 | 1,10,00,254 | 0 |
| കെ.എൽ.എസ്.ജി.ഡി.പി (സംസ്ഥാനം) | | 5,47,551 | 5,47,551 | 0 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിൽരഹിതവേതനം | 0 | 1,50,000 | 1,50,000 | 1,50,000 | 0 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 10,20,000 | 10,20,000 | 10,20,000 | 0 |
| നെൽക്കൃഷിക്കുള്ള ഇൻസന്റീവ് | 0 | 5,07,500 | 5,07,500 | 5,07,500 | 0 |
| ബെഗർഹോം ഗ്രാന്റ് | 0 | 7,80,000 | 7,80,000 | 7,80,000 | |
| ഓർഫനേജ് ഗ്രാന്റ് | 0 | 15,98,202 | 15,98,202 | 15,98,202 | |

* പദ്ധതിചെലവുപത്രികയിൽ **5,98,00,659 എന്ന രേഖപ്പെടുത്തിയിരിക്കുന്നു.**

**പദ്ധതിചെലവുപത്രികയിൽ **10,19,07,683 എന്ന രേഖപ്പെടുത്തിയിരിക്കുന്നു.**

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 852* | 60,06,60,835 | 606 | 30,86,51,595 | ലഭ്യമല്ല | 246 | ലഭ്യമല്ല |

* 7 പ്രോജക്ടുകളിൽ തുക വകയിരുത്തിയിരുന്നില്ല.

# 1-7 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 89,53,283 | 3,44,286 (പലിശ) | 92,97,569 | 4,49,500 | 63,78,395 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | 24,69,674 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 1,50,000 | 158 |
| കർഷകതൊഴിലാളി പെൻഷൻ | 1,65,59,600 | 1276 |
| വിധവാപെൻഷൻ | 2,40,17,110 | 2789 |
| വാർദ്ധക്യകാലപെൻഷൻ | 8,17,24,500 | 5406 |
| വികലാംഗപെൻഷൻ | 1,17,75,000 | 903 |
| 50 വയസിനുമേലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 19,03,700 | 148 |

# 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരം നഗരസഭയുടെ ക്യാഷ് ബാലൻസ് പരിശോധന എല്ലാമാസവും നടത്തി റിപ്പോർട്ട് മുഖ്യഓഫീസിലേക്ക് അയച്ചിട്ടുണ്ട്.

# 1-10 ആഭ്യന്തരനിയന്ത്രണം

നഗരസഭയിൽ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും നഗരസഭയുടെ ദൈനംദിന ഭരണനിർവ്വഹണം സുതാര്യമായി നിർവ്വഹിക്കപ്പെടുന്നതിനും ഉതകുംവിധം ഫലപ്രദമായിട്ടല്ല നഗരസഭയുടെ ആഭ്യന്തരനിയന്ത്രണ സംവിധാനം പ്രവർത്തിക്കുന്നതെന്ന് താഴെപ്പറയുന്ന നിരീക്ഷണങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

**1) <u>ബഡ്ജറ്റ് വാസ്തവികമായി തയ്യാറാക്കപ്പെടുന്നില്ല.</u>**

ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള വരവുകളുടെ മതിപ്പ് സവിസ്തരവും വാസ്തവികവുമല്ല. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള നടപ്പുവർഷത്തെ വരവിലെ വ്യതിയാനത്തെ സാധൂകരിക്കുന്ന വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും കാണുന്നില്ല. മുൻവർഷങ്ങളിൽ വരവായി പ്രതീക്ഷിച്ച് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകകൾ വരവായി വന്നില്ല. എന്നാൽ തുടർവർഷങ്ങളിലും അത് വരവായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിപ്പോരുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കണക്ക് ശീർഷകം | ഇനം | 2016-2017ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ച തുക | 2016-2017ൽ ലഭിച്ച തുക | 2017-2018 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക | 2017-2018ൽ ലഭിച്ച തുക |
|---|---|---|---|---|---|---|
| 1 | 140120300 | ഫാക്ടറികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ്. | 20,000 | 0 | 1,00,000 | 0 |
| 2 | 140200600 | റോഡുകൾ കേടാക്കിയാലുള്ള പിഴ. | 5,000 | 0 | 50,000 | 0 |
| 3 | 140500900 | പൊതുശുചീകരണ ചാർജ്ജുകൾ. | 4,26,844 | 0 | 4,90,870 | 0 |
| 4 | 150410100 | കാർഷിക യന്ത്രങ്ങളിൽ നിന്നുള്ള വാടക. | 35,000 | 0 | 37,000 | 0 |

**2) <u>അക്കൗണ്ടിംഗ് ശരിയായ രീതിയിൽ നിർവ്വഹിക്കപ്പെടുന്നില്ല.</u>**

നഗരസഭയുടെ വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യപ്പെടുന്നില്ല. ഉദാഹരണത്തിന് ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2017-2018 വർഷം യഥാർത്ഥത്തിൽ ലഭിച്ച തുകയല്ല പ്രസ്തുത വർഷത്തെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പി.എം.എ.വൈ. ഉൾപ്പെടെയുള്ള അക്കൗണ്ടുകളിലെ യഥാർത്ഥനീക്കിയിരിപ്പല്ല വാർഷിക കണക്കിൽ മിച്ചമായി കാണിച്ചിട്ടുള്ളത്. അക്കൗണ്ടുകളിലെ ബാലൻസ് പൊരുത്തപ്പെടുത്തുന്നില്ല. അക്കൗണ്ടിംഗ് ചട്ടങ്ങൾ/ അക്കൗണ്ടിംഗ് മാനുവൽ എന്നിവയിൽ നിർദ്ദേശിക്കും പ്രകാരം സമയബന്ധിതമായി അക്കൗണ്ടുകൾ തയ്യാറാക്കുന്നില്ല.

3) <u>സെക്ഷനുകളുടെ ജോലിനിർവ്വഹണം ശരിയാംവിധം മോണിട്ടർ ചെയ്യുന്നില്ല.</u>

നഗരസഭയിൽ ഓരോ സെക്ഷനും നിർവ്വഹിക്കേണ്ട ജോലികൾ കാര്യനിർവ്വഹണാധികാരികൾ കൃത്യമായി സൂപ്പർവൈസുചെയ്യുന്നില്ല. ഉദാ: ജനറൽ പർപ്പസ് ഗ്രാന്റിനുള്ള ബില്ലുകൾ യഥാസമയം തയ്യാറാക്കി ട്രഷറിയിൽ സമർപ്പിക്കാതിരുന്നതുമൂലം 5 ഗഡു ധനസഹായം നഗരസഭയ്ക്ക് നഷ്ടപ്പെടുന്ന സാഹചര്യം സംജാതമായി (ഖണ്ഡിക 2-13 കാണുക). അലോട്ട്മെന്റ് ലെറ്റർ കിട്ടിയമുറയ്ക്കു തന്നെ ഇതു സംബന്ധിച്ച മേൽനോട്ടമുണ്ടായിരുന്നെങ്കിൽ ഇത്തരം സാഹചര്യം ഒഴിവാക്കാമായിരുന്നു. പട്ടികവർഗ ഉപപദ്ധതിയിൻ കീഴിൽ ലഭിച്ച ധനസഹായം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാതിരുന്നതിനാൽ നഷ്ടമാകുകയും ചെയ്തു(ഖണ്ഡിക 2-24 കാണുക). നഗരസഭയുടെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ വിവിധ കടമുറികളുടെ വാർഷിക വാടക വർദ്ധനവ് വരുത്തുന്നതിന് സമയബന്ധിതമായി കൗൺസിൽ തീരുമാനം എടുക്കാത്തതും, കൗൺസിൽ തീരുമാനം എടുത്ത സംഗതിയിൽ അത് പ്രാവർത്തികമാക്കാത്തതുമായ ഉദാഹരണങ്ങൾ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. <u>കൗൺസിൽ മിനിട്സുകൾ മിനിട്സ്ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല.</u>

ഓരോ കൗൺസിലിന്റെയും ചർച്ചകളും, തീരുമാനങ്ങളും മിനിട്സ്ബുക്കിൽ രേഖപ്പെടുത്തി തൊട്ടടുത്ത കൗൺസിലിൽ ഹാജരാക്കേണ്ടതാണെന്ന നിർദ്ദേശം പാലിക്കപ്പെടുന്നില്ല എന്നുകാണുന്നു.

5. <u>രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.</u>

ഡെപ്പോസിറ്റ് രജിസ്റ്റർ ഉൾപ്പെടെയുള്ളവയിൽ ഓരോ ദിവസത്തെയും വിനിമയങ്ങൾ രേഖപ്പെടുത്തിപ്പോരുന്നുണ്ടെങ്കിലും അവയിൽ ദിനാന്ത്യ/മാസാന്ത്യ/വാർഷിക ക്ലോസിംഗ് നടത്തി കണക്ക് ക്രമപ്പെടുത്തുന്നില്ല. തന്മൂലം യഥാർത്ഥ വരവ്/ചെലവ്/നീക്കിയിരിപ്പ് വിശദാംശങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്നില്ല. 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 211ൽ നിർദ്ദേശിക്കുംപ്രകാരം മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള എല്ലാ സ്ഥാവരവസ്തുക്കളുടെയും വിവരം എഴുതി സൂക്ഷിക്കേണ്ട രജിസ്റ്റർ പരിപാലിക്കുന്നില്ല.

6. <u>വരവിനങ്ങളുടെ ഡിമാൻഡ് കളക്ഷൻ ബാലൻസ് പത്രികകൾ തയ്യാറാക്കുന്നില്ല.</u>

നികുതി/ നികുതിയേതരവരവുകളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തയ്യാറാക്കി സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കുന്ന നടപടി നിർവ്വഹിക്കുന്നില്ല. നഗരസഭയുടെ തനത് വരുമാനത്തിലെ മുഖ്യ ഇനമായ വസ്തുനികുതി പിരിവ് കൃത്യമാക്കുന്നതിന് വേണ്ടി ആവിഷ്കരിച്ച സഞ്ചയ സോഫ്റ്റ്‌വെയറിൽ നഗരസഭയുടെ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ നാളിതുവരെ ചേർത്തിട്ടില്ല. നിലവിൽ വസ്തുനികുതികൾ ഉൾപ്പെടെയുള്ള എല്ലാ വരവിനങ്ങളുടെയും യഥാർത്ഥത്തിൽ ലഭിക്കേണ്ടതും, ലഭിച്ചതും, ലഭിക്കാൻ ശേഷിക്കുന്നതുമായ തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധിക്കാതെ വരുന്നു. നഗരസഭയ്ക്ക് ലഭിക്കേണ്ടതായ സേവനഉപനികുതി ഈടാക്കുന്നതിന് നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുമില്ല (ഖണ്ഡിക 2-21 കാണുക).

7. <u>വൗച്ചറുകളുടെ സൂക്ഷിപ്പ്.</u>

ഓരോമാസത്തെയും വൗച്ചറുകൾ ക്രമമായി നമ്പരിട്ട് അടുക്കി വയ്ക്കുന്നില്ല. വൗച്ചറുകൾക്കൊപ്പം ബന്ധപ്പെട്ട ഉപവൗച്ചറുകൾ, ബില്ലുകൾ, രേഖകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം നഗരസഭ നടത്തിയ എല്ലാ പണമിടപാടുകളും ആധികാരികമായിട്ടാണോ നിർവ്വഹിക്കപ്പെടുന്നതെന്ന് നിർണ്ണയിക്കുന്നതിന് സാധിക്കാതെവരുന്നു.

8. <u>നിക്ഷേപപ്രവൃത്തികൾ മോണിറ്റർ ചെയ്യുന്നില്ല.</u>

വിവിധ മരാമത്ത് പ്രവൃത്തികൾ വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് വർക്കായി ചുമതലപ്പെടുത്തി നിർവ്വഹിക്കുന്നുണ്ട്. എന്നാൽ നിർവ്വഹണം സംബന്ധിച്ച് നഗരസഭ നിർവ്വഹണ ഏജൻസിയുമായി കരാർ വയ്ക്കുന്നില്ല. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ ഗുണമേന്മാ പരിശോധന നഗരസഭാ എഞ്ചിനീയർമാർ നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗം ശരിയാംവിധം നടക്കുന്നുണ്ടെന്ന് മോണിറ്റർ ചെയ്യുന്നില്ല.

**9. <u>നിയമങ്ങളും, ചട്ടങ്ങളും അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നില്ല.</u>**

ഒരു നഗരപാലികാസ്ഥാപനം എന്ന നിലയിൽ നഗരസഭ ബന്ധപ്പെട്ട നിയമങ്ങളും, ചട്ടങ്ങളും നിർദ്ദേശിക്കുന്ന അനിവാര്യനടപടികൾ പലതും പാലിക്കുന്നില്ല എന്നുകാണുന്നു. ഉദാ: വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്നില്ല, പൗരാവകാശരേഖ കാലികമായി പുതുക്കുന്നില്ല. മുനിസിപ്പാലിറ്റി വയ്ക്കുന്ന കരാറുകളിൽ മുനിസിപ്പാലിറ്റിയുടെ പൊതുമുദ്ര പതിപ്പിക്കുന്നില്ല. വിവിധ ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടതായ എസ്.എൽ.ഐ, ജി,ഐ.എസ്. പോലുള്ള വരിസംഖ്യകൾ പിടിക്കുന്നില്ല.

**10. <u>ഓഡിറ്റിന് രേഖകൾ സമയബന്ധിതമായി ലഭ്യമാക്കുന്നില്ല.</u>**

വിവരാവകാശനിയമം, സേവനാവകാശനിയമം എന്നിവയെല്ലാം ബാധകമായ അടിസ്ഥാന ഭരണസ്ഥാപനമാണ് നഗരസഭ. ഇവിടുത്തെ വാർഷിക പദ്ധതിയുമായി ബന്ധപ്പെടുന്ന രേഖകളെല്ലാം പൊതുരേഖകളുടെ ഗണത്തിൽപ്പെടുന്നതും, ഏതൊരു പൗരനും നിയമാനുസൃത പകർപ്പുകൾ ലഭ്യമാക്കുന്നതിന് അധികാരപ്പെട്ടതുമാണ്. ഇങ്ങനെയിരിക്കെയാണ് നിയമാനുസൃത ഓഡിറ്റ് ഏജൻസിക്ക് ഓഡിറ്റിനാവശ്യമായ രേഖകൾ പലതും ഹാജരാക്കാത്ത പിഴവ് നഗരസഭയിലെ കാര്യനിർവ്വഹണോദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്. സ്ഥാപനത്തിലെ ജോലിവിഭജനരേഖ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നഷ്ടത്തിന് ഉത്തരവാദികളായവരെ നിർണ്ണയിക്കുവാൻ സാധിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്നതിനും മുൻറിപ്പോർട്ടുകളിൽ തുടർനടപടികൾ കാലവിളംബം കൂടാതെ സ്വീകരിക്കുന്നതിനും വീഴ്ച സംഭവിച്ചിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2012 മുതൽ 21.01.2012 വരെ | 2010-2011 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05/05/2017 മുതൽ 22/05/2017വരെ | 2015-2016, 2016-2017 | റിപ്പോർട്ട് നമ്പർ LBA (H-Q)II/8A-2630/17-18/109 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

നഗരസഭയുടെ 2017-2018ലെ വാർഷികധനകാര്യപത്രികയിന്മേൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയതും ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ടതുമായ അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വാർഷികധനകാര്യപത്രികയിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. B-1ന്റെ ഷെഡ്യൂൾ, ട്രയൽബാലൻസ്, നോട്ട്സ് ഓൺ അക്കൗണ്ട്സ്, റേഷ്യോസ് എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
2. വസ്തുനികുതി, തൊഴിൽ നികുതി തുടങ്ങിയ പല പ്രധാനപ്പെട്ട വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും/ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനങ്ങളിൽ ലഭിച്ച തുകകളുടെയും, കിട്ടാനുള്ള തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
3. ബാലൻസ്ഷീറ്റിലെ B-7 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് തുക 5,24,50,746/-രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ദിനാന്ത്യ/ മാസാന്ത്യക്ലോസിംഗ് നടത്തിയിട്ടില്ലാത്തതിനാൽ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല.
4. ബാലൻസ്ഷീറ്റിലെ B-12 ഷെഡ്യൂൾ പ്രകാരം സ്റ്റേറ്റ് ഗവൺമെന്റ് സെക്യൂരിറ്റീസ്, ഇക്വിറ്റി ഷെയേഴ്സ് എന്നീ ഹെഡുകളിലായി ആകെ 58,73,530/-രൂപ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ഈ നിക്ഷേപങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഈയിനങ്ങളിൽ

മുനിസിപ്പാലിറ്റിക്ക് ലഭ്യമായിട്ടുള്ള പലിശ, ലാഭവിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

5. B-18 ഷെഡ്യൂളിൽ 20,605/-രൂപ ഓണം അഡ്വാൻസ് ഇനത്തിൽ (-) കാണിച്ചിട്ടുണ്ട്. ഈ തുക അധികമായി റിക്കവറി നടത്തിയ തുകയാണോ എന്നത് വ്യക്തമാകുന്നില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ B-18ൽ കാണിച്ചിട്ടുള്ള തുകയുടെ കൃത്യത നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല.
6. B-21ഷെഡ്യൂളിൽ വസ്തുനികുതി, തൊഴിൽനികുതി, വാടക എന്നീയിനങ്ങളിലായി ആകെ 46,63,693/-രൂപ എഴുതി തള്ളുന്നതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
7. വാർഷിക ധനകാര്യപത്രികയിലെ നീക്കിയിരിപ്പ് പരിശോധിച്ചതിൽ എസ്.ബി.റ്റി. കുമാരനല്ലൂർ, എസ്.ബി.റ്റി. നാട്ടകം, ടി.എസ്.ബി. (തനത്ഫണ്ട്), പഞ്ചാബ് നാഷണൽ ബാങ്ക്, എൻ.യു.എൽ.എം. എന്നിവ മൈനസ് ബാലൻസായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമായിട്ടില്ല.
8. 2017-2018 സാമ്പത്തിക വർഷം തൊഴിൽരഹിത വേതനമിനത്തിൽ ചെലവഴിച്ച തുകയുടെ കണക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടില്ല.
9. B-3 ഷെഡ്യൂൾ പ്രകാരം ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി 26,33,47,315/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ഇത് മുൻവർഷത്തെ അക്കൗണ്ടിൽ നിന്നും ക്യാരി ഫോർവേഡ് ചെയ്ത തുകയാണ്. ഏതൊക്കെ പ്രവൃത്തികൾക്ക് ഏത് ഉറവിടത്തിൽ നിന്നുമാണ് ഇത് ലഭിച്ചത് എന്ന് വ്യക്തമല്ല. ഈ തുകയുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.
10. കിട്ടാനുള്ള തുകയായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത വ്യക്തമാകുന്നില്ല. ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ കൃത്യത ഒത്തുനോക്കി പരിശോധിക്കാൻ സാധിക്കുന്നില്ല.
11. പരസ്യനികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 4,58,211/-രൂപ ഈയിനത്തിൽ കുടിശികയായി ശേഷിക്കുന്നു. B-15 ഷെഡ്യൂളിൽ കിട്ടാനുള്ള തുകയായി 4,58,211/-രൂപ കാണിക്കേണ്ടതിനു പകരം രേഖപ്പെടുത്തിയിട്ടുള്ളത് (-) 1,59,121/-രൂപയാണ്.
12. Rp-40(b), B-17 എന്നിവ പ്രകാരം EMS അക്കൗണ്ടിൽ രേഖപ്പെടുത്തിയ തുക ലോൺ തുകയാണോ എന്ന് വ്യക്തമായിട്ടില്ല. B-5 ഷെഡ്യൂളിൽ ലോൺ തുകയാണെങ്കിൽ ബാധ്യതയായി രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ധനകാര്യപത്രികപ്രകാരം ജില്ലാസഹകരണബാങ്കിലെ അക്കൗണ്ടിൽ 1.4.2017ൽ 4,89,542/-രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക 20.10.2017ൽ ബാങ്ക് ഓഫ് മഹാരാഷ്ട്രയിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തിരുന്നതായി വ്യക്തമാക്കിയിരുന്നു. എന്നാൽ യഥാർത്ഥത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തത് 4,74,828/-രൂപ മാത്രമാണ്. (വ്യത്യാസം - 14714) ഇപ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തതെങ്കിലും ധനകാര്യപത്രികയിൽ വീണ്ടും 31.3.2018ൽ ജില്ലാസഹകരണബാങ്ക് അക്കൗണ്ടിൽ 4,89,542/-രൂപ

നീക്കിയിരിപ്പുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് ഓഫ് മഹാരാഷ്ട്രയിലെ അക്കൗണ്ടിലെ 31.3.2018ലെ നീക്കിയിരിപ്പ് (₹4,62,060/-) ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. (ഖണ്ഡിക 3-14കാണുക.)

പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1. സേവന സോഫ്റ്റ്‌വെയർ മുഖാന്തിരം വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ആയത് ഉൾപ്പെടുത്തിയിട്ടില്ല.
2. ബി- ഫണ്ടിനത്തിൽ ലഭ്യമായ ഓർഫനേജ്/ ബെഗർഹോം ഗ്രാന്റ്, നെൽകൃഷിക്കുള്ള ഇൻസന്റീവ്, തൊഴിൽരഹിതവേതനം എന്നിവയും രസീത് & പേമെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിൽ രേഖപ്പെടുത്തിയിട്ടില്ല.
3. ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 3,23,01,458/-രൂപ നഗരസഭയ്ക്ക് ലഭിച്ചതായി ട്രഷറി സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 2,76,86,964/-രൂപ എന്നാണ് രസീപ്റ്റ് & പേമെന്റ് പത്രിക, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക എന്നിവയിൽ (RP-6, I-6 ഷെഡ്യൂളുകൾ) ചേർത്തിട്ടുള്ളത്. (ഖ 2-13 കാണുക)
4. അയ്യങ്കാളി നഗരതൊഴിലുറപ്പുപദ്ധതി പ്രകാരം ലഭ്യമായ തുകകളുടെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.
5. 2017-2018വർഷം ധനകാര്യപത്രിക, സാംഖ്യ എ.സി.ആർ, സുലേഖ ചെലവുപത്രിക എന്നിവയിൽ താഴെപ്പറയുന്ന ഗ്രാന്റുകൾ വ്യത്യസ്തമായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
6.

| ഫണ്ടിനം | ധനകാര്യപത്രിക പ്രകാരം | എ.സി.ആർ പ്രകാരം ചെലവ് | ചെലവുപത്രിക |
|---|---|---|---|
| മെയിന്റനൻസ്ഗ്രാന്റ് (റോഡ്) | 5,93,38,931 | 6,04,83,013 | 5,98,00,659 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 9,99,33,998 | 10,32,77,290 | 10,19,07,683 |
| വികസനഫണ്ട് (പൊതുവിഭാഗം) | 8,15,21,225 | 8,21,01,225 | 8,21,01,225 |

വ്യത്യാസം എപ്രകാരമെന്ന് വ്യക്തമാക്കിയിട്ടില്ല.

7. പി.എം.എ.വൈ പദ്ധതിയ്ക്കായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
8. നീക്കിയിരിപ്പിൽ രേഖപ്പെടുത്തിയ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ, റിക്കൺസിലിയേഷൻ പത്രികകൾ എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ നീക്കിയിരിപ്പുകളുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

ഇതിൽനിന്ന് നഗരസഭയുടെ യഥാർത്ഥ ചെലവുകണക്കല്ല വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്.

# ഭാഗം -2

# <u>വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## 2-1-1 മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ - മുനിസിപ്പൽ കൗൺസിൽ പുതുക്കി നിർണ്ണയിച്ച പ്രകാരമുള്ള വാടക ഈടാക്കിയിട്ടില്ല.

നഗരസഭയുടെ കീഴിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ വാടകയ്ക്ക് നൽകിയവർക്ക് നിലവിലെ പ്രതിമാസ വാടകയിൽ 10% വർദ്ധനവ് വരുത്തി വാടകക്കാലാവധി തുടർന്നുള്ള 2 വർഷത്തേക്ക് നീട്ടി നൽകുകയാണ് ചെയ്തുവരുന്നത്. എന്നാൽ പ്രസ്തുത നടപടിക്രമം യഥാസമയം നിർവ്വഹിക്കുകയോ, നിർവ്വഹിച്ചാൽതന്നെ അത് കാലികമാക്കുകയോ ചെയ്യുന്നില്ല എന്നാണ് കാണുന്നത്. കൗൺസിൽ തീരുമാനം പ്രകാരം വാടകക്കാരുമായി കരാർ പുതുക്കി വയ്ക്കുകയോ, പുതുക്കി നിശ്ചയിച്ച നിരക്കിൽ വാടക ഈടാക്കുകയോ ചെയ്യുന്നില്ല. മറിച്ച് വർഷങ്ങൾക്ക് മുമ്പ് പ്രാബല്യത്തിലുള്ള നിരക്കിൽതന്നെ 2017-2018 വർഷവും വാടക ഈടാക്കിപ്പോരുന്നതായിട്ടാണ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ | വാടക ക്കാരന്റെ പേര് | നിലവിലെ വാടക കാലാ വധി അവസാ നിക്കുന്ന തീയതി | ടി കാലയ ളവിൽ വരേണ്ട പ്രതി മാസ വാടക | കൗൺ സിൽ പുതുക്കി നൽകിയ വാടക കാലാ വധി | കൗൺ സിൽ തീരുമാന തീയതി | കൗൺസിൽ പുതുക്കി നിശ്ച യിച്ച പ്രതി മാസ വാടക | 2017-18 വർഷം പ്രാബല്യ ത്തിൽ വരേണ്ട യഥാർത്ഥ പ്രതി മാസ വാടക | 2017-18 വർഷം ഈടാ ക്കേണ്ട ആകെ വാടക | 2017 -18ൽ ഈടാ ക്കിയ വാടക | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | റൂം നമ്പർ 17 | എം.കെ. സുധാകരൻ | 30.11.16 | 919 | 01.12.16 – 30.11.18 | 41/ 28.04.2018 | 1011 | 1011 | 12132 | 11028 | 1104 | ഈടാക്കിയത് 12 മാസം @ 919 |
| 2 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | റൂം നമ്പർ 3 | A. K. മജീദ് | 31.03.17 | 1304 | 01.04.17 – 31.03.19 | 35/ 28.04.2018 | 1434 | 1434 | 17208 | 11736 | 5472 | ഈടാക്കിയത് 9 മാസം @ 1304 |
| 3 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | റൂം നം. 118(1) | K.N.സുദർശനൻ | 31.01.12 | 298 | 01.02.12 – 31.01.14 | 40/ 28.04.2018 | 328 | @397 upto 01/18 @437 from 02/18 | 4664 | 3576 | 1088 | ഈടാക്കിയത് 12 മാസം @ 298 |
| 4 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | സെല്ലാർ നം. 23 | ജിഷി ആന്റണി | 30.11.16 | 642 | 01.12.16 – 30.11.18 | 42/ 28.04.2018 | 706 | 706 | 8472 | 7062 | 1410 | ഈടാക്കിയത് 11 മാസം @ 642 |
| 5 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | സെല്ലാർ നം. 7എ | അജയ് ജോസഫ് | 30.06.16 | 1226 | 01.07.16 – 30.06.18 | 39/ 28.04.2018 | 1349 | 1349 | 16188 | 13486 | 2702 | ഈടാക്കിയത് 11 മാസം @ 1226 |
| 6 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | A ബ്ലോക്ക് റൂം നം. 16 | എബി കുരുവിള | 30.11.16 | 3038 | 01.12.16 – 30.11.18 | 43/ 28.04.2018 | 3342 | 3342 | 40104 | 36456 | 3648 | ഈടാക്കിയത് 12 മാസം @ 3038 |
| 7 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | A1 ബ്ലോക്ക് റൂം നം. 13/593 | A.K. മുഹമ്മദലി | 31.05.15 | 2808 | 01.06.15 – 31.05.17 | 37/ 28.04.2018 | 3089 | @ 3089 upto 05/17 @ 3398 from 06/17 | 40158 | 28080 | 12078 | ഈടാക്കിയത് 10 മാസം @ 2808 |
| 8 | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | A2 ബ്ലോക്ക് റൂം നം. 12/468 | M.അബ്ദുൾ സലാം | 31.12.16 | 3584 | 01.01.17 – 31.12.18 | 38/ 28.04.2018 | 3942 | 3942 | 47304 | 43008 | 4296 | ഈടാക്കിയത് 12 മാസം @ 3584 |
| 9 | വെജിറ്റബിൾ | A2 ബ്ലോക്ക് | K.A. നാസർ | 31.08.17 | 3465 | 01.09.17 | | 3812 | 8/17 | 44009 | 41580 | 2429 | ഈടാ |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 12/469 | | | | – 31.08.19 | 11/ 28.04.2018 | | വരെ @ 3465 9/17 മുതൽ @ 3812 | | | | ക്കിയത് 12 മാസം @ 3465 |
| 10 | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | A2 ബ്ലോക്ക് 12/475 | കുരുവിള തോമസ് | 31.12.15 | 2706 | 01.01.16 – 31.12.17 | 22/ 28.04.18 | 2977 | 12/17 വരെ @ 2977 01/18 മുതൽ @ 3275 | 36618 | 32472 | 4146 | 12 മാസം @ 2706 |
| 11 | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | C ബ്ലോക്ക് റൂം നം. 6 | C.M.വിജയ മോഹൻ | 31.08.16 | 3399 | 01.09.16 – 31.08.18 | 36/ 28.04.18 | 3739 | 3739 | 44868 | 40788 | 4080 | 12 മാസം @ 3399 |
| 12 | വെജിറ്റബിൾ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | C ബ്ലോക്ക് റൂം നം. 5 | K.P.വാസുദേവൻ | 31.07.16 | 3519 | 01.08.16 – 31.07.18 | 19/ 28.04.2018 | 3871 | 3871 | 46452 | 42228 | 4224 | 12 മാസം @ 3519 |
| 13 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 5 | K.S.ഗംഗാധരൻ | 28.02.2017 | 2818 | 01.03.17 – 28.02.19 | 16/ 28.04.2018 | 3100 | 3100 | 37200 | 33816 | 3384 | 12 മാസം @ 2818 |
| 14 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 24 | K.S .ഗംഗാധരൻ | 28.02.17 | 2817 | 01.03.17 – 28.02.19 | 20/ 28.04.18 | 3099 | 3099 | 37188 | 33804 | 3384 | 12 മാസം @ 2817 |
| 15 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 25 | K.S. ഗംഗാധരൻ | 28.02.17 | 2817 | 01.03.17 – 28.02.19 | 10/ 28.04.18 | 3099 | 3099 | 37188 | 33804 | 3384 | 12 മാസം @ 2817 |
| 16 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 27 | ജേക്കബ് മാത്യു & തോമസ് ചാക്കോ | 31.03.16 | 3064 | 01.04.16 – 31.03.18 | 14/ 28.04.18 | 3371 | 3371 | 40452 | 36768 | 3684 | 12 മാസം @ 3064 |
| 17 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 20 | M.V.സനീഷ് കുമാർ | 02.08.16 | 3241 | 03.08.16 – 02.08.18 | 09/ 28.04.18 | 3565 | 3565 | 42780 | 38892 | 3888 | 12 മാസം @ 3241 |
| 18 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 30 | അബ്ദുൾ റഹ്മാൻ | 30.04.15 | 2021 | 01.05.15 – 30.04.17 | 12/ 28.04.18 | 2223 | 04/17ൽ 2223 05/17 മുതൽ @ 2445 | 29118 | 24252 | 4866 | 12 മാസം @ 2021 |
| 19 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 2 | V.R.കുഞ്ഞു മുഹമ്മദ് | 28.02.15 | 2561 | 01.03.15 –28.02.17 | 18/ 28.04.18 | 2817 | 3099 | 37188 | 25610 | 11578 | 10 മാസം @ 2561 |
| 20 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നം. 21 | N. പരമേശ്വരൻ | 27.07.16 | 2827 | 28.07.16 – 27.07.18 | 21/ 28.04.18 | 3110 | 3110 | 37320 | 33924 | 3396 | 12 മാസം @ 2827 |
| 21 | നാഗമ്പടം | B ബ്ലോക്ക് സ്റ്റേർകേസ് | ഷെറീഫ്. പി. പി. | 30.11.16 | 1333 | 01.12.16 – 30.11.18 | 45/ 28.04.18 | 1466 | 1466 | 17592 | 15996 | 1596 | 12 മാസം |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ഷോപ്പിംഗ് കോംപ്ലക്സ് | റൂം. | ജോസ് ജോസഫ് സണ്ണി. പി. തോമസ് | | | | | | | | | | @ 1333 |
| 22 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | A ബ്ലോക്ക് IX/65A11 (3) | ഫാക്ടറീസ് & ബോയിലേഴ്സ് ഓഫീസ് | 30.09.16 | 19860 | 01.10.16 – 30.09.18 | 15/ 28.04.18 | 21846 | 21846 | 262152 | 0 | 262152 | രജിസ്റ്റർ പ്രകാരം 2017-18ൽ തുക ഒടുക്കി യിട്ടില്ല |
| 23 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | A ബ്ലോക്ക് IX/65A11 (12) | ബെന്നി സിറിയക് ജോർജ് | 12.03.17 | 5000 | 13.03.17 – 12.03.19 | 17/ 28.04.18 | 5500 | 5500 | 66000 | 60000 | 6000 | ഈടാ ക്കിയത് 12 മാസം @ 5000 |
| 24 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | A ബ്ലോക്ക് IX/65A11 (9) | ബൈജു മാത്യു | 31.03.17 | 5000 | 01.04.17 – 31.03.19 | 25/ 28.04.18 | 5500 | 5500 | 66000 | 60000 | 6000 | ഈടാ ക്കിയത് 12 മാസം @ 5000 |
| 25 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | A ബ്ലോക്ക് IX/65A11 (5) | റീജിയണൽ മാനേജർ, കൺസ്യൂമർ ഫെഡ് | 07.08.17 | 25300 | 08.08.17 – 07.08.19 | 97/ 28.04.18 | 27830 | 1.4.17 മുതൽ 07.8.17 വരെ @ 25300 8.8.17 മുതൽ @ 27830 | 323269 | 227700 | 95569 | ഈടാ ക്കിയത് 9 മാസം @ 25300 |
| 26 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | A ബ്ലോക്ക് IX/65A11 (4) | SC/ST വികസന കോർപ്പ റേഷൻ | 08.02.17 | 15180 | 09.02.17 – 08.02.19 | 98/ 28.04.18 | 16698 | 16698 | 200376 | 166980 | 33396 | ഈടാ ക്കിയത് 11 മാസം @ 15180 |
| 27 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | A ബ്ലോക്ക് IX/65A17 | ചീഫ് മാനേജർ, കെൽട്രോൺ. | 30.09.17 | 62507 | 01.10.17 – 30.09.19 | 99/ 28.04.18 | 68758 | 09/17 വരെ @ 62507 10/17 മുതൽ @ 68758 | 787590 | 750084 | 37506 | ഈടാ ക്കിയത് 12 മാസം @ 62507 |
| 28 | തിരു വാതുക്കൽ ഷോപ്പിംഗ് കോംപ്ലക്സ് | മത്സ്യ ഫെഡ് ഓഫീസ് | അസിസ്റ്റന്റ് മാനേജർ മത്സ്യഫെഡ്. | 28.02.17 | 3308 | 01.03.17 – 28.02.19 | 100/ 28.04.18 | 3639 | 3639 | 43668 | 39696 | 3972 | ഈടാ ക്കിയത് 12 മാസം @ 3308 |
| 29 | കഞ്ഞിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | മത്സ്യ ഫെഡ് ഓഫീസ് | ജില്ലാ മാനേജർ മത്സ്യഫെഡ്. | 04.03.17 | 3150 | 05.03.17 – 04.03.19 | 101/ 28.04.18 | 3465 | 3465 | 41580 | 37800 | 3780 | ഈടാ ക്കിയത് 12 മാസം @ |

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | | | | 3150 |
| ഒട്ടാകെ | | | | | | | | | | | | | | 534212 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 26/18 തീയതി 02.11.2018) 31.12.2018ൽ ലഭ്യമാക്കിയ മറുപടിയിൽ [R10.A2/29992/18 തീയതി 29.11.2018] നഗരസഭ വാടക ഒടുക്കിയ കടമുറികൾ നിയമവിരുദ്ധമായി കീഴ്‌വാടകയ്ക്കുകൊടുക്കുന്നതിനെക്കുറിച്ച് ആക്ഷേപമുണ്ടായി എന്നും ആയതുസംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ടു ലഭിക്കുന്ന മുറയ്ക്ക് തീരുമാനം എടുക്കുന്നതിനും അതുവരെ പ്രസ്തുത കരാർ പുതുക്കൽ മാറ്റി വയ്ക്കുന്നതിനും 28.10.2016ലെ കൗൺസിൽ തീരുമാനമുണ്ടായതിനെതുടർന്നാണ് പുതുക്കാത്തതെന്നും ഇതുസംബന്ധിച്ച റിപ്പോർട്ട് 23.02.2018ലെ ജനറൽ കൗൺസിലിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണെന്നും ഇതിനെതുടർന്ന് കരാർ പുതുക്കൽ ഫയലുകൾ കൗൺസിൽ മുമ്പാകെ വന്നിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്.

നഗരസഭ വാടകയ്ക്കു നൽകുന്ന കടമുറികൾ കീഴ്‌വാടകയ്ക്ക് നൽകുന്നതായുള്ള ആക്ഷേപത്തെക്കുറിച്ച് പരിശോധിച്ച് ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ ഓഫീസർക്ക് നിർദ്ദേശം നൽകിയാണ് 28.10.2016ൽ ജനറൽ കൗൺസിൽ തീരുമാനമെടുത്തത് (തീരുമാനം നം. 9) എന്നാൽ ഇതുസംബന്ധിച്ച റിപ്പോർട്ട് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ സമർപ്പിച്ചത് 13.09.2017ലും തുടർന്ന് ഇത് ജനറൽ കൗൺസിലിന്റെ പരിഗണനയ്ക്ക് എത്തിയത് 23.02.2018 ലുമാണ്. 23.02.2018ലെ ജനറൽ കൗൺസിൽ പ്രസ്തുത കടമുറികൾ 10% വർദ്ധനവിൽ പുതുക്കുന്നതിനും കടമുറികൾ നിയമാനുസൃതമായിട്ടാണ് പ്രവർത്തിക്കുന്നത് എന്നും ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനമെടുത്തിട്ടുണ്ട്. (യഥാക്രമം തീരുമാനം നമ്പർ III & VII) എന്നാൽ ആയതു പ്രകാരം നാളിതുവരെ പുതുക്കിയ നിരക്കിൽ വാടക ഈടാക്കിതുടങ്ങിയിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. ഒരു നടപടിക്രമം പ്രാവർത്തികമാക്കുന്നതിൽ നഗരസഭയുടെ ഉദ്യോഗസ്ഥഭരണവിഭാഗം പുലർത്തുന്ന അസാധാരണ കാലതാമസവും അതുമൂലം നഗരസഭാഫണ്ടിനുണ്ടാകുന്ന ചോർച്ചയും ഈ സംഗതിയിൽ നിന്നു വ്യക്തമാകുന്നുണ്ട്. ആയതിനാൽ വാടക കുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവുവയ്ക്കേണ്ടതും അല്ലാത്തപക്ഷം ആയതിന് ചുമതല കൃത്യമായി നിർവ്വഹിക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതുമാണ്.

## 2-1-2 കഞ്ഞിക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ്- കടമുറിവാടക – മുനിസിപ്പൽ കൗൺസിൽ പുനർനിർണ്ണയപ്രകാരം ഈടാക്കിയിട്ടില്ല.

1) നഗരസഭ വക കഞ്ഞിക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 16, 19, 20 നമ്പർ മുറികളിൽ ശ്രീ. മാമൻ വർഗീസ് എന്നയാൾ A&A പ്രിന്റേഴ്സ് എന്ന സ്ഥാപനം നടത്തിവരികയാണ്. (വാടക രജിസ്റ്റർ പ്രകാരം പ്രസ്തുത മുറികൾ 12, 13 എന്നു പുനർനിർണ്ണയിച്ചിട്ടുള്ളതായി കാണുന്നു.) ടി മുറികളുടെ ആകെ വിസ്തീർണ്ണം 3024 ചതുരശ്ര അടിയാണ്. ഈ മുറികളുടെ പ്രതിമാസ വാടക ചതുരശ്ര അടിക്ക് 10 രൂപ നിരക്കിൽ ആകെ 30,240/-രൂപയായി 13.12.2011ലെ ധനകാര്യസ്ഥിരംസമിതി പുനർനിർണ്ണയിച്ച് ജനറൽ കൗൺസിലിന് ശുപാർശ നൽകിയിരുന്നു. (തീരുമാനം നമ്പർ 12) 30.09.2016ൽ ചേർന്ന മുനിസിപ്പാലിറ്റിയുടെ ജനറൽ കൗൺസിൽ ധനകാര്യസ്ഥിരം സമിതിയുടെ പ്രസ്തുത ശുപാർശ അംഗീകരിക്കുകയും പ്രസ്തുത ശുപാർശ തീയതി മുതൽ (13.12.2011) പുനർനിർണ്ണയിച്ച പ്രകാരമുള്ള വാടക ഈടാക്കാൻ തീരുമാനിക്കുകയും ചെയ്തു. (30.09.2016ലെ 35 ആർ6-16315/87 നമ്പർ തീരുമാനം) ഇതുപ്രകാരം 13.12.2011 മുതൽ പ്രതിമാസം 30,240/-രൂപ നിരക്കിൽ വാടക ഈടാക്കേണ്ടതാണെങ്കിലും മുനിസിപ്പാലിറ്റി നാളിതുവരെ പ്രതിമാസം 7703/-രൂപ നിരക്കിലാണ് വാടക ഈടാക്കിയിട്ടുള്ളത്. ഈ നിരക്കാകട്ടെ 01.02.2010 മുതൽ 31.01.2012 വരെയുള്ള കാലയളവിലേക്ക് 23.04.2010ലെ ജനറൽ കൗൺസിൽ നിശ്ചയിച്ച വാടക നിരക്കാണ്. (തീരുമാനം നമ്പർ 26) ഇതിനുശേഷമാണ് മുനിസിപ്പാലിറ്റി പ്രതിമാസം 30,240/-രൂപയായി വാടക പുനർനിർണ്ണയിച്ചത്. 30.09.2016ലെ ജനറൽ കൗൺസിൽ പുനർനിർണ്ണയിച്ച പ്രകാരമുള്ള വാടക ഈടാക്കാത്തതുമൂലം 2017-2018 വർഷം മാത്രം ടി മുറികളിൽ നിന്നും മുനിസിപ്പാലിറ്റിക്ക് താഴെപ്പറയും പ്രകാരം 2,70,444/-രൂപയുടെ വാടകനഷ്ടം ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| 2017-2018 വർഷം ഈടാക്കേണ്ട വാടകത്തുക പ്രതിമാസം @ 30,240 | 362880/-രൂപ |
| | |

| | |
|---|---|
| ഈടാക്കിയ തുക പ്രതിമാസം@ 7,703 | 92,436/-രൂപ |
| വാടക നഷ്ടം | 2,70,444/-രൂപ |

2) കഞ്ചിക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 'സി' ബ്ലോക്കിൽപ്പെട്ട റൂം നമ്പർ 6 മുഹമ്മദ്ബീരാൻ, റഹ്മത്ത്നിസ എന്നിവരുടെ പേരിലാണ് അനുവദിച്ചിരുന്നത്. 01.07.2011മുതൽ 30.06.2013വരെയുള്ള രണ്ട് വർഷക്കാലത്തേക്ക് ടി മുറിക്ക് പ്രതിമാസം 2,074/-രൂപ നിരക്കിലാണ് വാടക നിശ്ചയിച്ചിരുന്നത്. 01.07.2013 മുതൽ 30.06.2015 വരെയുള്ള 2 വർഷത്തേക്ക് നിലവിലെ വാടകയിൽ 10% വർദ്ധനവ് വരുത്തി പ്രതിമാസ വാടക 2,281/- രൂപയായും 01.07.2015 മുതൽ അടുത്ത 2 വർഷത്തേക്ക് 2,509/-രൂപ പ്രതിമാസ വാടകയായി പുനർനിർണ്ണയിച്ചും വാടക ഈടാക്കേണ്ടതായിരുന്നെങ്കിലും 09/16 വരെ 2,074/-രൂപ നിരക്കിലാണ് വാടക ഈടാക്കിയത് എന്നു കാണുന്നു.

ഇതേ ബ്ലോക്കിലെ 7-ാം നമ്പർ മുറി കെ. റ്റി. ഫിലിപ്പോസ് എന്നയാൾക്കാണ് അനുവദിച്ചിരുന്നത്. 01.06.2014 മുതൽ 31.05.2016 വരെ ഈ കടമുറിക്ക് മുനിസിപ്പൽ കൗൺസിൽ നിശ്ചയിച്ച പ്രതിമാസ വാടക 3,134/- രൂപയായിരുന്നു. [30.09.2015ലെ 54-ാം നമ്പർ തീരുമാനം] 01.06.2016 മുതൽ പ്രസ്തുത മുറിയുടെ പ്രതിമാസ വാടക നിലവിലെ നിരക്കിൽ 10% വർദ്ധനവു വരുത്തി 3,447/-രൂപയായി നിജപ്പെടുത്തേണ്ടതായിരുന്നെങ്കിലും 07/16 വരെ ടിയാനിൽ നിന്നും പ്രതിമാസം 3,134/- രൂപ നിരക്കിലാണ് വാടക ഈടാക്കിയത്. 08.08.2016ലെ 36-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം റൂം നമ്പർ 7ന് നൽകിയ അനുമതി റദ്ദു ചെയ്യുകയും റൂം നമ്പർ 6, 7 എന്നിവ ഒന്നാക്കി 20% വാടക വർദ്ധനവിൽ ശ്രീ. മുഹമ്മദ്ബീരാൻ & റഹ്മത്ത്നിസ്സ എന്നിവർക്ക് അനുവദിക്കുകയും ചെയ്തു. ഇതുപ്രകാരം 08/16 മുതൽ ഈടാക്കേണ്ട പ്രതിമാസ വാടക താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| റൂം നമ്പർ 6ന്റെ പ്രതിമാസ വാടക | 2,509 |
| റൂം നമ്പർ 7ന്റെ പ്രതിമാസ വാടക | 3,447 |
| രണ്ടുമുറികളുടെ ആകെ മാസവാടക | 5,956 |
| 20% വർദ്ധനനവ് : | 1,191 |
| **ആകെ പ്രതിമാസ വാടക** | **7,147** |
| 2017-2018 വർഷം ഈടാക്കേണ്ട ആകെ വാടക പ്രതിമാസം@ 7,147 | 85,764 |
| 2017-2018 വർഷം ഈടാക്കിയ വാടക പ്രതിമാസം @ 5,415 : | 64,980 |
| വാടക നഷ്ടം : | 20,784 |

ആകെ വാടക നഷ്ടം 270444 + 20784 = 291228

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/18 തീയതി 02.11.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത തുക നിയമാനുസൃത സർവ്വീസ് ചാർജ്, പിഴപ്പലിശ, എന്നിവ സഹിതം ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവു വയ്ക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ടി തുക വാടകക്കാരിൽ നിന്നും ഈടാക്കാൻ പറ്റാത്തപക്ഷം ആയത് വാടക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്മാരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 2-2 കടമുറികളുടെ ലൈസൻസ് - കൂട്ടുകച്ചവടാടിസ്ഥാനത്തിൽ വിപുലീകരിക്കുന്നത് - മുനിസിപ്പൽ കൗൺസിൽ നിശ്ചയിച്ച നിരക്കിൽ വാടക ഈടാക്കുന്നില്ല.

മുനിസിപ്പാലിറ്റിയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്കെടുത്തവർ പിന്നീട് വേറൊരാളുമായുള്ള പാർട്ട്ണർഷിപ്പ് ഡീഡ് ഹാജരാക്കി ലൈസൻസ് അവകാശം വിപുലീകരിക്കുന്നതായി കാണുന്നു.

ഇങ്ങനെയുള്ള സന്ദർഭത്തിൽ നിലവിലെ പ്രതിമാസ വാടകയിൽ 25% വർദ്ധനവ് വരുത്തിക്കൊണ്ടും കരുതൽ നിക്ഷേപത്തിന്റെ നിരക്ക് ഉയർത്തിയും പുതുക്കിയ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ പുതുക്കിയും പാർട്ട്ണർഷിപ്പ് ഡീഡ് അംഗീകരിച്ച് ലൈസൻസ് അവകാശം വിപുലീകരിക്കുന്നതിന് അനുമതി നൽകുന്നതിനാണ് 23.02.2018ലെ മുനിസിപ്പൽ കൗൺസിൽ തീരുമാനിച്ചിട്ടുള്ളത് (തീരുമാനം നം. 53/ R6-6328/17) എന്നാൽ ഇതു പ്രകാരം ഉയർന്ന വാടകയോ, കരുതൽ നിക്ഷേപമോ സ്വീകരിച്ചിട്ടുള്ളതായി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നില്ല. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഷോപ്പിംഗ് കോംപ്ലക്സിന്റെ പേര് | റൂം നമ്പർ | യഥാർത്ഥ വാടകക്കാരൻ | പാർട്ട്ണർ ഷിപ്പ് നൽകിയ ആൾ | നിലവിലെ വാടക കാലാവധി അവസാനിക്കുന്ന തീയതി | ടി തീയതി യിലുള്ള പ്രതി മാസ വാടക | പാർട്ട്ണർ ഷിപ്പ് അംഗീകരിച്ച് പുതുക്കിയ വാടക കാലാവധി | കൗൺസിൽ തീരുമാനം നമ്പർ | ടി കാലയളവിൽ ഈടാക്കേണ്ട പ്രതി മാസ വാടക | 2017-18ൽ ഈടാക്കേണ്ട ആകെ വാടക | ഈടാക്കിയ വാടക | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | കഞ്ചിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | സെല്ലാർ നമ്പർ 30 | ഷീനാ ജേക്കബ് & കുര്യൻ ചാക്കോ | കെ.എം. വർഗീസ് & ആനി വർഗീസ് | 31.03.17 | 1003 | 01.04.17 – 31.03.19 | 24/ 28.4.18 | 1254 | 15048 | 12036 | 3012 | ഈടാക്കിയത് 12 മാസം @ 1003 |
| 2 | കഞ്ചിക്കുഴി മാർക്കറ്റ് കോംപ്ലക്സ് | സെല്ലാർ നമ്പർ 26 | മോളി കുര്യൻ | കെ.എം. വർഗീസ് & ആനി വർഗീസ് | 30.06.17 | 1090 | 01.07.17 – 30.06.19 | 23/ 28.04.18 | 1363 | 15537 | 13080 | 2457 | ഈടാക്കിയത് 12 മാസം @ 1090 |
| 3 | നാഗമ്പടം ഷോപ്പിംഗ് കോംപ്ലക്സ് | റൂം നമ്പർ 10 | മേരി ജോൺ അറുപറയിൽ | കുഞ്ഞു മുഹമ്മദ് & സഹീർ | 30.04.17 | 3877 | 01.05.17 – 30.04.19 | 46/ 28.4.18 | 4846 | 57183 | 31016 | 26167 | ഈടാക്കിയത് 8 മാസം @ 3877 |
| **ഒട്ടാകെ** | | | | | | | | | | | | **31636** | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 27/18 തീയതി 02.11.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാടകയിനത്തിൽ കുറവുവന്ന 31,636/-രൂപ വാടകക്കാരിൽ നിന്നും സർവ്വീസ് ചാർജ്, പിഴപ്പലിശ എന്നിവ സഹിതം ഈടാക്കേണ്ടതാണ്. വാടകക്കാരിൽ നിന്ന് തുക ഈടാക്കുന്നതിൽ വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആയത് കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-3 കുമാരനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ്- മാവേലിസ്റ്റോറിന് കടമുറി വാടകയ്ക്ക് നൽകിയത് - വാടക ഈടാക്കുന്നില്ല.

കുമാരനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സുകളിലെ 4 കടമുറികൾ മാവേലിസ്റ്റോർ നടത്തിപ്പിനായി വിട്ടുനൽകിയിട്ടുണ്ട്. പ്രസ്തുത മുറികളിൽ നിന്ന് വാടക ഈടാക്കുന്നില്ല എന്ന് 2017-2018ലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ വിട്ടുനൽകിയ മുറികളിൽ റൂം നമ്പർ 15ൽ നിന്നും പ്രതിമാസം 1485/-രൂപ നിരക്കിലും 14A നമ്പർ മുറിയിൽ നിന്നും പ്രതിമാസം 1547/-രൂപ നിരക്കിലും 01/2016 വരെ വാടക ഈടാക്കിയിട്ടുള്ളതായി മുൻവർഷത്തെ രജിസ്റ്റർ വ്യക്തമാക്കുന്നു. 02/2016 മുതൽ വാടക ഈടാക്കാത്തതിന്റെ കാരണം വ്യക്തമായിട്ടില്ല..

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/18 തീയതി 23.10.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത കടമുറികളിൽ നിന്നും 02/16 മുതലുള്ള വാടക, സർവ്വീസ് ചാർജ്, പിഴപ്പലിശ എന്നിവ സഹിതം തിരികെ ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ വരവുവയ്ക്കേണ്ടതാണ്. തുക ഈടാക്കുന്നതിൽ വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം ആയത് കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-4 കുമാരനല്ലൂർ ഷോപ്പിംഗ് കോംപ്ലക്സ്- കടമുറികളുടെ വാടക -വാടകക്കാലാവധി നിയമാനുസൃതം ദീർഘിപ്പിച്ചു നൽകാത്തതും വാടക വർദ്ധനവ് വരുത്താത്തതും - നഗരസഭ ഫണ്ടിന് നഷ്ടം.

നഗരസഭയുടെ കീഴിൽപ്പെടുന്ന കുമാരനല്ലൂർ സോണൽ ഓഫീസ് പരിധിയിലുള്ള മുനിസിപ്പൽ ഷോപ്പിംഗ് കോംപ്ലക്സിലെ വിവിധ കടമുറികളുടെ വാടക കാലാവധി 30.04.2017ന് അവസാനിച്ചതാണ്. മുനിസിപ്പാലിറ്റിയുടെ വിവിധ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ നിലവിൽ വാടകയ്ക്കു നൽകിയവർക്കുതന്നെ ഓരോ രണ്ടു വർഷം കൂടുമ്പോൾ നിലവിലെ പ്രതിമാസ വാടകയിൽ 10% വർദ്ധനവു വരുത്തി അനുവദിച്ചു നൽകുകയാണ് പതിവ്. എന്നാൽ കുമാരനല്ലൂർ സോണൽ ഓഫീസ് പരിധിയിൽ വരുന്ന പ്രസ്തുത കടമുറികൾക്ക് ഇപ്രകാരം വാടക വർദ്ധനവ് വരുത്തുകയോ, കൃത്യമായ കരാർ വച്ച് വാടകകാലാവധി ദീർഘിപ്പിച്ചു നൽകുകയോ ചെയ്തിട്ടില്ല. പകരം പലരും 4 വർഷം മുമ്പ് പ്രാബല്യത്തിലുള്ള വാടകതന്നെ ഇപ്പോഴും ഒടുക്കിപ്പോരുകയാണ്. ആയതിനാൽ വാടകയിനത്തിൽ മുനിസിപ്പൽഫണ്ടിന് നഷ്ടം ഉണ്ടാവുക മാത്രമല്ല, മുനിസിപ്പൽ കെട്ടിടങ്ങളിലെ കടമുറികൾ വാടകക്കാർ

അനധികൃതമായി കൈവശംവച്ചുപോരുന്ന സാഹചര്യം സംജാതമാവുകയും ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | വാടകക്കാരന്റെ പേര് | നിലവിലെ വാടക കാലാവധി അവസാനിക്കുന്ന തീയതി | നിലവിൽ വസൂലാക്കേണ്ട പ്രതിമാസ വാടക (1.5.13മുതൽ 30.5.15 വരെ പ്രാബല്യത്തിലുള്ള വാടകയിൽ 10%വർദ്ധനവ് വരുത്തിയ നിരക്ക്) | പുതുക്കി നൽകേണ്ട വാടക കാലാവധി | പുതുക്കി നിശ്ചയിക്കേണ്ട പ്രതിമാസ വാടക (നിലവിലെ വാടകനിരക്കിൽ 10% വർദ്ധനവ് വരുത്തിയാലുള്ളത്) | 2017-2018 വർഷം ഈടാക്കേണ്ട ആകെ വാടക (4/17ൽ നിലവിലെ വാടക 5/17 മുതൽ പുതുക്കിയ നിരക്ക്) | രജിസ്റ്റർ പ്രകാരം 2017-2018 വർഷം ഈടാക്കിയ ആകെ വാടക | കുറവ് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | ജയ്സൺ ബാബു | 30.04.17 | 5350 (4864 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 5855 | 69755 | 48640 | 21115 | ഈടാക്കിയത് 10 മാസം @ 4864 |
| 2 | തോമസ് ഉലഹന്നാൻ | 30.04.17 | 5024 (4567 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 5526 | 65810 | 28924 | 36886 | ഈടാക്കിയത് 7മാസം @ 4132 |
| 3 | രതീഷ്. പി.ബി. | 30.04.17 | 2466 (2242 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 2713 | 32309 | 15883 | 16426 | ഈടാക്കിയത് 7 മാസം @ 2269 |
| 4 | സുനിൽകുമാർ | 30.04.17 | 1890 (1718 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 2079 | 24759 | 9450 | 15309 | ഈടാക്കിയത് 5 മാസം @ 1890 |
| 6 | സൂരജ്. കെ. ഗോപൻ | 30.04.17 | 810 (736 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 891 | 10611 | 4572 | 6039 | ഈടാക്കിയത് 6 മാസം @ 762 |
| 7 | ജേക്കബ് ജോർജ് | 30.04.17 | 762 (693 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 838 | 9980 | 4522 | 5458 | ഈടാക്കിയത് 7 മാസം @ 646 |
| 8 | രാജേഷ് | 30.04.17 | 303 | 01.05.17 | 333 | 3966 | 2121 | 1845 | ഈടാ |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | (275 രൂപയുടെ 10% വർദ്ധനവ്) | മുതൽ 30.04.19 വരെ | | | | | ക്കിയത് 7മാസം @ 303 |
| 9 | സത്യൻ. വി. കെ. | 30.04.17 | 1290 (1173 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 1419 | 16899 | 9030 | 7869 | ഈടാക്കിയത് 7 മാസം @ 1290 |
| 10 | ജയചന്ദ്രൻ | 30.04.17 | 655 (595 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 721 | 8586 | 4760 | 3826 | ഈടാക്കിയത് 8 മാസം @ 595 |
| 11 | കൃഷ്ണകുമാർ | 30.04.17 | 629 (572 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 692 | 8241 | 2860 | 5381 | ഈടാക്കിയത് 5 മാസം @ 572 |
| 12 | എം.എം. ജയിംസ് | 30.04.17 | 1111 (1010 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 1222 | 14553 | 5555 | 8998 | ഈടാക്കിയത് 5 മാസം @ 1111 |
| 13 | പുഷ്പ എബ്രഹാം & രവീന്ദ്രൻ. പി. എൻ. | 30.04.17 | 1030 (936 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 1133 | 13493 | 4680 | 8813 | ഈടാക്കിയത് 5 മാസം @ 936 |
| 14 | ജഗദീശൻ | 30.04.17 | 895 (814 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 985 | 11730 | 4884 | 6846 | ഈടാക്കിയത് 6 മാസം @ 814 |
| 17 | നീതു ചിറ്റടിയിൽ | 30.04.17 | 534 (485 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 587 | 6991 | 3395 | 3596 | ഈടാക്കിയത് 7 മാസം @ 485 |
| 18 | പ്രീതി കുറുങ്ങൂർ | 30.04.17 | 866 (787 രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 953 | 11349 | 3935 | 7414 | ഈടാക്കിയത് 5 മാസം |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | @ 787 |
| 19 | രമണി നാരായണൻ | 30.04.17 | 786 (715രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 865 | 10301 | 7074 | 3227 | ഈടാക്കിയത് 9 മാസം @ 786 |
| 20 | ബീന സജീവ് | 30.04.17 | 1099 (999രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 1209 | 14398 | 4995 | 9403 | ഈടാക്കിയത് 5 മാസം @ 999 |
| 24 | സുധീഷ്കുമാർ, കുടാരത്തിൽ | 30.04.17 | 1375 (1250രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 1513 | 18018 | 13750 | 4268 | ഈടാക്കിയത് 10 മാസം @ 1375 |
| 26 | വിനോദ്, അപ്പോഴിൽ | 30.04.17 | 2750 (2500രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 3025 | 36025 | 22000 | 14025 | ഈടാക്കിയത് 8 മാസം @ 2750 |
| 27 | പുഷ്പലത, ശ്രീനിലയം | 30.04.17 | 4000 (3636രൂപയുടെ 10% വർദ്ധനവ്) | 01.05.17 മുതൽ 30.04.19 വരെ | 4400 | 52400 | 4000 | 48400 | ഈടാക്കിയത് 1 മാസം @ 4000 |
| | ആകെ | | | | | | | 235144 | |

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 22/18 തീയതി 23.10.2018) മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത വാടക നിയമാനുസൃത സർവ്വീസ് ചാർജ്, പിഴപ്പലിശ എന്നിവ സഹിതം ഈടാക്കി മുൻസിപ്പൽ ഫണ്ടിൽ വരവുവയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 കോടിമതയിൽ കെ.എസ്.ആർ.ടി.സി. യ്ക്ക് താൽക്കാലികമായി സ്ഥലം അനുവദിച്ചത് - വാടക ഈടാക്കിയില്ല

കോടിമതയിലെ മുനിസിപ്പാലിറ്റി വക സ്ഥലം കെ.എസ്.ആർ.ടി.സി.യ്ക്ക് ഗാരേജായി താൽക്കാലികമായി 01.04.2015 മുതൽ 31.03.2017 വരെ 2 വർഷക്കാലം സൗജന്യമായി അനുവദിക്കുന്നതിനും, 2 വർഷത്തിനുശേഷം ഉചിതമായ വാടക നിശ്ചയിക്കുന്നതിനും കൗൺസിൽ തീരുമാനിച്ചിരുന്നു. 01.04.2017 മുതൽ ടി സ്ഥലം ഉപയോഗിക്കുന്നതിന് വാടക ഈടാക്കുന്നതു സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. അധികൃതരുമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് ചെയർപേഴ്സണെ ചുമതലപ്പെടുത്തി 22.05.2017ൽ കൗൺസിൽ തീരുമാനം എടുത്തു. (തീരുമാനം നമ്പർ 35). ആയത് പ്രകാരം വാടക നിശ്ചയിച്ചതിന്റെയും, വാടക ഈടാക്കിയതിന്റെയും വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.37/24.11.2018)

ലഭ്യമാക്കിയ എ2-848/19 തീയതി 15.2.2019 നമ്പർ മറുപടിയിൽ ഗാരേജ് പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ എഗ്രിമെന്റ് പുതുക്കുന്നതിനും വാടക നിശ്ചയിക്കുന്നതിനും കെ.എസ്.ആർ.ടി.സി 3.8.2017ൽ ജി1-907/17 നമ്പരായി അപേക്ഷ സമർപ്പിച്ചതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ടി അപേക്ഷയിൽ നാളിതുവരെ യാതൊരു തീരുമാനവും നഗരസഭ എടുത്തിട്ടില്ല. ആയതിനാൽ ടി വിഷയത്തിന്മേൽ അടിയന്തിരമായി തീരുമാനം കൈക്കൊണ്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-6 വസ്തുനികുതി - കെട്ടിടങ്ങളുടെ ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ നാളിതുവരെ പൂർത്തിയായിട്ടില്ല

നഗരസഭയിൽ ആകെ 52 വാർഡുകൾ നിലവിലുണ്ട്. ഇതിൽ 45 വാർഡുകളിലെ വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. വസ്തുനികുതി പിരിവിന് ഓൺലൈൻ സംവിധാനം നിലവിലില്ല. വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തീകരിച്ച് നികുതിപിരിവ് ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ നഗരസഭ സ്വീകരിച്ചുവരുന്നു. ഓൺലൈൻ നടപടികൾ നാളിതുവരെ പൂർത്തീകരിയ്ക്കാത്തതിനാൽ വസ്തുനികുതിയിനത്തിൽ ഡിമാന്റ് ചെയ്യിരിക്കുന്ന തുക യഥാർത്ഥ തുകയെക്കാൾ വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

2011 മുതൽ ആരംഭിച്ച നികുതിക്രമത്തിലെ വിവരങ്ങളുടെ ഡേറ്റാ എൻട്രി (ഫോറം 6) ആരംഭിച്ചിട്ടുണ്ട്. വിവരശേഖരണം പൂർത്തീകരിച്ചിട്ടുള്ളവ ഡേറ്റാ എൻട്രി ചെയ്യ് വരുന്നു. നഗരസഭയോടു കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളായ നാട്ടകം, കുമാരനല്ലൂർ മേഖലകളിലെ 28 വാർഡുകളിലെ ഡേറ്റാ എൻട്രിയാണ് ഇനി പൂർത്തീകരിയ്ക്കുവാനുള്ളത്. ഓൺലൈൻ സംവിധാനം പൂർത്തീകരിയ്ക്കാത്തതിനാൽ കെട്ടിടങ്ങളുടെ വിശദാംശങ്ങൾ പരിശോധിയ്ക്കുവാൻ കഴിയുന്നില്ല. ആയതിനാൽ നഗരസഭയിലെ എല്ലാ കെട്ടിടങ്ങളുടെയും ഫോറം 6 സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കുന്ന നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

# 2-7 കുമാരനല്ലൂർ മേഖലാ ഓഫീസിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം-അപാകതകൾ

കുമാരനല്ലൂർ മേഖലാ ഓഫീസിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

**I)വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തുന്നതിനു പകരം പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തിയിരിയ്ക്കുന്നു.**

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | നിരീക്ഷണം |
|---|---|---|---|
| XII | 1585 | പി.എച്ച്.ബാബു അൻസാരി, പാറയിൽ, തെള്ളകം പി.ഒ | അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 7.56 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള സെക്യൂരിറ്റി മുറിയായി ഉപയോഗിയ്ക്കുന്ന ടി മുറിയ്ക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തുന്നതിനു പകരം പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ 12/-രൂപ നിരക്കിലാണ് വസ്തുനികുതി ചുമത്തിയിരിയ്ക്കുന്നത് .<br>ഈടാക്കിയ നികുതി = 91(B.T) + 18(L/C)=110 രൂപ.<br>ഈടാക്കേണ്ടിയിരുന്ന നികുതി (@ 60)= 7.56 x 60 = 454 (B.T) + 91(റോഡിന്റെ തരത്തിൽ 20 % വർദ്ധനവ് ) + 27 (L/C) = 572 രൂപ. |

II)വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ്

| | | | |
|---|---|---|---|
| XII (VI) | 266 F (14 F) | ജോയിന എം. കരോട്ട്, ലൈസാമ്മ ജോയി &മെൽവിൻ ജോയി കരോട്ട് കുന്നേൽ വടവാളൂർ കോട്ടയം | 454.50 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടമായി 23.05.2017ൽ നികുതി നിർണ്ണയിച്ചിട്ടുള്ള (@90/-)കെട്ടിടത്തിന്റെ വസ്തു നികുതിയിനത്തിൽ ഈടാക്കേണ്ട തുക 40905(B.T) + 8181(റോഡിന്റെ തരത്തിൽ വർദ്ധനവ് 20%) +6136 (തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ 15%വർദ്ധനവ്) =55222 + 2761 (L/C) =57983/- രൂപയാണ്. എന്നാൽ ഈടാക്കിയത് 49700+2485(L/C)=52185/- രൂപയാണ്. വസ്തുനികുതിയിനത്തിൽ 5522/-രൂപയും ലൈബ്രറി സെസ്സിൽ 276/-രൂപയും ഉൾപ്പെടെ 5798/-രൂപ കുറവായി നികുതി നിർണ്ണയിച്ചിരിയ്ക്കുന്നു. |
| XII (VI) | 122 C (58 A1) | സുശീലാ ജോയ് & രോഹൻ ജോയ് എ്െപ്പ് പുകിടിയിൽ എസ്.എച്ച് മൗണ്ട് പി.ഒ കോട്ടയം | 301.90 ചതുരശ്രമീറ്റർ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിയ്ക്കുന്ന ടി കെട്ടിടത്തിന് ചതുരശ്ര മീറ്ററിന് 90 രൂപ നിരക്കിൽ 27171(B.T) - 2717(മേൽക്കൂരയിനത്തിൽ 10% ഇളവ്)+5434 (റോഡിന്റെ തരത്തിൽ 20% വർദ്ധനവ്) =29888 +1494 (L/C) = 31382/-രൂപയാണ് വസ്തു നികുതിയിനത്തിൽ ഈടാക്കേണ്ടത്. എന്നാൽ 26900 (B.T) + 1345 (L/C) =28245/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. 3137/-രൂപ കുറവായി ഈടാക്കിയതായി കാണുന്നു. |

മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾ സംബന്ധിച്ച് കൂടുതൽ വിശദീകരണങ്ങൾ/ രേഖകൾ ഹാജരാക്കാനുള്ള പക്ഷം ആയത് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.19/11.10.2018) മറുപടി ലഭിച്ചില്ല. ആയതിനാൽ മേല്പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 2-8 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തുന്നതിനു പകരം

# പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തിയിരിയ്ക്കുന്നു

നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 4-ാംവാർഡിലെ ശ്രീ.ഫിലിപ്പ് തോമസ്, കേളച്ചന്ദ്ര, ചിങ്ങവനം, നാട്ടകം എന്നയാളുടെ ഉടമസ്ഥതയിലുള്ള 750 C (39/ 977A) നമ്പർ കെട്ടിടത്തിന്റെ വസ്തുനികുതി തെറ്റായ രീതിയിൽ നിർണ്ണയിച്ചതിനാൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു.

രണ്ട് നിലകളിലായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ആകെ തറവിസ്തീർണ്ണം 226.07 ച.മീ. ആണ്. കെട്ടിടത്തിന്റെ താഴത്തെ നില (111.18ച.മീ.) ഗാരേജ്, സ്റ്റോർ എന്നീ ഉപയോഗങ്ങൾക്കായും, ഒന്നാം നില (114.89ച.മീ.) പാർപ്പിടാവശ്യത്തിനായും ഉപയോഗിയ്ക്കുന്നതായി അസ്സസ്സ്മെന്റ് രജിസ്റ്റർ, അസ്സസ്സ്മെന്റ് ഫയൽ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ താഴത്തെ നിലയ്ക്ക് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിലും മുകളിലത്തെ നിലയ്ക്ക് പാർപ്പിടാവശ്യമുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിലും വസ്തു നികുതി നിർണ്ണയിയ്ക്കേണ്ടതിനു പകരം താഴത്തെയും മുകളിലത്തെയും നിലകൾക്ക് പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ, ചതുരശ്രമീറ്ററിന് 12/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു. ഇത് ക്രമപ്രകാരമല്ല. കേരള സർക്കാരിന്റെ സ.ഉ(അ) നമ്പർ 17/2011/തസ്വഭവ തീയതി 14.01.2011, സ.ഉ(അ) നമ്പർ 18/2011/തസ്വഭവ തീയതി 14.01.2011 നമ്പർ ഉത്തരവുകളും 17.03.2011, 15.03.2013 തീയതികളിലെ സ.ഉ(അ) നം. 100/2013/തസ്വഭവ കേരള ഗസറ്റ് വിജ്ഞാപനങ്ങൾ അനുസരിച്ചും കോട്ടയം നഗരസഭാ കൗൺസിലിന്റെ 30.09.2011ലെ 1, 11, 22.02.2014 ലെ 1-ാം നമ്പർ തീരുമാനങ്ങൾ പ്രകാരം നിശ്ചയിച്ച നികുതി ഘടന പ്രകാരം 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 90/-രൂപ നിരക്കിലാണ് വസ്തുനികുതി ഏർപ്പെടുത്തിയിരിയ്ക്കുന്നത്. ആയത് പ്രകാരം വാണിജ്യാവശ്യത്തിനുള്ള താഴത്തെ നിലയ്ക്ക് 111.18 x 90= 10006/-രൂപയും പാർപ്പിടാവശ്യമുള്ള ഒന്നാം നിലയ്ക്ക് 114.89x12= 1378.68രൂപയും ഉൾപ്പെടെ ആകെ 11385/-രൂപയാണ് വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ടത്. എന്നാൽ ടി കെട്ടിട ഉടമയിൽ നിന്നും 3419/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത് (B.T-3256 + L/C–163). തൽഫലമായി 7966/-രൂപയുടെ നഷ്ടം നഗരസഭയ്ക്ക് നേരിട്ടിട്ടുണ്ട്.

ആയതിനാൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരമറിയിയ്ക്കേണ്ടതാണ്.

# 2-9 ജമമാറ്റം- പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

നഗരസഭയിലെ IX -ാം വാർഡിലെ 332 മുതൽ 365 വരെ നമ്പരിലുള്ള കെട്ടിടങ്ങൾ വിവിധ കക്ഷികളുടെ പേരിലുള്ളതായിരുന്നു. ഈ കെട്ടിടങ്ങൾ ഉൾപ്പെടുന്ന വസ്തുവും ചമയങ്ങളും മെഡികെയർ ഹോസ്പിറ്റൽ എന്ന സ്ഥാപനം തീറു വാങ്ങി. ടി കെട്ടിടത്തിന്റെ ജമമാറ്റം നടത്താൻ നഗരസഭ ധനകാര്യസ്ഥിരം സമിതി അനുമതി നൽകിയിരുന്നു. (30.03.17ലെ ധനകാര്യ സ്ഥിരംസമിതിയുടെ തീരുമാനം നം.16) ടി സ്ഥാപനത്തിൽ നിന്നും വാണിജ്യ/ ആശുപത്രി കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ഈടാക്കി മുനിസിപ്പൽ ഫണ്ടിൽ ഒടുക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 29.11.2018 ൽ നൽകിയ 44-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ ടി കെട്ടിടത്തിന്റെ ജമമാറ്റം നടത്തി വാണിജ്യ/ ആശുപത്രി കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# 2-10 കെട്ടിടത്തിലെ മുറികൾ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചത് -വിശദാംശങ്ങൾ ലഭ്യമല്ല.

ശ്രീ.ടിറ്റൻ തോമസ് കേളചന്ദ്ര എന്നയാളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന I/753, I/754 എന്നീ നമ്പരിലുള്ള കെട്ടിടങ്ങൾക്ക് നിർണ്ണയിച്ച വസ്തുനികുതി 20,019/-രൂപ ആയിരുന്നു. ടിയാന്റെ അപേക്ഷ പ്രകാരം ടി കെട്ടിടങ്ങളുടെ വസ്തുനികുതി വിഭജിച്ച് പഴയ കെട്ടിടങ്ങൾക്ക് അതേനിരക്കിൽ നികുതി നിലനിർത്തുകയും, അധികമായി വന്ന 263.54ച.മീ. ഏരിയയക്ക് 1/753എ എന്ന നമ്പർ നൽകുകയും ഇതിന്റെ നികുതി 14,758/-രൂപയായി നിർണ്ണയിക്കുന്നതിന് (2014-2015 ഒന്നാം അർദ്ധ വർഷം പ്രാബല്യത്തിൽ) റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തു. (30.03.2017 ലെ 24-ാം നമ്പർ തീരുമാനം). ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ചതു സംബന്ധിച്ച ഫയൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. ടി കെട്ടിടങ്ങളിൽ നിന്നും ആകെ നികുതി 34,777/-രൂപ [20019 + 14758] 2014-2015 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.45/29.11.18) മറുപടി ലഭിച്ചില്ല. ആയതിനാൽ ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-11 അനധികൃത നിർമ്മാണം ക്രമവൽക്കരിച്ചിട്ടില്ല

നഗരസഭയുടെ 17-ാം വാർഡിൽ ജോയിമാളിന്റെ 5-ാം നില അനധികൃത നിർമ്മാണമാണെന്ന് അസസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (നം.XVII/387 Z6(UA)). 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 242-ാം വകുപ്പ്പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനികൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 233(2) വകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചുമാറ്റുന്ന തീയതിവരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിയ്ക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി ഒടുക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശത്തിന് അനുസൃതമായി ടി കെട്ടിടം ക്രമവവൽക്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങളും, ഈടാക്കിയ ഫീസ്/ വസ്തുനികുതി വിശദാംശങ്ങളും ഫയൽ സഹിതം അടിയന്തിരമായി ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നമ്പർ 46/29.11.18) മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ആയതിനാൽ ടി കെട്ടിടം നാളിതുവരെ ക്രമവൽക്കരിച്ചിട്ടില്ലാത്തപക്ഷം മേൽവകുപ്പ്പ്രകാരം തുടർനടപടികൾ സ്വീകരിയ്ക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-12-1 പരസ്യ നികുതി - കരാറുകാരൻ 4,58,211/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു.

നാട്ടകം, കുമാരനല്ലൂർ സോണൽ ഓഫീസ് പരിധിയിൽ വരുന്നവ ഉൾപ്പെടെയുള്ള നഗരസഭാ പ്രദേശങ്ങളിൽ 2017-2018 വർഷത്തിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളുടെ നികുതി പിരിക്കുന്നതിന് 18,32,846/-രൂപയ്ക്ക് ലേലംകൊണ്ടത് ശ്രീ.പ്രഭുരാഘവൻ, വലിയപറമ്പിൽ, പാക്കിൽ എന്നയാളായിരുന്നു. എന്നാൽ ഈയിനത്തിൽ ആകെ 13,74,635/-രൂപ മാത്രമാണ് ടിയാൻ നാളിതുവരെ അടവാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തീയതി | തുക |
|---|---|---|
| 1160111328 | 9.3.2017 | 906423/- |
| 1160111328 | 9.3.2017 | 1,37,463/-(സേവനനികുതി) |
| 11601400390 | 14.3.2017 | 5000/- |
| 11601400391 | 14.3.2017 | 5000/- |
| | | |

| | | | |
|---|---|---|---|
| 117010500753 | | 10.10.2017 | 4,58,212/- |
| ,, | | ,, | 82478/-(സേവനനികുതി) |
| ,, | | ,, | 18328( പിഴപ്പലിശ) |
| ഒടുക്കിയത് | ലേലത്തുക | | 13,74,635 |
| | സേവനനികുതി | | 2,19,941 |
| | പിഴപ്പലിശ | | 18,328 |
| | ആകെ | | 16,12,904 |

2017-2018ലെ പൊതുലേലം സംബന്ധിച്ച് കൗൺസിൽ അംഗീകരിച്ച വ്യവസ്ഥകൾ പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ അന്നേദിവസംതന്നെ മുഴുവൻ തുകയ്ക്കുള്ള ബാങ്ക് ഗാരന്റിയോ, സോൾവൻസി സർട്ടിഫിക്കറ്റോ ഹാജരാക്കേണ്ടതാണ്. ടിയാൻ ഹാജരാക്കിയ ബാങ്ക് ഗാരന്റി/ സോൾവൻസി സർട്ടിഫിക്കറ്റിന്റെയും കുത്തകക്കാരുമായി മുനിസിപ്പാലിറ്റി വച്ച കരാറിന്റെയും അവശേഷിക്കുന്ന 4,58,211/-രൂപ പിഴപ്പലിശ സഹിതം അടവാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് 15/22.9.2018 നമ്പർ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയാൻ നഗരസഭയിൽ പരസ്യനികുതിയിനത്തിൽ ഒടുക്കുവാൻ അവശേഷിക്കുന്ന തുക പൂർണ്ണമായി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-12-2 പരസ്യബോർഡ് സ്ഥാപിക്കൽ - തറവാടക ഈടാക്കിയിട്ടില്ല

നഗരസഭ വക തിരുനക്കര ബസ്സ്റ്റാൻറ് കോംപ്ലക്സ്, കഞ്ഞിക്കുഴി ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിൽ പരസ്യബോർഡ് സ്ഥാപിക്കാൻ ശ്രീ. തമ്പാൻതോമസിന് 22.02.2001ൽ കൗൺസിൽ 8-ാം നമ്പരായി അനുമതി നൽകി. ആയതിന് സ്ക്വയർ ഫീറ്റിന് 20/-രൂപ നിരക്കിൽ തറവാടക നിശ്ചയിച്ചു. (13.04.2015ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം) എന്നാൽ 20.12.2016ലെ ജനറൽ കൗൺസിൽ തമ്പാൻതോമസിനു നൽകിയ അനുമതി റദ്ദാക്കി. എന്നാൽ ഇതുമൂലമുണ്ടാകുന്ന നിയമപ്രശ്നം ചൂണ്ടിക്കാട്ടി പ്രസ്തുത അനുമതി നിലനിർത്താൻ കൗൺസിലിന് കരാറുകാരൻ അപേക്ഷ നൽകി. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി സ്ക്വയർ ഫീറ്റിന് 20/-രൂപ നിശ്ചയിച്ച് വീണ്ടും തീരുമാനമെടുത്തു. (22.06.2017ലെ 2-ാം നമ്പർ തീരുമാനം). ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനം ജനറൽ കൗൺസിൽ അംഗീകരിച്ചോ എന്നും 2001 മുതൽ ഈ നിരക്കിൽ വാടക ഈടാക്കിയിട്ടുണ്ടോ എന്നും, കൗൺസിൽ വാടക നിജപ്പെടുത്തി അനുമതി നൽകുന്നതിന് മുമ്പ് ടിയാൻ പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്കായി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് 29.11.2018 ൽ നൽകിയ 50-ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭിച്ചില്ല. ആയതിനാൽ തറ വാടക ഈടാക്കിയതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-13 ജനറൽ പർപ്പസ് ഗ്രാന്റ് - 2017-2018-സഞ്ചിതനിധിയിൽനിന്ന് നഗരസഭയുടെ അക്കൗണ്ടിലേയ്ക്ക് യഥാസമയം ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തില്ല

ഫയൽ നമ്പർ- എ2-17573/04 വാല്യം-2

നഗരസഭയ്ക്ക് ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ 2017-2018 വർഷം ആകെ 5,53,74,000/-രൂപ (4614494 x 11 + 4614566) അനുവദിച്ചിരുന്നുവെങ്കിലും ആകെ 3,23,01,458/-രൂപ (4614494 x 7) മാത്രമാണ് ട്രഷറി അക്കൗണ്ടിൽ ക്രെഡിറ്റുചെയ്തത്. നഗരസഭയുടെ ധനകാര്യപത്രികയിലാകട്ടെ 2,76,86,964/-രൂപ എന്നാണ് 2017-2018 വർഷത്തെ

വരവായി രേഖപ്പെടുത്തിയിട്ടുള്ളത്. 7-ാമത്തെ ഗഡു അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് ട്രഷറിയിൽ ബിൽ സമർപ്പിക്കാതിരുന്നതിനാലും 9,10,11,12 ഗഡുക്കൾ നിക്ഷേപിക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിക്കാതെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതിനാലുമാണ് ഇപ്രകാരം സംഭവിച്ചത്. തുടർന്ന് 2018-2019ൽ നഗരസഭയുടെ (കൗൺസിൽ തീരുമാനം നമ്പർ- 42/7.9.2018) അപേക്ഷയുടെ അടിസ്ഥാനത്തിൽ സ.ഉ (സാധാ.) നമ്പർ 8973/2018/ ധനം/31.10.2018 പ്രകാരമാണ് സർക്കാർ ബാലൻസ് തുക 2,30,72,542/-രൂപ അനുവദിച്ചത് (സ.ഉ (സാധാ.) 3065/2018/ധന/31.03.2018 പ്രകാരം റവന്യൂ കളക്ഷൻ ബോണസ് തുല്യമായി വീതിച്ച ഇനത്തിൽ 703797/-രൂപ ഉൾപ്പെടെ ആകെ 2,37,76,339/-രൂപയാണ് അനുവദിച്ചത്.) ജനറൽ പർപ്പസ് ഗ്രാന്റിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുക യഥാസമയം നേടിയെടുക്കാതിരുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഗ്രാന്റിന്റെ 12ഗഡുക്കളും സമയബന്ധിതമായി നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തിയെങ്കിലും പ്രസ്തുത ഗഡുക്കളിൽ നിന്ന് കുറവുചെയ്ത് ട്രാൻസ്ഫർ ക്രെഡിറ്റുചെയ്യണമെന്ന് സർക്കാർ നിർദ്ദേശിച്ച തദ്ദേശ സ്വയംഭരണവകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പളത്തുക 1418268/-രൂപ വീതം 12ഗഡുക്കളും ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | തുക | തുക ട്രാൻസ്ഫർ ചെയ്ത തീയതി |
|---|---|---|---|---|
| 1 | 64-8/17 | 2765020/08.08.17 | 14,18,268/- | 24.08.2017 |
| 2 | 65-8/17 | 2765021/08.08.17 | 14,18,268/- | 24.08.2017 |
| 3 | 66-8/17 | 2765022/08.08.17 | 14,18,268/- | 24.08.2017 |
| 4 | 67-8/17 | 2765023/08.08.17 | 14,18,268/- | 24.08.2017 |
| 5 | 75-9/17 | 275036/18.09.17 | 14,18,268/- | 04.10.2017 |
| 6 | 76-9/17 | 2765037/18.09.17 | 14,18,268/- | 04.10.2017 |
| 7 | 84-11/17 | 2765055/13.11.17 | 14,18,268/- | 29.11.2017 |
| 8 | 106-12/17 | 2765071/18.12.17 | 14,18,268/- | 05.02.2018 |
| 9 | 98-3/18 | 2353728/13.03.18 | 28,36,536/- | 21.03.2018 |
| 10 | 198-3/18 | 2353732/27.03.18 | 28,36,536/- | 31.03.2018 |

ഗ്രാന്റ് തുകയായി മുനിസിപ്പാലിറ്റിയുടെ അക്കൗണ്ടിൽ 7 ഗഡുക്കൾ മാത്രം വരവുവയ്ക്കവെ എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ ശമ്പളമിനത്തിൽ 12 ഗഡുക്കളും ട്രാൻസ്ഫർ ചെയ്തത് എപ്രകാരമാണെന്ന് വ്യക്തമല്ല. ഇതുകൂടാതെ 31.10.2018ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ശമ്പളം വീണ്ടും ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തിട്ടുണ്ടോയെന്നതും വ്യക്തമാക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിയുടെ കണക്കനുസരിച്ച് 04/17 മുതൽ 02/18 വരെയുള്ള 11 മാസക്കാലയളവിൽ എഞ്ചിനീയറിംഗ് സ്റ്റാഫിന്റെ ശമ്പളമിനത്തിൽ ആകെ ചെലവായത് 87,57,470/- രൂപ മാത്രമായിരിക്കെ മുനിസിപ്പാലിറ്റി ഈയിനത്തിൽ ട്രാൻസ്ഫർ ചെയ്തത് 1,56,00,948/-രൂപയാണ്. (14,18,268x 11) അതായത് യഥാർത്ഥത്തിലുള്ള

ചെലവിനേക്കാൾ 68,43,478/-രൂപ അധികമായി ട്രാൻസ്ഫർ ചെയ്തു. ടി തുക മുനിസിപ്പാലിറ്റിയുടെ പൊതു ആവശ്യഗ്രാന്റിനത്തിലേക്ക് തിരികെ ലഭ്യമാക്കിയിട്ടുള്ളതിന്റെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇതുകൂടാതെ, സംസ്ഥാനത്തൊട്ടാകെയുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽ മിച്ചം കിട്ടുന്ന തുക തിരിച്ചെടുക്കാൻ സർക്കാർ ഉത്തരവിട്ടിരുന്നു. ഇതിനെതുടർന്ന് 1,41,60,628/- രൂപ കോട്ടയം നഗരസഭയുടെ ജനറൽ പർപ്പസ് ഗ്രാന്റിനായുള്ള ടി.എസ്.ബി. അക്കൗണ്ടിൽ നിന്നും 29.03.2018ന് സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. ഇപ്രകാരം തിരിച്ചെടുത്ത തുക പ്രസ്തുത സ്ഥാപനങ്ങളുടെ ആവശ്യം വ്യക്തമാക്കിയുള്ള അപേക്ഷയിന്മേൽ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതു പ്രകാരം പ്രസ്തുത തുക മുനിസിപ്പാലിറ്റിക്ക് തിരികെകിട്ടാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾകൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ 65/15.1.2019 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ പ്രസ്തുത വിഷയത്തിലേയ്ക്ക് ക്ഷണിക്കുന്നു.

# 2-14 മാമ്മൻ മാപ്പിള ഹാളിന്റെ നടത്തിപ്പ്- കരാർ പുതുക്കിയിട്ടില്ല

നഗരസഭവക മാമ്മൻ മാപ്പിള ഹാളിന്റെ നടത്തിപ്പ് സംബന്ധിച്ച് കോട്ടയം നഗരസഭയും, കെ.സി. മാമ്മൻമാപ്പിള ട്രസ്റ്റും 2013 ഒക്ടോബർ മാസം മൂന്നാം തീയതി ഒപ്പുവച്ച കരാർ പ്രകാരം ഹാളിന്റെ ദൈനംദിന അറ്റകുറ്റപ്പണികളും, ശുചീകരണപ്രവർത്തനങ്ങളും ട്രസ്റ്റ് നടത്തേണ്ടതും ആയതിനായി 2013 ഏപ്രിൽ മാസം മുതൽ പ്രതിമാസം 50,000/- രൂപ നഗരസഭ ട്രസ്റ്റിന് സൂപ്പർവിഷൻ ചാർജ്ജായി നൽകേണ്ടതുമാണ്. 26.10.2011 മുതൽ 25.10.2016 വരെയുണ്ടായിരുന്ന പ്രസ്തുത കരാറിന് സർക്കാർ അംഗീകാരം ലഭിക്കാതിരുന്നതിനാൽ 25.10.2016ന് ശേഷം കരാർ പുതുക്കിയിട്ടുമില്ല. എങ്കിലും നിലവിൽ ഹാളിന്റെ നടത്തിപ്പ് ചുമതല ട്രസ്റ്റ് തന്നെ നിർവ്വഹിയ്ക്കുന്നതായാണ് വ്യക്തമാകുന്നത്. ട്രസ്റ്റ് 01.01.2016 മുതൽ 25.10.2016 വരെയുള്ള വരവ് ചെലവ് കണക്കുകൾ നഗരസഭയിൽ ഹാജരാക്കിയതിന് ശേഷം പിന്നീട് വരവ് ചെലവ് കണക്കുകൾ നഗരസഭയിൽ നൽകുന്നില്ല എന്നും 24.02.2016ൽ 2,50,000/-രൂപ ക്ലീനിംഗ് ചാർജ്ജിനത്തിൽ ട്രസ്റ്റിന് നഗരസഭ നൽകിയതിന് ശേഷം പേയ്മെന്റുകൾ ഒന്നും നടത്തിയിട്ടില്ല എന്നും ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഹാളിന്റെ കറണ്ട് ചാർജ്ജ് ഒടുക്കുന്നത് നഗരസഭയാണ്.

2017-2018 വർഷം ഹാളിന്റെ വാടകയിനത്തിൽ ലഭിക്കുന്ന തുകയുടെ ഡി.സി.ബി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 30.09.2013ലെ 3-ാം നമ്പർ കൗൺസിൽ തീരുമാനം പ്രകാരം 01.01.2014ൽ പ്രാബല്യത്തിൽ വന്ന നിരക്കാണ് ഇപ്പോഴും ഹാളിന്റെ വാടകയിനത്തിൽ ഈടാക്കിക്കൊണ്ടിരിക്കുന്നത്. വാടകനിരക്ക് കാലാനുസൃതമായി പുതുക്കേണ്ടതാണ്.

ഹാൾ നഗരസഭയുടെ അധീനതയിലാണെങ്കിലും നഗരസഭയുടെ ഉടമസ്ഥത വ്യക്തമാകും വിധം കോട്ടയം നഗരസഭയുടെ ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല. കരാർ പുതുക്കുന്നതിനെക്കുറിച്ച് ട്രസ്റ്റുമായി ചർച്ച നടത്താൻ ചെയർപേഴ്സനെ ചുമതലപ്പെടുത്തി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (24.03.17ലെ തീരുമാനം നമ്പർ 31) നാളിതുവരെ കരാർ പുതുക്കിയിട്ടില്ല. പ്രസ്തുത ഹാളിന്റെ മേൽനോട്ടം കെ.സി. മാമ്മൻമാപ്പിള ട്രസ്റ്റിനെ ചുമതലപ്പെടുത്തിയ കരാറിന് സർക്കാർ അംഗീകാരം ലഭ്യമാകുന്നതിനും ഹാൾ സംബന്ധിച്ച വരവ് ചെലവ് വിശദാംശങ്ങൾ താരതമ്യം ചെയ്ത് ഇത്തരമൊരു മേൽനോട്ടം നഗരസഭയുടെ സാമ്പത്തിക താൽപര്യം പരിരക്ഷിയ്ക്കുന്നുണ്ടെന്ന് ഉറപ്പുള്ള പക്ഷം ട്രസ്റ്റുമായുള്ള കരാർ പുതുക്കുന്നതിനും, വാടക കാലാനുസൃതമായി ഉയർത്തുന്നതിനും വേണ്ട നടപടികൾ നഗരസഭാധികൃതർ ഊർജ്ജിതമാക്കേണ്ടതാണ്.

# 2-15-1 തൊഴിൽനികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്ന് ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരം ഈടാക്കേണ്ടതാണെങ്കിലും 2017-2018വർഷം ഈടാക്കിയിട്ടില്ലെന്ന് ബന്ധപ്പെട്ട രജിസ്റ്റർ വ്യക്തമാക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | വാർഡ് | അർദ്ധവർഷം | | കുറിപ്പുകൾ |
|---|---|---|---|---|
| പ്രോസിക്യൂഷൻ ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം | 10 | - | 2 | |
| ജുവനൈൽ ബോർഡ് (സി.ജെ.എം കോടതി) | 10 | 1 | 2 | |
| ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് | 10 | 1 | - | |
| ചിട്ടി ഇൻസ്പെക്ടർ | 10 | 1 | 2 | |
| കെ.ഡബ്ല്യൂ.എ എംപ്ലോയീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 10 | 1 | 2 | |
| കെ.കെ.ഡീസൽ | 10 | 1 | 2 | |
| കോട്ടയം ജില്ലാ പോലീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി | 10 | 1 | 2 | |
| പോസ്റ്റ് ഓഫീസ്, കളക്ടറേറ്റ് | 10 | 1 | 2 | |
| മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്, കളക്ടറേറ്റ് | 10 | 1 | 2 | സ്ഥാപന തൊഴിൽ നികുതി ഉൾപ്പെടെ |
| ഗവ.സർവന്റ്സ് സഹകരണ കാന്റീൻ & വെൽഫെയർ സൊസൈറ്റി | 10 | 1 | 2 | 2-ാം അർദ്ധവർഷം ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. |
| സൗത്ത് ഇൻഡ്യൻ ബാങ്ക് റീജണൽ ഓഫീസ് | 11 | - | 2 | |
| ശ്രീ വിദ്യാധിരാജ വിദ്യാഭവൻ | 11 | 1 | 2 | |
| ന്യൂ ഇൻഡ്യ അഷ്വറൻസ് | 11 | 1 | 2 | |
| കേരള മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധി ബോർഡ് | 11 | - | 2 | |
| ഡയറി ട്രെയിനിംഗ് സെന്റർ | 11 | 1 | 2 | |
| എസ്.ബി.ഐ കളക്ടറേറ്റ് ബ്രാഞ്ച് | 11 | - | 2 | |
| സ്റ്റേറ്റ് അഗ്മാർക്ക് ലബോറട്ടറി | 11 | 1 | - | |
| കുന്നത്തുകളത്തിൽ ജ്വലറി | 12 | 1 | 2 | |
| എബിടി പാഴ്സൽ സർവീസ് | 12 | 1 | 2 | |
| ബാറ്റ ഇൻഡ്യ ലിമിറ്റഡ് | 12 | 1 | 2 | |
| ജോർജ് ട്രേഡേഴ്സ് | 12 | 1 | 2 | |
| കളപ്പുരയ്ക്കൽ പേപ്പർമാർട്ട് | 12 | 1 | 2 | |
| കെ.ബി.ശർമ്മ& ബ്രദേഴ്സ് ലിമിറ്റഡ് | 12 | 1 | 2 | |
| വെട്ടൂർ കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് പ്രൈ.ലിമിറ്റഡ് | 12 | 1 | 2 | |

| | | | | |
|---|---|---|---|---|
| ജോയൽ ടൈം | 12 | 1 | 2 | |
| അലൻ ജോർജ് സെൻട്രൽ പിക്ചേഴ്സ് | 12 | – | 2 | |
| എം.ജി.എം മെഡിക്കൽസ് | 12 | 1 | 2 | |
| ഹോട്ടൽ അംബാസിഡർ | 12 | 1 | 2 | |
| അക്കര പ്രിന്റേഴ്സ് | 12 | 1 | 2 | |
| വാണിയപ്പുര കമ്പനി ലിമിറ്റഡ് | 12 | 1 | 2 | |
| വാഴക്കാല റബേഴ്സ് | 12 | 1 | 2 | |
| ഷേണായി കമ്പനി | 12 | – | 2 | |
| ഹോട്ടൽ ആനന്ദ് | 12 | 1 | 2 | |
| കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് റീജണൽ ഓഫീസ് | 12 | – | 2 | |
| വികാസ് അഗർവാൾ | 12 | – | 2 | |
| സി.എം.സി. ഡയഗ്നോസ്റ്റിക്സ് സെന്റർ | 12 | 1 | 2 | |
| മാക്സ് കെയർ ഡയഗ്നോസ്റ്റിക്സ് സെൻറർ | 12 | 1 | 2 | |
| ലാമി ഏജൻസീസ് | 12 | 1 | 2 | |
| മാർബി ഫാർമസ്യൂട്ടിക്കൽസ് | 12 | 1 | 2 | |
| പാരഗൺ ഷോറൂം | 12 | 1 | 2 | |
| മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | 12 | 1 | – | |
| ഇലക്ട്രിക്കൽ സെക്ഷൻ കോട്ടയം സെൻട്രൽ | 14 | – | 2 | |
| ഐക്കൺ ക്ലാസിക് | 14 | 1 | 2 | |
| ജില്ലാമെഡിക്കൽ ഓഫീസ് (ഐ.എസ്.എം) | 14 | 1 | – | |
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസ് | 14 | – | 2 | |
| കൃഷി അസി.ഡയറക്ടറുടെ കാര്യാലയം | 14 | – | 2 | |
| വില്ലേജ് ഓഫീസ്, കോട്ടയം | 14 | 1 | 2 | |
| ഓർക്കിഡ് റെസിഡൻസി | 14 | 1 | 2 | |
| ധന്യ തിയേറ്റർ | 14 | 1 | 2 | |
| രമ്യ തിയേറ്റർ | 14 | 1 | 2 | |
| സൗത്ത് ഇൻഡ്യ ഗോൾഡ് റിഫൈനറി പ്രൈ.ലിമിറ്റഡ് | 14 | 1 | 2 | |
| നാഷണൽ കോളേജ് ഓഫ് മെഡിക്കൽ ടെക്നോളജി | 14 | 1 | – | |
| ആകാശ് മെഡിക്കൽ എജ്യുക്കേഷണൽ സർവീസ് | 14 | 1 | – | |
| കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് | 14 | 1 | 2 | |
| അവന്തി പബ്ലിക്കേഷൻസ് | 14 | 1 | – | |
| ഡി.ടി.ഡി.സി എക്സ്പ്രസ് ലിമിറ്റഡ് | 14 | 1 | – | |
| സിറ്റി ഹോസ്പിറ്റൽ | 15 | 1 | 2 | |

| | | | | |
|---|---|---|---|---|
| സ്വാമി ഇലക്ട്രിക്കൽസ് | 15 | 1 | 2 | |
| കവിരാജ് മെഡിക്കൽ സ്റ്റോർ | 15 | 1 | 2 | |
| ബാവൻ അഡ്വെർട്ടൈസിംഗ് ഗ്രൂപ്പ് | 15 | 1 | 2 | |
| ഖാദി ഗ്രാമസൗഭാഗ്യ | 15 | 1 | 2 | |
| ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അക്കൗണ്ട്സ് | 15 | 1 | 2 | |
| ലേബർ വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ കാര്യാലയം | 15 | 1 | - | |
| മാക്സ് ന്യൂയോർക്ക് ലൈഫ് ഇൻഷ്വറൻസ് | 16 | 1 | 2 | |
| ശ്രീറാം ലൈഫ് ഇൻഷ്വറൻസ് | 16 | 1 | 2 | |
| ബൈഫർ ഹോസ്പിറ്റൽ | 21 | 1 | 2 | |
| കരിയിൽ റസിഡൻസി, താഴത്തങ്ങാടി | 21 | 1 | 2 | |
| ജില്ലാസഹകരണബാങ്ക് താഴത്തങ്ങാടി, തിരുവാതുക്കൽ ബ്രാഞ്ചുകൾ | 21 | 1 | 2 | മെയിൻ ബ്രാഞ്ചിൽനിന്ന് ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |
| | 22 | 1 | 2 | |
| സപ്ലൈകോ മാവേലിസ്റ്റോർ, താഴത്തങ്ങാടി | 21 | 1 | 2 | 2-ാം അർദ്ധവർഷം ഒരു ജീവനക്കാരിയുടെ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ട്. |
| മുത്തൂറ്റ് ഫിൻകോർപ്പ്, തിരുവാതുക്കൽ | 23 | 1 | 2 | ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |
| മത്സ്യഫെഡ് തിരുവാതുക്കൽ | 23 | 1 | 2 | 2-ാം അർദ്ധവർഷം ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |
| ട്രിനിറ്റി ഫൗണ്ടേഷൻ | 23 | 1 | 2 | 2-ാം അർദ്ധവർഷം ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |
| പാഡ്കാർഡ് ഇൻഡസ്ട്രീസ് | 24 | 1 | 2 | ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |
| കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ കാരാപ്പുഴ | 24 | 1 | 2 | |
| ഷിംഷോൺ റബേഴ്സ് | 24 | 1 | 2 | |
| വാസൻ ഐ കെയർ ഹോസ്പിറ്റൽ | 24 | 1 | 2 | |
| ക്രൈംബ്രാഞ്ച് ഓഫീസ് കാരാപ്പുഴ | 24 | 1 | 2 | |
| ഏഷ്യാനെറ്റ് ന്യൂസ് നെറ്റ്‌വർക്ക് മാളികപ്പീടിക | 25 | - | 2 | 1-ാം അർദ്ധവർഷം ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |
| കാനറ ബാങ്ക് വേളൂർ | 29 | 1 | 2 | ജീവനക്കാരുടെ വിഹിതം ഒടുക്കിയിട്ടുണ്ട്. |

പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് നിയമാനുസൃത തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 74/16.2.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

എന്നാൽ നഗരസഭ മറുപടി ഹാജരാക്കിയില്ല. ആയതിനാൽ ടി സ്ഥാപനങ്ങളിൽനിന്ന് തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ രസീത് നമ്പർ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-15-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2017-2018 സാമ്പത്തിക വർഷത്തിൽ കുമാരനല്ലൂർ, നാട്ടകം സോണൽ ഓഫീസുകളുടെ അധികാര പരിധിയിൽ പ്രവർത്തിക്കുന്നതും, ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ കച്ചവടസ്ഥാപനങ്ങളിൽ നിന്നും വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽനികുതി) ചട്ടങ്ങൾ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | വ്യവസായം | ഈടാക്കേണ്ട തൊഴിൽ നികുതി | |
|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| 1 | രഞ്ജിത്ത്. ആർ. നായർ | സ്റ്റേഷനറി സ്റ്റോഴ്സ് | 300 | 300 |
| 2 | ഓമന. കെ. പി., ദേവീകൃഷ്ണ | ടെയ്‌ലറിംഗ് ഷോപ്പ് | 300 | 300 |
| 3 | ഗീതാകുമാരി | റിയൽടെക് | 300 | 300 |
| 4 | എം. എ. ദാഷിം | സതേൺഫോസ്റ്റേറ്റ് & മിനറൽസ് | 1250 | 1250 |
| 5 | രാജൻ | ദേവിക ബേക്കറി | 450 | 450 |
| 6 | സുരേഷ് | സാരഥി ടൈംസ് ഹൗസ് | - | 450 |
| 7 | റ്റി. പി. ഉലഹന്നാൻ | ഗ്ലോബൽ ട്രേഡേഴ്സ് | 750 | 750 |
| 8 | രജനി. എസ്. ചൈതന്യ | ബാലാജി പേപ്പർ ബാഗ് | 300 | 300 |
| 9 | ബിജു ആന്റണി | അൽഫോൻസ് പെയിന്റിംഗ്ഹൗസ് | 750 | 750 |
| 10 | എം. വി. ഉണ്ണി | സുരേഷ് മെറ്റൽ ഹൗസ് | 300 | 300 |
| 11 | രാജജോസഫ് | മോഡേൺ വെറൈറ്റി സ്റ്റോഴ്സ് | 1250 | 1250 |
| 12 | പി. വി. സാബു | എസ്.റ്റി. തോമസ് ബേക്കറി | 450 | 450 |
| 13 | ബീന സജീവ് | അമൃതം ഫുഡ് പ്രോഡക്ട്സ് | 450 | 450 |
| 14 | സഞ്ജീവ് ശങ്കർ, | കുന്നത്ത് ശ്രീനിലയം | 450 | 450 |
| 15 | ശ്രീകുമാർ. എം. | നിർമ്മൽ ഡിസൈനേഴ്സ് | 600 | 600 |

| | | | | |
|---|---|---|---|---|
| 16 | അജീഷ് | സിയോൺ കമ്പ്യൂട്ടേഴ്സ് | 450 | 450 |
| 17 | പി. എം. ജോസഫ് | ജോസ് ടെക്സ്റ്റൈൽസ് | 450 | 450 |
| 18 | ജിതാ ഫാസിൽ | പി. എൻ. ബിംപെക്സ് | 450 | 450 |
| 19 | പി. എസ്. സുന്ദരൻ | സംഗീതാ ഗോൾഡ് | 300 | 300 |
| 19 | ശ്രീലത. എസ്. പിള്ള | ലാബോറട്ടറി | 450 | 450 |
| 20 | സുമേഷ്. എസ്. എസ്. | സായി ട്രേഡേഴ്സ് | 600 | 600 |
| 21 | ഡോ. ആർ. ചന്ദ്രൻ | സായി അസോസിയേറ്റ്സ് | 600 | 600 |
| 22 | മുഹമ്മദ് റഫീക്ക് | അൻമോസ് ഫുഡ് | 750 | 750 |
| 23 | പ്രൊപ്രൈറ്റർ | സച്ചിൻ സ്റ്റുഡിയോ | 300 | 300 |
| 24 | പ്രൊപ്രൈറ്റർ | സുബ്യ എബിൻ ഗ്രീൻ സ്റ്റാലിയ | 300 | 300 |
| 25 | പ്രൊപ്രൈറ്റർ | ലയ ബ്യൂട്ടിപാർലർ | 450 | - |
| 26. | കാർത്യായനി ഏജൻസീസ് | ലഭ്യമല്ല | 300 | - |
| 27 | | **ആകെ** | **13300 /-** | **13000 /-** |
| **വാർഡ് - II** | | | | |
| 28 | ജിബി | മിഥുൻ ദന്തൽലാബ് | 450 | 450 |
| 29 | വിശ്വൻ | കാർത്തിക ഹോട്ടൽ | 450 | 450 |
| 30 | രശ്മി | കാർത്തിക കളക്ഷൻസ് | 300 | 300 |
| 31 | അരുണാചലം | ലേഡീസ് സ്റ്റോഴ്സ് | 300 | 300 |
| 32 | വെങ്കിടാചലം | ഫാൻസി സ്റ്റോഴ്സ് | 300 | 300 |
| 33 | മുഹമ്മദ്സാലി | ചില്ലൂസ് മൻസിൽ | 450 | 450 |
| 34 | ബാബ്യ | ഒമേഗ ഹെയർ ഡ്രെസ്സർ | 300 | 300 |
| 35 | മനോജ് | കൽപ്പന എഞ്ചിനീയറിംഗ് | 600 | 600 |
| 36 | ബിജു കുര്യൻ | സൂപ്പർ ഫർണ്ണിച്ചർ | 1250 | 1250 |
| 37 | അൽജോ ജോസഫ് | ഓർമ്മ മാർബിൾസ് | 1250 | 1250 |
| 38 | രാജഗോപാൽ | കോട്ടയം ടെക്നിക്കൽ | 1250 | 1250 |
| 39 | മാനേജർ | ട്വിൻസ് മെറ്റൽസ് | 450 | 450 |
| 40 | ജോണിസ്വാമി | ഒയാസിസ് എഞ്ചിനീയറിംഗ് | 450 | 450 |
| | | | | |

| | | | | |
|---|---|---|---|---|
| 41 | സ്വാമിജോൺ | അസോസിയേറ്റഡ് ഓട്ടോമൊബൈൽസ് | 450 | 450 |
| ~~42~~ | ~~എം. എം. ജയിംസ്~~ | ജിൻസ് ഫുട്ട്‌വെയർ | ~~300~~ | ~~300~~ |
| 43 | എം. എസ്. രാജൻ | മുരുകൻ ഹെയർ സ്റ്റൈൽ | 450 | 450 |
| 44 | സത്യൻ | കുട്ടനാടൻ ഗ്രാഫൈറ്റ് ഹൗസ് | 450 | 450 |
| 45 | മാനേജർ | മാവേലി സ്റ്റോർ | 1250 | 1250 |
| 46 | ബാബു | ജാക്സൺ ബേക്കറി | 450 | 450 |
| 47 | തോമസ് ഉഴുപ്പ് | സി.എസ്.ഐ. ലാബ് | 450 | 450 |
| 48 | ജി. കെ. ജോൺ | സി. കെ. ബാങ്കേഴ്സ് | 600 | 600 |
| 49 | തോമസ്. പി. റ്റി. | ചെറുപുഷ്പം | 300 | 300 |
| 50 | പ്രൊപ്രൈറ്റർ | യുവ ഇന്റർനെറ്റ് | 300 | 300 |
| 51 | പ്രൊപ്രൈറ്റർ | ചൂരക്കാട് കൺസൾസ്‌ട്ടന്റ് | 1000 | 1000 |
| 52 | ശ്രീകുമാർ | അലൈന്റ് | 450 | 450 |
| 53 | കൃഷ്ണപ്രസാദ് | നെറ്റ് സോൺ സിസ്റ്റം | 450 | 450 |
| 54 | പ്രമോദ്കുമാർ | ഹെൽത്ത് സെന്റർ | 450 | 450 |
| 55 | പ്രൊപ്രൈറ്റർ | അലക്സ് ഗ്രാഫിക്സ് | 300 | 300 |
| | | **ആകെ** | **15450 /-** | **15450 /-** |
| നാട്ടകം സോണൽ ഓഫീസ് | | | | |
| 56 | പി. പി. കുര്യൻ | കേളചന്ദ്ര ഫൗണ്ടറി മെഷീൻസ് | 1250 | 1250 |
| 57 | ബിജു ഏബ്രഹാം | ജയ്ബീ അസോസിയേറ്റ്സ്, റബർ നിർമ്മാണം. | 300 | 300 |
| 58 | രമേശ് | റയിൻബോ ഫാബ്രിക്സ് | 450 | 450 |
| 59 | ടോണി | ഫ്രണ്ട്സ് ടൂവീലേഴ്സ് | 450 | 450 |
| 60 | ജിനഷ്. കെ. നായർ | കെ. എം. ട്രേഡേഴ്സ് | 300 | 300 |
| | | **ആകെ** | **2750/-** | **2750 /-** |
| **വാർഡ് - 2** | | | | |
| 61 | യേശുദാസ് ഒറ്റതൈയ്ക്കൽ | മരിയ ട്രേഡിംഗ് സെന്റർ | 600 | 600 |
| 62 | ലാലിച്ചൻ. പി. ഡി. | സെന്റ് തോമസ് എംബ്രോയിഡറി | 450 | 450 |

| | | | | |
|---|---|---|---|---|
| | | വർക്സ് | | |
| 63 | ഏലിയാസ് | കാസറോൾ കാറ്റേഴ്സ് | 300 | 300 |
| 64 | കെ.കെ. തോമസ് | ആർട്ട് & ഗിഫ്റ്റ് ഹൗസ് | 300 | 300 |
| 65 | ഷിബു. പി. ആർ. | ആരോ ടെയ്‌ലേഴ്സ് | 300 | 300 |
| 66 | എലിസബത്ത് ജേക്കബ് | ഷീ ബ്യൂട്ടി പാർലർ | 420 | 420 |
| 67 | മാനേജർ | ക്നാനായ ബുക്ക് സെന്റർ | 450 | 450 |
| 68 | സജി | കണ്ണമ്പുറം തട്ടുകട | 300 | 300 |
| 69 | ജോസ് തോമസ് & ഏബ്രഹാം ജേക്കബ് | പവ്വർ ബാറ്ററി ഹൗസ് | 450 | 450 |
| 70 | സുഭാഷ്. റ്റി. എൻ. | പഴം, പച്ചക്കറിക്കട, സുബാഷ് കൂൾബാർ | 300 | 300 |
| | | **ആകെ** | **3870/-** | **3870/-** |
| **വാർഡ് - 3** | | | | |
| 71 | കെ. പി. തോമസ് | മാതാ എഞ്ചിനീയറിംഗ് വർക്സ് | 450 | 450 |
| 72 | ഡോ. പി. ആർ. ബിജുകുമാർ | മണിമന്ദിരം ഹോമിയോ ക്ലിനിക് | 1250 | 1250 |
| 73 | ജോൺ ജോസഫ് | സെന്റ് മേരീസ് മുത്തുക്കട | 300 | 300 |
| 74 | ബിജു. എസ്. കുമാർ | മീഞ്ചിറ എലഗന്റ് ഡെക്കറേഷൻസ് | 300 | 300 |
| 75 | നാമദേവൻ | കിംഗ്സ്റ്റൈൽ ടെയിലറിംഗ് ഷോപ്പ് | 450 | 450 |
| 76 | സദാനന്ദൻ | ആനന്ദ് ടെയ്‌ലേഴ്സ് | 300 | 300 |
| 77 | കെ. കെ. രാജീവ്കുമാർ | ഇരുപ്പപ്പുഴ സ്റ്റോഴ്സ് | 450 | 450 |
| 78 | സന്തോഷ്. പി. എസ്. | ന്യൂ ഭാരത് ലോട്ടറി | 300 | 300 |
| 79 | റജിന. കെ. | പവൻ സൈക്കിൾ വർക്സ് | 300 | 300 |
| 80 | വിശ്വനാഥൻ. പി. റ്റി. | വിശ്വാസ് വാച്ച് റിപ്പയറിംഗ് | 180 | 180 |
| 81 | റോയ്. റ്റി. റ്റി. | റ്റി. വി. ലാന്റ് | 600 | 600 |
| 82 | പുന്നൂസ് ആൻഡ്രൂസ് | കൺസൾട്ടിംഗ് ബിൽഡിംഗ് | 600 | 600 |

| | | | | |
|---|---|---|---|---|
| | | ഡിസൈൻ | | |
| 83 | പ്രസാദ്. പി.സി | മോഡൽ ഹെയർ സ്റ്റൈൽ | 300 | 300 |
| 84 | ജിജി തോമസ് | ഡിയസോറ സൽവാർ ഷോപ്പ് | 450 | 450 |
| 85 | ഔസേപ്പ്. പി. വി. | പുളിമൂട്ടിൽ ജോഷ് പവർ ഹൗസ് & ഹാർഡ് സ്റ്റോഴ്സ്. | 450 | 450 |
| 86 | ബിന്ദു.വി. ആർ | എസ്. എൻ. ഫ്ലവർ മിൽസ് | 180 | 180 |
| | | **ആകെ** | **6860/-** | **6860/-** |
| **വാർഡ് - 4** | | | | |
| 87 | ശശിധരൻ | അച്ചു അനന്ദു സ്റ്റേഷനറി | 120 | 120 |
| 88 | ആര്യ | ഇച്ചൂസ് ലേഡീസ് കളക്ഷൻസ് | 180 | 180 |
| 89 | രതീഷ് | എൻ. ആർ. ഇലക്ട്രിക്കൽസ് | 300 | 300 |
| 90 | മണി മുളന്താനം | മുറുക്കാൻ കട | 180 | 180 |
| 91 | വിജയമ്മ ശശിധരൻ | കോഫീ ഹൗസ് | 600 | 600 |
| 92 | സന്തോഷ്. വി. ആർ | സൂരജ് എഞ്ചിനീയറിംഗ് | 450 | 450 |
| 93 | ശ്രീദേവി സന്തോഷ് | അമ്മു ബ്യൂട്ടിപാർലർ | 450 | 450 |
| 94 | ഗിരീഷ് മോഹനൻ | ഊട്ടി വെജിറ്റബിൾസ് | 300 | 300 |
| 95 | മിനി ബൈജു | ഗ്യാലക്സി ടെയ്‌ലറിംഗ് | 300 | 300 |
| 96 | അനിത | മനു എഞ്ചിനീയറിംഗ് വർക്സ് | 750 | 750 |
| 97 | സിജുമോൻ.എൻ.സി. | സൺഷൈൻ മോട്ടോഴ്സ് | 750 | 750 |
| 98 | അജിലാൽ | മസിൽ ടെക് ഫിറ്റ്നെസ് | 300 | 300 |
| 99 | ചന്ദ്രസെൻ | സൺ ടോണിക്സ് | 180 | 180 |
| 100 | ജെ. ജിഷലാൽ | ജെ.വി.എം. പ്ലൈവുഡ് & ബോർഡ്സ് | 1250 | 1250 |
| 101 | ജെ. ജിബിലാൽ | ജിഷാ വുഡ് | 1250 | 1250 |

| | | | | |
|---|---|---|---|---|
| | | ഇൻഡസ്ട്രീസ് | | |
| 102 | ദിവാകരൻ | പലചരക്ക് കട | 300 | 300 |
| 103 | പ്രകാശ് | കലീലിൽ സ്റ്റോഴ്സ് | 180 | 180 |
| 104 | സജീവ് | കുടിലിൽ ടെക്സ്റ്റൈൽസ് | 180 | 180 |
| 105 | ഹരിന്ദ്രൻ | സുസ്മിത ബേക്കറി | 300 | 300 |
| 106 | പ്രസാദ് | കുടിലിൽ ഫാൻസി സ്റ്റോർ | 180 | 180 |
| 107 | മോഹൻ തോമസ് | റയിൻബോ സിൽക്സ് | 750 | 750 |
| 108 | ബിജോയ് ജേക്കബ് തോമസ് | അലുമിനിയം ഗുഡ്സ് & കമ്പനി | 750 | 750 |
| 109 | രാധാകൃഷ്ണൻ | മഹാലക്ഷ്മി സ്റ്റോഴ്സ് | 300 | 300 |
| | | **ആകെ** | **10300/-** | **10300/-** |
| **വാർഡ് - 6** | | | | |
| 110 | മറിയാമ്മ സഖറിയ | ജാസ് എഞ്ചിനീയറിംഗ് ചിങ്ങവനം | 600 | 600 |
| 111 | നാൻസി എബ്രഹാം | പെരുമാഞ്ചേരി റബർ ഇൻഡസ്ട്രീസ് | 1250 | 1250 |
| 112 | വി. കെ. സുരേഷ് | ശ്രീനാരായണ ഹോസ്പിറ്റൽ | 1250 | 1250 |
| 113 | രാജേഷ്. റ്റി. എസ് | റേഡിയേറ്റർ വർക്സ് | 450 | 450 |
| 114 | ജിയോ ജോസഫ് | മണി ലെന്റിംഗ് | 1250 | 1250 |
| 115 | മുഹമ്മദ് അനീഷ് | ദ ബെഡ് എമ്പോറിയം | 600 | 600 |
| 116 | പ്രഭാകരൻ | പച്ചക്കറി കട | 300 | 300 |
| 117 | അന്നമ്മ ഐപ്പ് | പലചരക്ക് കട | 300 | 300 |
| 118 | രമാദേവി | ശ്രീഭദ്ര സ്റ്റോഴ്സ് & ലേഡീസ് കളക്ഷൻ | 180 | 180 |
| 119 | പുരുഷോത്തമൻ | പലചരക്ക് | 300 | 300 |
| 120 | മാനേജിംഗ് ഡയറക്ടർ | ബി.ജെ.എം. ഹോസ്പിറ്റൽ | 1250 | 1250 |
| | | **ആകെ** | **7730/-** | **7730/-** |
| **വാർഡ് - 8** | | | | |
| 121 | സ്വപ്ന. കെ. ഉതുപ്പ് | പ്ലാൻ വര | 1000 | 1000 |
| | | **ആകെ** | **1000/-** | **1000/-** |
| **വാർഡ് - 9** | | | | |
| 122 | സാബു. പി. | റോഷ്നി ഫാൻസി | 300 | 300 |

| | | | | |
|---|---|---|---|---|
| | എബ്രഹാം | നെസ്റ്റ് | | |
| 123 | ഡോ. ഏലിയാസ് ജോസഫ് | ഇനത്തുങ്കൽ ക്ലിനിക് | 1250 | 1250 |
| 124 | അനിൽ വർക്കി | റൂബി സർവ്വീസസ് | 450 | 450 |
| | | **ആകെ** | **2000/-** | **2000/-** |
| **വാർഡ് - 10** | | | | |
| 125 | ചാർലി തോമസ് | വുഡ് ഇൻഡസ്ട്രീസ് | 1250 | 1250 |
| 126 | മുസ്തഫ | മൊബൈൽ പേഷ്സ് | 300 | 300 |
| | | **ആകെ** | **1550/-** | **1550/-** |

ഇതു സംബന്ധിച്ച് 24/24.10.2018, 32/16.11.2018 നമ്പരായി എൻക്വയറികൾ നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽനിന്ന് രണ്ട് അർദ്ധവർഷങ്ങളിലായി ആകെ ഈടാക്കേണ്ട സ്ഥാപനതൊഴിൽനികുതി **129320/-രൂപ** (13300+ 13000+ 15450+ 15450+ 2750+ 2750+ 3870+ 3870+ 6860+ 6860+ 10300+ 10300+ 7730+ 7730+ 1000+ 1000+ 2000+ 2000+ 1550+ 1550) ഈടാക്കി നഗരസഭാഫണ്ടിൽ ഒടുക്കേണ്ടതാണ്.

# 2-16 ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടൽ - റോഡ് കട്ടിംഗ് & റസ്റ്ററേഷൻ ചാർജ് ഈടാക്കിയതിന്റെയും, വാർഷിക വാടക ഈടാക്കിയതിന്റെയും വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

**1) <u>ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടൽ - റോഡ് കട്ടിംഗ് & റസ്റ്ററേഷൻ ചാർജ് ഈടാക്കിയിട്ടില്ല.</u>**

നഗരസഭയുടെ പരിധിയിൽ വരുന്ന വിവിധ റോഡുകളിൽ 2017-2018 വർഷം ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റോഡ് കട്ടിംഗിനായി അനുമതി തേടി മുനിസിപ്പാലിറ്റിക്ക് M/s. റിയലൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് എന്ന സ്ഥാപനം അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് മുനിസിപ്പാലിറ്റി അനുമതി നൽകിയതിന്റെയും റോഡ് കട്ടിംഗ് & റസ്റ്റോറേഷൻ ഫീസ് ഈടാക്കിയതിന്റെയും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ് | റോഡ് | റോഡ് കട്ട് ചെയ്യേണ്ട ആകെ ഏരിയ | ഈടാക്കേണ്ട റസ്റ്റോറേഷൻ ഫീസ് @ 1521/ ച.മീ. | ഫയൽ നമ്പർ |
|---|---|---|---|---|---|
| 1 | 48 | ഉപ്പൂട്ടിക്കവല തളിയിൽ കോട്ട റോഡ് | 610ച.മീ. | 9,27,810 | PW8 - 23663/16 |
| 2 | 23 & 46 | വേളൂർ സ്കൂൾ മുതൽ ടവർ വരെ 300 മീറ്റർ | 1406ച.മീ. | 21,38,526 | PW8 – 20602/16 |
| | | കാരാപ്പുഴ സഹകരണ ബാങ്ക മുതൽ പുത്തനങ്ങാടി പോക്കറ്റ് റോഡ് വരെ 1006 മീറ്റർ | | | |
| | | എസ്.എൻ.ഡി.പി. പുത്തനങ്ങാടി മുതൽ ടവർ | | | |

| | | | | | |
|---|---|---|---|---|---|
| | | വരെ 100 മീറ്റർ | | | |
| 3 | 50 & 7 | പുല്ലരിക്കുന്ന് ബി.എസ്.എൻ.എൽ. നടുവത്ത് റോഡ് 394.806 മീറ്റർ<br>നീലിമംഗലം മംഗളം കോളേജിന് തെക്കുവശം 38.468 മീറ്റർ | 483.274ച.മീ. | 7,35,060 | KPW2/679/17 |
| 4 | 44 | മണിപ്പുഴ നിപ്പോൺ ടയോട്ടയുടെ അരികിലൂടെയുള്ള മുനിസിപ്പൽ റോഡ്. | 80ച.മീ. | 1,21,680 | NPW1-715/17 |
| 5 | 19 | സോമിൽ മുതൽ ബി.എസ്.എൻ.എൽ. ടവർ വരെ 20 മീറ്റർ<br>ലൈറ്റ് ഹൗസ് ഷോപ്പ് മുതൽ കൊപ്രത്ത് അമ്പലം വരെ 500 മീറ്റർ<br>ഈരയിൽകടവ് ജംഗ്ഷൻ മുതൽ കളക്ടേറ്റ് ബസ്സ്റ്റോപ്പ് വരെ 430 മീറ്റർ | 950ച.മീ. | 14,44,950 | PW5 – 24677/16 |
| 6 | 20 | ധന്യ രമ്യ തീയറ്റർ മുതൽ ഡേസ്പ്രിംഗ്റിൽ<br>ടവർ വരെ | 425ച.മീ. | 6,46,425 | PW5 – 1306/17 |
| ആകെ | | | | 6014451/-രൂപ | |

2) <u>ഒപ്റ്റിക്കൽ ഫൈബർ കേബിൾ വലിച്ചത് - വാർഷിക വാടക ഈടാക്കിയിട്ടില്ല</u>

2016-2017 വർഷം ചുവടെ വിവരിക്കും പ്രകാരം ആകെ 4413.5 ചതുരശ്രമീറ്റർ അളവിൽ റോഡ് കട്ട് ചെയ്ത് ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് M/s. റിയലൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് അനുമതി നൽകി. ഇപ്രകാരം അനുമതി നൽകുമ്പോൾ ഇടുന്ന കേബിളിന് ചതുരശ്ര മീറ്ററിന് പ്രതിവർഷം 5രൂപ നിരക്കിൽ വാർഷിക വാടക ഈടാക്കുന്നതിന് മുനിസിപ്പൽ കൗൺസിൽ തീരുമാനിക്കുകയും (28.06.2016ലെ 69-ാം നമ്പർ തീരുമാനം) ഈ വ്യവസ്ഥ ഉൾപ്പെടുത്തി കരാർ വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുപ്രകാരം താഴെപറയും പ്രകാരം 22,068/-രൂപ 2017-2018 വർഷം വാർഷിക വാടകയായി ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | റോഡ് കട്ടിംഗിന് അനുമതി നൽകിയ അളവ് | 2017-2018ൽ ഈടാക്കേണ്ട വാർഷിക വാടക @ 5/ ചതുരശ്രമീറ്റർ | കരാർ നമ്പർ |
|---|---|---|---|---|
| 1 | PW6 – 5487/16 | 433.5 ചതുരശ്രമീറ്റർ | 2167.5 | 276/2015-16 |
| 2 | PW5 – | 3980 ചതുരശ്രമീറ്റർ | 19900 | 277/2015- |

| | | | | |
|---|---|---|---|---|
| | 5761/16 | | | 16 |
| ആകെ | | 4431.5 ചതുരശ്രമീറ്റർ | 22067.5 | |
| ക്രമപ്പെടുത്തിയാൽ | | | 22068 | |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 43/18 തീയതി 27.11.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ റോഡ് കട്ടിംഗ് & റിസ്റ്റോറേഷൻ ഫീസ്, വാർഷിക വാടക എന്നിവ ബാധകമാകുന്നപക്ഷം ജി.എസ്.റ്റി. സഹിതം ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 2-17 കോടിമത വെജിറ്റബിൾ മാർക്കറ്റിലെ കാന്റീൻ ലേലം - സമയബന്ധിതമായി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കോടിമത വെജിറ്റബിൾ മാർക്കറ്റിലെ കാന്റീൻ നടത്തിപ്പിനായി 15.09.2009 ൽ നടന്ന ലേലത്തിൽ 15,00,001/- രൂപയ്ക്ക് (പതിനഞ്ച് ലക്ഷത്തി ഒന്ന് രൂപ മാത്രം) ശ്രീ.കെ.എ.ദിവാകരൻ, ഇല്ലിപ്പറമ്പിൽ, കോട്ടയം എന്ന വ്യക്തി കുത്തകാവകാശം എടുത്തിരുന്നു. പൊതു ലേല/ക്വട്ടേഷൻ വ്യവസ്ഥകളിലെ വ്യവസ്ഥ(7) പ്രകാരം കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ലഭിച്ചയാൾ തുക രൊക്കം പണമായി അപ്പോൾ തന്നെ ഒടുക്കേണ്ടതും ആയതിനു വീഴ്ച വരുത്തുന്നപക്ഷം ടിയാന്റെ ലേലം/ടെണ്ടർ നിരാകരിച്ച് നിരത ദ്രവ്യം മുനിസിപ്പൽ ഫണ്ടിൽ മുതൽ കൂട്ടി പുനർലേലം നടത്തേണ്ടതുമാണ്. എന്നാൽ ടിയാൻ ലേലത്തുകയിൽ 10,00,000/- രൂപ (രസീത് നം.0008711/23.09.2009) മാത്രമാണ് മുൻകൂറായി ഒടുക്കിയത്.

ലേലവ്യവസ്ഥകൾക്ക് വീഴ്ച വരുത്തിയിട്ടും 20.01.2010 ലെ 30-ാം നമ്പർ മുനിസിപ്പൽ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാന് തന്നെ കാന്റീൻ നടത്തുന്നതിനുള്ള കുത്തകാവകാശം അതേ തുകയ്ക്കുതന്നെ (15,00,001/- രൂപയ്ക്ക്) ഉറപ്പിച്ചു നൽകുകയാണ് ചെയ്തത്. 08.02.2010 ൽ R6-1770/09 നമ്പർ നോട്ടീസ് പ്രകാരംം ബാലൻസ് ഡെപ്പോസിറ്റ് തുക, അഡ്വാൻസ് ലൈസൻസ് ഫീസ് എന്നിവ ഒടുക്കി മുനിസിപ്പാലിറ്റിയുമായി ഉടമ്പടി വയ്ക്കുവാൻ ആവശ്യപ്പെട്ടതിന് പഴയ പച്ചക്കറി മാർക്കറ്റിലെ വ്യാപാരികളെ മുഴുവൻ പുതിയ മാർക്കറ്റിലേക്ക് മാറ്റി മാർക്കറ്റ് പ്രവർത്തന ക്ഷമമാകുന്നതുവരെ ഉടമ്പടി വയ്ക്കുന്നതിനും ബാലൻസ് ഡെപ്പോസിറ്റ് തുക, മുൻകൂർ വാടക എന്നിവ ഒടുക്കുന്നതിനും സാവകാശം നൽകണമെന്നും കാണിച്ച് ടിയാൻ അപേക്ഷ നൽകുകയും മുനിസിപ്പൽ കൗൺസിൽ പരിഗണിക്കുകയും 23.04.2010ൽ കൂടിയിട്ടുള്ള മുനിസിപ്പൽ കൗൺസിലിന്റെ 13-ാം നമ്പർ തീരുമാനത്തിന്റെയും, 19.01.2011ൽ കൂടിയിട്ടുള്ള മുനിസിപ്പൽ കൗൺസിലിന്റെ 20-ാം നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ തുക ഒടുക്കുന്നതിനു സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

01.04.2012 മുതൽ കോടിമത വെജിറ്റബിൾ മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിച്ചതിനാൽ 01.04.2012 മുതൽ 31.03.2014 വരെ 2 വർഷത്തേക്ക് കാന്റീൻ നടത്തുന്നതിനുള്ള കുത്തകാവകാശം സംബന്ധിച്ച് ടിയാനുമായി ഉടമ്പടിയിൽ ഏർപ്പെടുന്നതിനു 10.05.2013 ൽ കൂടിയിട്ടുള്ള മുനിസിപ്പൽ കൗൺസിലിൽ തീരുമാനം (തീരുമാനം നം.10) എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി മേൽ വ്യക്തിയുമായി 16.07.2013 ൽ ഉടമ്പടിയിൽ (പ്രതിമാസം 10,000/- രൂപ വാടക നിരക്കിൽ) ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യക്തിയിൽ നിന്നും ബാലൻസ് ഡെപ്പോസിറ്റ് തുക ഈടാക്കുകയോ കുടിശ്ശിക നിൽക്കുന്ന തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ്, മുനിസിപ്പൽ കൗൺസിൽ നിശ്ചയിച്ച 10000/-രൂപ നിരക്കിലുള്ള പ്രതിമാസവാടക എന്നിവ വാങ്ങുകയോ ചെയ്തിട്ടില്ല. തുടർന്ന് കാന്റീൻ നടത്തുന്നതിനായി മുനിസിപ്പാലിറ്റി വിട്ടു തന്നിട്ടുള്ള കെട്ടിടത്തിൽ വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ, വഴി സൗകര്യം എന്നിവ ലഭ്യമാകാത്തതിനാൽ കാന്റീൻ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ലായെന്നും ആയത് ഒരുക്കി 03/2013മുതൽ മാത്രമാണ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതെന്നും ആയതിനാൽ അന്നു മുതൽ മാത്രമുള്ള വാടക ഒടുക്കുന്നതിനു അനുമതി നൽകണമെന്നും, കുടിശ്ശിക ഡെപ്പോസിറ്റ് തുക തവണകളാക്കി ഒടുക്കുന്നതിനു അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീ.കെ.എ.ദിവാകരൻ മുനിസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ലേല വ്യവസ്ഥകളിലെ വ്യവസ്ഥ(24) പ്രകാരം കടമുറികളിൽ വൈദ്യുതി കണക്ഷൻ, വാട്ടർ കണക്ഷൻ എന്നിവ

എടുക്കുന്നതിനുള്ള നടപടികൾ ലൈസൻസികൾ സ്വന്തം ഉത്തരവാദിത്തത്തിൽ ചെയ്യേണ്ടതും ആയതു മൂലമുണ്ടാകുന്ന കാലതാമസങ്ങൾക്ക് മുനിസിപ്പാലിറ്റി ഉത്തരവാദിയല്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ശ്രീ.കെ.എ.ദിവാകരൻ 16.07.2013 ൽ മുനിസിപ്പാലിറ്റിയുമായി ഏർപ്പെട്ടിട്ടുള്ള ഉടമ്പടിയിൽ 02/2012 മുതലുള്ള വാടക ഒടുക്കിക്കൊള്ളുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അപേക്ഷ മുനിസിപ്പൽ സെക്രട്ടറി നിരസിക്കുകയും 02/2012 മുതലുള്ള വാടക കുടിശ്ശിക ഒടുക്കുന്നതിനും, ബാലൻസ് ഡെപ്പോസിറ്റ് തുക ഒടുക്കുന്നതിനും 05.11.2014 ൽ ഫൈനൽ നോട്ടീസ് നൽകുകയും ആയതിനു മേൽ വ്യക്തി തയ്യാറാകാത്തതിനാൽ കടമുറി ഒഴിപ്പിച്ചു പിടിച്ചെടുക്കുന്നതിനു 20.12.2014 ൽ R6/1770/09(C) നമ്പർ അധികാര പത്രം ഈസ്റ്റ് മേഖല റവന്യൂ ഇൻസ്പെക്ടർക്ക് കൈമാറുകയും ചെയ്തിരുന്നു. ഇതിനെ തുടർന്ന് ടിയാൻ അപേക്ഷ മുനിസിപ്പൽ കൗൺസിൽ മുൻപാകെ സമർപ്പിക്കുകയും ആയത് പരിശോധിച്ച ഫിനാൻസ് സ്റ്റാൻഡിംഗ് കമ്മിറ്റി 11.09.2015 ലെ 13-ാം നമ്പർ തീരുമാനപ്രകാരം വാടക തുക ഇളവു ചെയ്തു 03/2013മുതൽ ഈടാക്കുന്നതിനു മുനിസിപ്പൽ കൗൺസിലിനോടു ശിപാർശ ചെയ്യുകയും മുനിസിപ്പൽ കൗൺസിലിന്റെ 28.10.2016 ലെ 11ാം നമ്പർ തീരുമാനപ്രകാരം ആയത് അംഗീകരിക്കുകയും ചെയ്തിരിക്കുന്നു.

നഗരസഭയുടെ ലേല വ്യവസ്ഥകൾ അംഗീകരിച്ച് നഗരസഭയുമായി ലേല കരാർ വച്ചിട്ടുള്ള വ്യക്തിക്ക് മുനിസിപ്പൽ സെക്രട്ടറിയുടെ നടപടിക്രമങ്ങൾ മറികടന്ന് ഇളവുകൾ അനുവദിച്ചു നൽകിയ മുനിസിപ്പൽ കൗൺസിൽ തീരുമാനം 1998 ലെ കേരള മുനിസിപ്പാലിറ്റി (പാട്ടക്കാർക്കും ലൈസൻസിക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം (4),(5) എന്നിവയിലെ നിയമ വ്യവസ്ഥകൾക്കനുസൃതമല്ല. ഇതു മൂലം നഗരസഭയ്ക്ക് ലഭിക്കേണ്ട തനത് വരുമാനത്തിൽ കുറവ് വന്നിരിക്കുന്നു. ഇതു സംബന്ധിച്ച് നഗരസഭയുടെ 2016-2017വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 2-15) ഉൾപ്പെടുത്തുകയും 14/2018/9.8.2018 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തിരുന്നു. 1.2.2019ൽ നഗരസഭ ലഭ്യമാക്കിയ എ2-31600/18 നമ്പർ മറുപടിയിൽ ടിയാൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 9573/2018 നമ്പർ കേസിലെ 5.4.2018ലെ വിധി അനുസരിച്ച് ഹിയറിംഗ് നടത്തിയിട്ടുണ്ടെന്നും വിധിപ്പകർപ്പും വിശദാംശങ്ങളും സഹിതം കൗൺസിലിൽ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ വിഷയത്തിന്മേൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

# 2-18 കോടിമത വെജിറ്റബിൾ മാർക്കറ്റ് - സ്റ്റാൾ നം. 98ന്റെ കുടിശ്ശിക ഈടാക്കിയില്ല

കോടിമത വെജിറ്റബിൾ മാർക്കറ്റിലെ - സ്റ്റാൾ നം. 98ന്റെ ലൈസൻസ് അവകാശം നൽകിയത് എസ്. രാജേഷ് എന്ന വ്യക്തിയ്ക്കാണ്. ടി മുറിയിലെ വ്യാപാരം ടിയാന് നഷ്ടമുണ്ടാക്കുന്നുവെന്നും അതിനാൽ 78, 79 നമ്പർ മുറികളിലൊന്ന് പകരം അനുവദിക്കണമെന്നും കാണിച്ച് ടിയാൻ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. 1,23,772/-രൂപ വാടകയിനത്തിലും 1,00,000/-രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റിലും കുടിശ്ശിക വരുത്തിയതിനെ തുടർന്ന് ടിയാന് നോട്ടീസ് നൽകി മുറി പൂട്ടി. ടിയാനെ നേരിൽകേട്ട് തീരുമാനമെടുക്കാനുള്ള ബഹു. ഹൈക്കോടതിവിധി അനുസരിച്ച് 86, 94, 120, 121, 123 എന്നിവയിൽ ഏതെങ്കിലും മുറി പകരം നൽകാൻ കൗൺസിൽ തീരുമാനിച്ചു. (22.05.2017/തീരുമാനം നം. 34) ടിയാന്റെ വാടക കുടിശിക ഈടാക്കിയതിന്റെ വിവരങ്ങൾ 27.11.2018നകം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.36/24.11.2018) ഹാജരാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിയമനടപടി സ്വീകരിക്കുമെന്ന് ടിയാന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം കുടിശ്ശിക ഈടാക്കി ഓഡിറ്റിൽ വിവരമറിയിയ്ക്കേണ്ടതാണ്.

# 2-19 കോടിമത സസ്യ ചന്തലേലം – 15000/-രൂപ ഒടുക്കുവാൻ അവശേഷിക്കുന്നു.

2017-2018വർഷത്തേയ്ക്ക് കോടിമത സസ്യചന്ത ലേലം കൊണ്ടത് ശ്രീ വി.സി.ചാണ്ടി, വാടാമറ്റത്തിൽ, വടവാതൂർ എന്നയാളായിരുന്നു. ലേലത്തുകയായ 2,15,000/-രൂപയോടൊപ്പം 15% നിരക്കിൽ 32,250/-രൂപ സേവനനികുതിയും

ടിയാൻ ഒടുക്കേണ്ടിയിരുന്നു. എന്നാൽ താഴെപ്പറയുംപ്രകാരം ആകെ 2,00,000/-രൂപ മാത്രമാണ് ടിയാൻ നാളിതുവരെ ഒടുക്കിയിട്ടുള്ളത്.

| രസീത് നമ്പർ | തീയതി | തുക |
|---|---|---|
| 117010100337 | 10.4.2017 | 140000+32250 (സേവനനികുതി) |
| 11701040005 | 15.4.2017 | 60000 |
| 11701040007 | 15.4.2017 | 20000 (ഇ.എം.ഡി/ സെക്യൂരിറ്റി ഡെപ്പോസിറ്റ്) |
| **ഒടുക്കിയ ആകെ ലേലത്തുക** | | **2,00,000** |

ടിയാൻ ലേലത്തുക ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ 15/22.9.2018 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ഹാജരാക്കിയ ആർ6-എ2-2562/18/27.11.2018 നമ്പർ മറുപടിയിൽ 11601400374/10.3.2017 നമ്പർ രസീതു പ്രകാരം ബാക്കി 15000/-രൂപ ഒടുക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ടിയാൻ ലേലം കൊണ്ട മട്ടൺ സ്റ്റാളുകളുടെ ലേലത്തുകയിനത്തിൽ ഒടുക്കിയതായി നഗരസഭയുടെ സാംഖ്യ സോഫ്റ്റ്‌വെയറിൽനിന്ന് വ്യക്തമാകുന്നു. ആയതിനാൽ സസ്യചന്തയുടെ ലേലത്തുകയിനത്തിൽ ടിയാൻ ഒടുക്കുവാൻ അവശേഷിക്കുന്ന 15000/-രൂപ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 2-20 നീലിമംഗലം ഫിഷ്മാർക്കറ്റ് -കടമുറികളുടെ ലേലം നിർണ്ണയിച്ചത്

നഗരസഭയുടെ കുമാരനല്ലൂർ മേഖലയിൽപ്പെടുന്ന വാർഡ് 2ലെ നിലിമംഗലം ഫിഷ്മാർക്കറ്റ് നവീകരണം (പ്രോജക്ട് നമ്പർ – 304, ചെലവ് – 444676/-രൂപ – പൊതുവിഭാഗം വികസനഫണ്ട്) പൂർത്തിയാക്കുകയും 8 മുറികളുടെ വൈദ്യുതീകരണത്തിന് 22,000/-രൂപ കെ.എസ്.ഇ.ബിയുടെ ഗാന്ധിനഗർ സെക്ഷനിൽ ഒടുക്കുകയും ചെയ്തു. ടി മുറികൾ ലേലം നടത്തുന്നതിന് ചാർജ് ഓഫീസറെ ചുമതലപ്പെടുത്തി 17.10.2017ൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിരുന്നു. (തീരുമാനം നമ്പർ 8) പ്രസ്തുത കടമുറികളുടെ ലേലം നടത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 29.11.2018 ൽ നൽകിയ 49-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ പ്രസ്തുത മുറികളുടെ ലേലവിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-21 സേവന ഉപനികുതി ഈടാക്കുന്നില്ല

ശുചിത്വപരിപാലനം, ജലവിതരണം, തെരുവ് വിളക്ക് കത്തിയ്ക്കൽ, ഡ്രെയിനേജ് എന്നിവ ഏർപ്പെടുത്തുന്ന പക്ഷം നഗരസഭയ്ക്ക് വസ്തുനികുതിയുടെ പത്ത് ശതമാനം വരെ സേവന ഉപനികുതിയായി ഈടാക്കാൻ 1994ലെ കേരള മുനിസിപ്പൽ നിയമം അനുവദിയ്ക്കുന്നുണ്ട് (230-ാം വകുപ്പ് 4-ാം ഉപവകുപ്പ്). ഇതിനുള്ള ശുപാർശ 27.09.2017 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ജനറൽ കൗൺസിലിന് നൽകിയിരുന്നു. തെരുവു വിളക്ക് പരിപാലനം, കുടിവെള്ള വിതരണം, ഡ്രെയിനേജ് എന്നിവയ്ക്ക് നഗരസഭ ഗണ്യമായ തുക 2017-2018 ൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വകുപ്പുപ്രകാരമുള്ള സേവനഉപനികുതി നഗരസഭയിൽ നിലവിലും ഈടാക്കുന്നില്ല.

ഇതു സംബന്ധിച്ച് 29.11.2018 ൽ നൽകിയ 47-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് സർക്കാർ ഓഫീസുകൾ പ്രവർത്തിയ്ക്കുന്ന കെട്ടിടങ്ങൾക്ക് മാത്രം സേവന ഉപനികുതി ചുമത്തുന്നതിന് കൗൺസിൽ തീരുമാനിച്ചതായി മറുപടി നൽകി. ഈ വകുപ്പനുസരിച്ച് സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾ ഒഴികെയുള്ള നഗരസഭാപരിധിയിലുള്ള എല്ലാകെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കുന്നതിനുള്ള നടപടികൾ നഗരസഭ ഊർജ്ജിതമാക്കേണ്ടതാണ്.

# 2-22 കെട്ടിട നിർമ്മാണ പെർമിറ്റ് - ഫീസ് ഈടാക്കിയതിൽ കുറവ്.

നാട്ടകം സോണൽ ഓഫീസ് പരിധിയിൽപ്പെടുന്ന കെട്ടിട നിർമ്മാണ പെർമിറ്റുകൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ചുവടെ വിവരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | പെർമിറ്റ് നമ്പർ | അപേക്ഷകൻ | ആകെ പ്ലിന്ത് ഏരിയ | ഫീസ് നിരക്ക് | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| 1 | 255/17-18 | കുഞ്ഞുമോൻ.എ.മാത്യു, ഹിൽവ്യൂ ബംഗ്ലാവ്, പള്ളം. | നിലവിലെ ഗ്രൗണ്ട് ഫ്ലോറിൽ ഓടിട്ട ഭാഗം മേൽക്കര പുതുക്കൽ - 154.45ച.മീ. | 460.47ച.മീ. @7/ച.മീ. (3223.29രൂപ) | 3667/-രൂപ (3223.29+ 443.80) | 2586 | 1081 | പെർമിറ്റ് രജിസ്റ്ററിൽ ഈടാക്കിയ ഫീസ് 3668/-രൂപ എന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇഷ്യൂചെയ്ത പെർമിറ്റിൽ ഈടാക്കിയ ഫീസ്2586/- എന്നാണ് കാണിച്ചിട്ടുള്ളത്. (രസീത് നം. 25912/6.12.2017) |
| | | | പുതുതായി പണിയുന്ന ഗ്രൗണ്ട് ഫ്ലോർ - 100.05ച.മീ. | | | | | |
| | | | പുതുതായി പണിയുന്ന ഒന്നാം നില - 205.97ച.മീ. | | | | | |
| | | | ആകെ - 460.47ച.മീ. | | | | | |
| | | | പുതുതായി പണിയുന്ന ഗാരേജ് - 44.38ച.മീ. | 44.38ച.മീ. @10/ച.മീ. (443.80രൂപ) | | | | |
| 2 | 295/17-18 | പി.കെ.സുഗുണൻ, പള്ളിക്കൂടംപറമ്പിൽ, മൂലവട്ടം. | 9.529ച.മീ. (കെട്ടിട നിർമ്മാണം) | 3.50/ച.മീ. (കെട്ടിട നിർമ്മാണം) | 334 | 334 | 750 | മണ്ണ്നീക്കം ചെയ്ത്ഭൂമി വികസിപ്പിച്ച് കെട്ടിടം നിർമ്മിക്കുന്നതിനാണ് അപേക്ഷകൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. |
| | | | 202ച.മീ. (ഭൂമി വികസനം) | 750(ഭൂമി വികസനം) | 750 | | | |
| | | | | | 1084 | | | |
| ആകെ | | | | | | | 1831 | |

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 54/18 തീയതി 05.12.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പെർമിറ്റ് ഫീസിനത്തിൽ കുറവുവന്ന തുക പ്രസ്തുത കക്ഷികളിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# 2-23 റെഗുലർ പെൻഷൻ അലോട്ട്മെന്റ്- ഏകദേശം 14കോടിരൂപ സർക്കാരിൽനിന്ന് ലഭിക്കുവാൻ അവശേഷിക്കുന്നു.

ഫയൽ നമ്പർ- എ5-5152/06

നഗരസഭയിലെ റെഗുലർ വിഭാഗം ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ സർക്കാരിന്റെ രേഖകൾ പ്രകാരം 31.3.2017വരെ സെൻട്രൽ പെൻഷൻ ഫണ്ടിൽനിന്ന് നഗരസഭയ്ക്ക് 20,04,42,899/-രൂപ ലഭിക്കുവാൻ അവശേഷിക്കുന്നതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1. | 31.3.2012ൽ ലഭിക്കുവാനുള്ള തുക | 7,42,35,646 |
| 2. | 1.4.2012-31.3.2017 വരെ പെൻഷൻചെലവ് | 17,04,09,069 |
| 3. | 31.3.2017ൽ ലഭിക്കേണ്ട ആകെ തുക (1+2) | 24,46,44,715 |
| 4. | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ഒടുക്കാനുള്ള തുക | 0 |
| 5. | സി.വി.പി.ഇനത്തിൽ ഒടുക്കാനുള്ള തുക | 13,53,793 |
| 6. | കമ്മ്യൂട്ടേഷൻ | 98,83,560 |
| 7. | നഗരസഭ ഒടുക്കാനുള്ള ആകെ തുക (4+5+6) | 1,12,37,353 |
| 8. | 1.4.2012-31.3.2017 വരെ ലഭിച്ച അലോട്ട്മെന്റ് | 3,29,64,463 |
| 9. | (7+8) | 4,42,01,816 |
| 10. | 31.3.2017ൽ സർക്കാരിൽനിന്ന് ലഭിക്കുവാൻ അവശേഷിച്ചത് (3-9) | 20,04,42,899 |

(എന്നാൽ നഗരസഭയുടെ കണക്കുകൾ പ്രകാരം 31.3.2017ൽ 22,29,76,814/-രൂപ ലഭിക്കുവാൻ അവശേഷിച്ചിരുന്നു. നഗരകാര്യ ഡയറക്ടറേറ്റിൽനിന്ന് ലഭിച്ചതും ലഭിക്കേണ്ടതുമായ തുകകളുടെ വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ലാത്തതിനാൽ ഇതിന്റെ ആധികാരികത വ്യക്തമല്ല.

നഗരസഭയിലെ റെഗുലർ ജീവനക്കാരുടെ പെൻഷൻ അംശദാനം ഒടുക്കൽ സംബന്ധിച്ച ഫയൽ പരിശോധനയിൽ 05/17 വരെ മാത്രമേ പെൻഷൻ അംശദാനം ഒടുക്കിയതായി കാണുന്നുള്ളൂ.)

എന്നാൽ ഫയലിലെ വിശദാശംങ്ങൾ പ്രകാരം ടി കാലയളവിൽ പെൻഷൻ അലോട്ട്മെന്റായി ലഭിച്ചത് താഴെപ്പറയും പ്രകാരം 86,64,463/- രൂപ മാത്രമാണ്.

| തീയതി | തുക |
|---|---|
| 05.07.2012 | 11,91,143 |
| 05.07.2012 | 2,30,763 |
| 05.07.2012 | 1,79,978 |
| 28.10.2013 | 27,00,000 |
| | |

| | |
|---|---|
| 11.11.2015 | 7,83,998 |
| 11.11.2015 | 2,40,755 |
| 11.11.2015 | 15,92,236 |
| 11.11.2015 | 8,26,693 |
| 11.11.2015 | 4,15,261 |
| 11.11.2015 | 5,03,636 |
| **ആകെ** | **86,64,463** |

ഇഇപ്രകാരം 22,47,42,899/-രൂപ സർക്കാരിൽ നിന്നും ലഭിക്കുവാൻ അവശേഷിക്കുന്നു. സർക്കാർ കണക്കും, മുനിസിപ്പൽ കണക്കും മുനിസിപ്പാലിറ്റി ഫയലിലെ വിശദാംശ പ്രകാരമുള്ള കണക്കും തമ്മിലുള്ള അന്തരം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കേണ്ടതാണ്. സർക്കാർ കണക്കുപ്രകാരം കിട്ടാൻ ശേഷിക്കുന്ന തുകയിൽ 6,01,32,870/-രൂപ മാത്രമാണ് 2017-2018ൽ ലഭിച്ചത്. ബാക്കി 14,03,10,029/-രൂപയോടൊപ്പം തൻവർഷം പെൻഷൻ ഇനത്തിൽ ചെലവായ തുകയും ലഭിക്കുവാൻ അവശേഷിക്കുന്നു. പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുക സർക്കാരിൽനിന്ന് നേടിയെടുക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ, 2017-2018വർഷം പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നഗരസഭ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 71/4.2.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ പ്രസ്തുത വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പെൻഷൻ അലോട്ട്മെന്റ് സംബന്ധിച്ച കൃത്യമായ കണക്കുകൾ നഗരസഭ തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാരിൽ നിന്ന് ലഭിക്കേണ്ടതായ തുകകൾ കൃത്യമായി ലഭ്യമാക്കുന്നതിന് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 2-24 പട്ടികവർഗ്ഗഉപപദ്ധതി- വികസനഫണ്ട് വിഹിതം ചെലവഴിച്ചിട്ടില്ല

നഗരസഭാപരിധിയിൽ 18 പട്ടികവർഗ്ഗ കുടുംബങ്ങളിലായി ആകെ 58 അംഗങ്ങൾ ഉണ്ട്. ഇവർക്കുള്ള പദ്ധതിയാനുകൂല്യം ജനറൽ വിഭാഗത്തിൽ നിന്നും വഹിക്കുകയാണ് നിലവിൽ ചെയ്യുന്നത്. 2017-2018 സാമ്പത്തിക വർഷം നഗരസഭയ്ക്ക് 2,07,617/-രൂപ പട്ടികവർഗ്ഗ ഉപപദ്ധതി-വികസനഫണ്ട് ഇനത്തിൽ ലഭിച്ചിരുന്നു. പട്ടികജാതി വികസനഓഫീസർ നിർവ്വഹണം നടത്തുന്നതിനായി ലക്ഷ്യമിട്ട് പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി 2,10,531/-രൂപ വകയിരുത്തി ടി വിഭാഗങ്ങൾക്ക് പഠനമുറി, ഫർണിച്ചർ, പി.വി.സി വാട്ടർടാങ്ക് എന്നീ പ്രോജക്ടുകൾ 2017-2018ൽ ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല. ആയതിനാൽ പ്രസ്തുത വികസനഫണ്ട് വിഹിതം നഗരസഭയ്ക്ക് നഷ്ടപ്പെട്ടു. സർക്കാരിൽനിന്ന് ലഭ്യമാകുന്ന പട്ടികവർഗ്ഗ വിഹിതം ചെലവഴിച്ച് പട്ടികവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമത്തിന് ഉതകുന്ന രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നഗരസഭാ കൗൺസിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

# 2-25 നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽ നിന്ന് ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായി ഈടാക്കി.

2011ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം വ്യാപാരം/ തൊഴിൽ/ കച്ചവടസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, നടത്തുന്ന വ്യാപാരത്തിന്റെ തോത്, മുതൽമുടക്ക് തുടങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ വ്യാപാരത്തെയും തരംതിരിച്ച് ടി ചട്ടങ്ങൾക്ക് അനുബന്ധമായിട്ടുള്ള പട്ടിക1, 2 എന്നിവയിലെ കുറഞ്ഞ നിരക്കിനു വിധേയമായി കൗൺസിൽ വാർഷികലൈസൻസ്

ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇപ്രകാരം ലൈസൻസ് ഫീസ് നിശ്ചയിച്ചുകൊണ്ട് ബൈലോ തയ്യാറാക്കിയിട്ടില്ല. നഗരസഭ ബൈലോ തയ്യാറാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ടി പട്ടികയിൽ അനുശാസിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ് എന്നിരിക്കെ നഗരസഭയുടെ നാട്ടകം മേഖലാ ഓഫീസിന്റെ പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് കുറവായിട്ടാണ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപന ഉടമ | സ്ഥാപനം | ചട്ടപ്രകാരം ഒടുക്കേണ്ട കുറഞ്ഞ ലൈസൻസ് ഫീസ് | ഒടുക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | IV 445B | ശ്രീധരൻഉണ്ണി.റ്റി.എസ്, നെടുതട്ടാഴം, ചെറുകര, കുട്ടനാട് | പവിത്ര ജ്വല്ലറി, ചിങ്ങവനം. | 1000 | 500 | 500 |
| 2 | IV 447 | രാജൻ. പി. വി., രേഷ്മാ നിവാസ്, ചിങ്ങവനം. | രേഷ്മ ജ്വല്ലറി, ചിങ്ങവനം. | 1000 | 500 | 500 |
| 3 | 10/474 | അനിൽകുമാർ.സി.ഐ, ചിറയിൽ, ചിങ്ങവനം. | ന്യൂ മംഗല്യ ഫാഷൻ ജ്വല്ലറി, ചിങ്ങവനം. | 1000 | 500 | 500 |
| 4 | IV 585 | ജി. സജി, സ്വരരാഗം, ചാന്നാനിക്കാട്. | സജി ബ്രദേഴ്സ്, ശരത് ജ്വല്ലറി, ചിങ്ങവനം. | 1000 | 500 | 500 |
| 5 | VI/67A | സി.എസ്.ഇസ്മായിൽ, നൂർമഹൽ, പള്ളം. | സൂപ്പർ സ്റ്റോഴ്സ്, പലചരക്ക് & സ്റ്റേഷനറി | 2000 | 1500 | 500 |
| 6 | VI/668A | പി.എൻ.വിജയകുമാർ, വിജയനിവാസ്, തെക്കുംഗോപുരം, കോട്ടയം. | ലക്ഷ്മണാ ഫാഷൻ ജ്വല്ലറി സ്വർണ്ണം/വെള്ളി ആഭരണങ്ങൾ വിൽപ്പന | 1000 | 500 | 500 |
| 7 | VI/679 | മോളി മാത്യു, മടക്കുംമൂട്ടിൽ, ചിങ്ങവനം. | മേരിലാന്റ് ബേക്കറി | 1000 | 500 | 500 |
| 8 | VI/684 | പി.റ്റി.തോമസ്, പേരകത്തുശ്ശേരിൽ, ചിങ്ങവനം. | മിനർവ ബേക്കറി | 1000 | 500 | 500 |
| 9 | X/376 | വർഗീസ് തോമസ്, | തൈപ്പറമ്പിൽ ബേക്കറി | 1000 | 500 | 500 |

| | | | | | | |
|---|---|---|---|---|---|---|
| | | തൈപ്പറമ്പിൽ ഹൗസ്, നാട്ടകം. | | | | |
| 10 | VI/58B | പ്രമോദ്.ഡി, കോറോത്ത്, പള്ളം. | ന്യൂ ബെസ്റ്റ് ബേക്കറി, പള്ളം. | 1000 | 750 | 250 |
| 11 | V11I/124A | സി.എച്ച്.അബ്ദുൾ ഖാദർ, ന്യൂമഹൽ, പാക്കിൽ. | മിന്നൂസ് ബേക്കറി. | 1000 | 600 | 400 |
| 12 | VIII/353A | ഐപ്പ് എബ്രഹാം, താഴത്ത് ഹൗസ്, പാക്കിൽ. | താഴത്ത് ബേക്കറി & കോൾഡ് സ്റ്റോറേജ്. | 1000 | 700 | 300 |
| | | | | | ആകെ | 5450/- |

ഇതു സംബന്ധിച്ച് 11.10.2018ൽ ഓഡിറ്റ് എൻക്വയറി നം. 17/18 നൽകിയെങ്കിലും മറുപടി ലഭ്യമല്ല. ചട്ടപ്രകാരമുള്ള ഡി & ഒ ട്രേഡ് ലൈസൻസ് ഫീസ് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുകയോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1-1 ശമ്പള ബില്ലുകളിൽ നിന്നും കുറവു വരുത്തിയതിനേക്കാൾ അധികം തുക അടവുവരുത്തുന്നതിനായി പിൻവലിക്കുന്നു.

ശമ്പള ബില്ലുകളിൽ നിന്നും കുറവ് വരുത്തിയതിനേക്കാൾ അധികം തുക പിന്നീട് അവ അടവുവരുത്തുന്നതിനായി പിൻവലിക്കുന്ന പ്രവണത കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ | പണം പിൻവലിച്ചതിന്റെ വിശദാംശങ്ങൾ | |
|---|---|---|---|---|
| 30-8/17 | 579716 | 18156/04.08.2017 | 2017 ജൂൺ മാസത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നും താഴെപ്പറയുന്ന ശീർഷകങ്ങളിൽ കുറവുവരുത്തിയതുക അടവുവരുത്താൻ പിൻവലിച്ചത് | |
| | | | LIC | 1,96,986 |
| | | | കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്ക് ലോൺ | 2,64,000 |
| | | | ബാങ്ക് ലോണുകൾ | 70,730 |
| | | | കെ.എസ്.എഫ്.ഇ. | 47,000 |
| | | | മറ്റിനം | 1,000 |
| | | | | |

| | | | | |
|---|---|---|---|---|
| | | | **ആകെ** | **5,79,716** |

എന്നാൽ 2017 ജൂൺ മാസത്തെ വിവിധ വിഭാഗം ജീവനക്കാരുടെ ശമ്പളം 07/17ൽ മാറിയപ്പോൾ വിവിധ ബില്ലുകളിൽനിന്നായി യഥാർത്ഥത്തിൽ കുറവു ചെയ്ത തുക താഴെപ്പറയും പ്രകാരമാണ്.

**എ) എൽ.ഐ.സി.**

| ജീവനക്കാരുടെ വിഭാഗം | ശമ്പളത്തിൽനിന്ന് കുറവുചെയ്ത തുക | വിതരണം ചെയ്ത ശമ്പളം | കുറിപ്പുകൾ |
|---|---|---|---|
| റഗുലർ സ്റ്റാഫ് | 76321 | 3039128 | വൗച്ചർ നം. 2-7/17, ചെക്ക് നം. 931104/1.7.17 |
| റഗുലർ സ്റ്റാഫ് (സൂപ്രണ്ട് K.L. സരസ്വതി ഉൾപ്പെടെയുള്ളവർ) | 461 | 155204 | വൗച്ചർ നം. 1-7/17, ചെക്ക് നം. 931105/1.7.17 |
| കണ്ടിജന്റ് സ്റ്റാഫ് | 105950 | 2956364 | വൗച്ചർ നം. 4-7/17, ചെക്ക് നം. 018047/1.7.17 |
| ആകെ | 182732 | | |
| **അധികം പിൻവലിച്ചത്** | **14254** | | **[196986 - 182732]** |

**ബി) കോ-ഓപ്പറേറ്റീവ് സൊസൈറ്റി/ബാങ്ക് റിക്കവറി**

| ജീവനക്കാരുടെ വിഭാഗം | ശമ്പളത്തിൽനിന്ന് കുറവുചെയ്ത തുക | വിതരണം ചെയ്ത ശമ്പളം |
|---|---|---|
| റഗുലർ സ്റ്റാഫ് | 43500 | 3039128 |
| കണ്ടിജന്റ് സ്റ്റാഫ് | 213000 | 2956364 |
| ആകെ | 256500 | |
| അധികം പിൻവലിച്ചത് | 7500 | [264000 - 256500] |

**സി) കെ.എസ്.എഫ്.ഇ.**

| | |
|---|---|
| റഗുലർ സ്റ്റാഫ് | 12500 |
| | |

| | |
|---|---|
| കണ്ടിജന്റ് സ്റ്റാഫ് | 29500 |
| ആകെ | 42000 |
| | |
| അധികം പിൻവലിച്ചത് | 5000 [47000 - 42000] |

ബാങ്ക് ലോൺ/മറ്റിനം : തുകയിൽ വ്യത്യാസമില്ല

ആകെ അധികം പിൻവലിച്ച തുക : 26754 [14254 + 7500 + 5000]

| വൗച്ചർ നമ്പർ | തുക | ചെക്ക് നം. | പണം പിൻവലിച്ചതിന്റെ വിശദാംശങ്ങൾ | |
|---|---|---|---|---|
| 99-9/17 | 350570 | 018725/27.09.17 | 2017 ജൂലൈ മാസത്തിലെ വിവിധ വിഭാഗം ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നും താഴെപ്പറയുന്ന ഇനങ്ങളിൽ റിക്കവറി നടത്തിയതുക അടവുവരുത്താൻ പിൻവലിച്ചത് | |
| | | | കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്ക് ലോൺ | 224200 |
| | | | ബാങ്ക് ലോണുകൾ | 70730 |
| | | | കെ.എസ്.എഫ്.ഇ. | 51000 |
| | | | മറ്റിനം | 1000 |
| | | | ഹൗസിംഗ് ലോൺ | 3640 |
| | | | ആകെ | 350570 |

-

എന്നാൽ ജൂലൈ മാസത്തിലെ വിവിധ ശമ്പളബില്ലുകളിൽ നിന്നും ഹൗസിംഗ് ലോണിനത്തിൽ റിക്കവറി നടത്തിയത് ആകെ 910/-രൂപ മാത്രമാണ്. (സൂപ്രണ്ട് K.L. സരസ്വതിയുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയത് - ബിൽത്തുക – 189077 (വൗച്ചർ നം. 17-8/17 ചെക്ക് നം. 018149/01.08.17) എന്നാൽ ഈ ഇനത്തിൽ 3,640/- രൂപ പിൻവലിച്ചതുവഴി 2,730/-രൂപ അധികം പിൻവലിച്ചിരിക്കുന്നു.

ഇതുസംബന്ധിച്ച് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 35/18 തീയതി 23.01.18) ജൂൺ, ജൂലൈ മാസങ്ങളിലെ റിക്കവറികൾ വിവിധ സ്ഥാപനങ്ങളിലേക്ക് അയച്ചുനൽകിയതിന്റെ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ഇതുംബന്ധിച്ച് സെക്ഷൻ ക്ലാർക്കിനോട് വിശദീകരണമാവശ്യപ്പെട്ടിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ഇതുസംബന്ധിച്ച് തുടർപരിശോധനകൾ നടത്തുകയും അധികം തുക പിൻവലിച്ചതിന് ഉത്തരവാദിയായവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-1-2 ശമ്പളബില്ലുകളിൽ നിന്നും കുറവുചെയ്ത തുക പൂർണ്ണമായും അടവുവരുത്തുന്നില്ല.

| വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ | പണം പിൻവലിച്ചതിന്റെ വിശദാംശങ്ങൾ |
|---|---|---|---|
| 83-8/17 | 928728 | 2765025/9.8.17 | നഗരസഭയിലെ റഗുലർ, കണ്ടിജന്റ് ജീവനക്കാരുടെ 2017 ജൂലൈ മാസത്തെ ശമ്പളബില്ലുകളിൽ നിന്നും |

| | | | | |
|---|---|---|---|---|
| | | | പി. എഫ്. റിക്കവറിയായി പിടിച്ച തുക അടവുവരുത്താൻ പിൻവലിച്ചത് | |
| | | | റഗുലർ സ്റ്റാഫ് | 5,90,464 |
| | | | കണ്ടിജന്റ് സ്റ്റാഫ് | 3,38,264 |
| | | | ആകെ | 9,28,728 |

-

എന്നാൽ 2017 ജൂലൈ മാസത്തിലെ പ്രസ്തുത ജീവനക്കാരുടെ ശമ്പളബില്ലുകളിൽ നിന്നും യഥാർത്ഥത്തിൽ കുറവുവരുത്തിയ പി. എഫ്. തുക താഴെപ്പറയും പ്രകാരമാണ്.

| ജീവനക്കാരുടെ വിഭാഗം | ശമ്പളത്തിൽനിന്ന് കുറവുചെയ്ത തുക | കുറിപ്പുകൾ |
|---|---|---|
| റഗുലർ ജീവനക്കാർ | 659737 | [വൗച്ചർ നം. 1-8/17 മുതൽ 7-8/17 വരെ ആകെ വിതരണം ചെയ്ത ശമ്പളം - 3608460 രൂപ ചെക്ക് നം. 93111/1.8.17] |
| റഗുലർ ജീവനക്കാർ (സൂപ്രണ്ട് K.L. സരസ്വതി ഉൾപ്പെടെയുള്ള ഏതാനും പേർ) | 11577 | [വൗച്ചർ നം. 17-8/17 തുക - 189077 ചെക്ക് നം. 18149/01.08.17] |
| കണ്ടിജന്റ് ജീവനക്കാർ | 338264 | [വൗച്ചർ നം. 8-8/17 മുതൽ 12-8/17 വരെ തുക - 3259064, ചെക്ക് നം. 18147/1.8.17] |
| ആകെ | 1009578 | |
| കുറവായി അടവ് വരുത്തിയത് | 80,850/-രൂപ | (1009578-928728) |

-

ഇതുസംബന്ധിച്ച് വിശദീകരണമാരാഞ്ഞുനൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 35/2018 തീയതി 23.11.18) പ്രസ്തുത മാസത്തിലെ റിക്കവറികൾ അയച്ചുനൽകയിതിന്റെ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും സെക്ഷൻ ക്ലാർക്കിനോട് ഇതുസംബന്ധിച്ച് വിശദീകരണമാരാഞ്ഞിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയത്. ആയതിനാൽ ഇതുസംബന്ധിച്ച് തുടർപരിശോധന നടത്തി റിക്കവറി ചെയ്ത തുക പൂർണ്ണമായും അടവുവരുത്തിയെന്ന് ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

# 3-2 എസ്.എൽ.ഐ., ജി.ഐ.എസ്. വിഹിതങ്ങൾ പിടിച്ചിട്ടില്ല.

നഗരസഭയിലെ പല ജീവനക്കാരുടെയും ശമ്പളബില്ലിൽ നിന്നും എസ്.എൽ.ഐ, ജി.ഐ.എസ്. വിഹിതങ്ങൾ പിടിക്കുന്നില്ല എന്നു കാണുന്നു. കെ.എസ്.ആർ. പാർട്ട് I റൂൾ 31നു കീഴിലെ കുറിപ്പു പ്രകാരം ഒരു ജീവനക്കാരന്റെ ഒന്നാമത്തെ ഇൻക്രിമെന്റ് ടി ഇനങ്ങൾ പിടിക്കാത്തപക്ഷം അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ ടി നിർദ്ദേശത്തിനു വിരുദ്ധമായി എസ്.എൽ.ഐ. വിഹിതം നിർദ്ദേശിക്കപ്പെട്ട നിരക്കിൽ പിടിക്കുന്നില്ല എന്നതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | തസ്തിക | അടിസ്ഥാന ശമ്പളം | വരിസംഖ്യ | | റിമാർക്സ് (ഈടാക്കേണ്ടത്) |
|---|---|---|---|---|---|---|
| | | | | SLI | GIS | |
| 1 | അഭിലാഷ്.റ്റി.ആർ. | ക്ലാർക്ക് (ജനറൽ സെക്ഷൻ | 20550 | - | - | SLI = 300 GIS = 400 |
| 2 | ഗിരീഷ്കുമാർ | ഓഫീസ് അറ്റൻഡന്റ് (അക്കൗണ്ട്സ്) | 19000 | - | - | SLI = 300 GIS = 400 |
| 3 | കാളിദാസ്. സി. | ക്ലാർക്ക് (റവന്യൂ സെക്ഷൻ) | 24000 | - | - | SLI = 300 GIS = 400 |
| 4 | ശാല്യ. പി. സോമൻ | ക്ലാർക്ക് (റവന്യൂ സെക്ഷൻ) | 20550 | - | - | SLI = 300 GIS = 400 |
| 5 | സാനു. എം. ആർ. | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I (ഹെൽത്ത്) | - | - | - | SLI = 500 GIS = 400 |
| 6 | എം.ആർ.രാജേഷ്. | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - II (ഹെൽത്ത്) | 27800 | - | - | SLI = 300 GIS = 400 |
| 7 | ബീന. എ. സി. | സീനിയർ ക്ലാർക്ക് (അക്കൗണ്ട്സ്) | - | 175 | - | SLI = 300 GIS = 400 |
| 8 | ശാലിനി.പി.എസ്. | സീനിയർ ക്ലാർക്ക് (റവന്യൂ) | 31500 | 100 | - | SLI = 300 GIS = 400 |
| 9 | പി. സുലഭ | റവന്യൂ ഇൻസ്പെക്ടർ (റവന്യൂ) | 37500 | 175 | - | SLI = 500 GIS = 400 |
| 10 | രതീഷ്. എസ്. | സൂപ്രണ്ട് (റവന്യൂ) | 38500 | 300 | 500 | SLI = 500 |

എസ്.എൽ.ഐ, ജി.ഐ.എസ്. വിഹിതം പിടിക്കാത്തത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണമുണ്ടെങ്കിൽ ആയത് അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കുന്നതിന് 34/23.11.2018 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ എ2-848/2019/11.2.2019 നമ്പർ മറുപടിയിൽ എസ്.എൽ.ഐ/ ജി.ഐ.എസ് സ്കീമുകളിൽ എല്ലാ ജീവനക്കാരും അംഗങ്ങളാകുന്നതിന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ട് എന്നുമാത്രമാണ് വ്യക്തമാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശാനുസരണം എല്ലാ ജീവനക്കാരെയും ഇൻഷ്വറൻസ് സ്കീമിൽ ഉൾപ്പെടുത്തി വരിസംഖ്യ നിശ്ചിതനിരക്കിൽ ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

# 3-3 തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - അപാകതകൾ

**(1) <u>മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിൽ കാലതാമസം - സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളാൻ സാധിക്കാത്തത് ഭരണസമിതിയുടെ വീഴ്ച.</u>**

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തണമെന്ന 07.07.2010 ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ സർക്കുലർ നിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ നഗരസഭയുടെ തനത് ഫണ്ടിന് ഭീമമായ നഷ്ടമുണ്ടാകുന്നു. ടി സർക്കുലർ പ്രകാരം വാർഷികപദ്ധതിയുടെ ഭാഗമായി മാത്രമേ പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ പാടുള്ളൂവെന്ന സർക്കാർ നിർദ്ദേശവും പാലിച്ചിട്ടില്ല. നഗരസഭാപ്രദേശത്തെ 172 തെരുവുവിളക്കുകൾക്ക്

(സെൻട്രൽ സെക്ഷൻ 82, ഈസ്റ്റ് സെക്ഷൻ 90) മീറ്റർ ഘടിപ്പിക്കുന്നതിലേക്കായി 17.11.2012ൽ കെ.എസ്.ഇ.ബി സെൻട്രൽ സെക്ഷനിൽ 4,34,600/-രൂപയും ഈസ്റ്റ് സെക്ഷനിൽ 4,77,000/-രൂപയും ഉൾപ്പെടെ 9,11,600/-രൂപ നഗരസഭയിൽ നിന്നും ഒടുക്കിയിട്ടുള്ളതാണ്. 17.11.2012ന് മുൻപ് തുക ഒടുക്കുന്ന പക്ഷം 50% കൺസഷൻ നിരക്കിൽ പ്രവൃത്തി നടപ്പിലാക്കുന്നതാണെന്ന് കെ.എസ്.ഇ.ബി ഡിവിഷണൽ എക്സിക്യൂട്ടീവ് എൻജിനീയർ രേഖാമൂലം അറിയിച്ചതിൻപ്രകാരമാണ് ടി തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. തുക ഡെപ്പോസിറ്റ് ചെയ്തു കഴിഞ്ഞാൽ കഴിവതും വേഗം പ്രവൃത്തി നടപ്പാക്കുവാൻ വൈദ്യുതി ബോർഡ് ശ്രമിക്കേണ്ടതാണെന്നും ടി സർക്കുലറിൽ നിഷ്കർഷിച്ചിട്ടും എസ്റ്റിമേറ്റ് പ്രകാരം കെ.എസ്.ഇ.ബി ആവശ്യപ്പെട്ട തുക ഒടുക്കി ആറുവർഷമായിട്ടും മീറ്റർ സ്ഥാപിക്കാത്തത് വൈദ്യുതി വകുപ്പിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. മീറ്റർ സ്ഥാപിക്കൽ സമയബന്ധിതമായി ചെയ്യുന്നതിന് കെ.എസ്.ഇ.ബി.യെ ബാധ്യതപ്പെടുത്തുംവിധം കെ.എസ്.ഇ.ബി.യുമായി കരാർ ഉണ്ടാക്കുന്നതിന് നഗരസഭ ശ്രമിച്ചില്ല. തന്മൂലം നഗരസഭയ്ക്ക് വൈദ്യുതിചാർജ്ജ് ഇനത്തിൽ ഭീമമായ നഷ്ടമുണ്ടാകുന്നു. ഈ വിഷയം വകുപ്പ് ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലും വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ അനാസ്ഥയിന്മേൽ വേണ്ട നടപടി കൈക്കൊള്ളുന്നതിലും നഗരസഭ മതിയായ ജാഗ്രത കാണിച്ചിട്ടില്ല. തുടർന്നും വൈദ്യുതിചാർജ്ജ് ഇനത്തിൽ നഗരസഭയ്ക്ക് ഉണ്ടാകാവുന്ന നഷ്ടം തടയുന്നതിന് മീറ്റർ സ്ഥാപിക്കുന്ന പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനും രേഖാമൂലം വാഗ്ദാനം ചെയ്ത 50% കൺസഷൻ നിരക്കിൽ തന്നെ പ്രവൃത്തി നടപ്പാക്കുന്നതിനും വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

**(2) <u>മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്താത്തതിനാൽ വൈദ്യുതിചാർജ്ജ് ഇനത്തിൽ നഗരസഭയുടെ തനത് ഫണ്ടിന് കോടികളുടെ നഷ്ടം</u>**

നഗരസഭാപരിധിയിൽ പ്രവർത്തിക്കുന്ന 1146343001285, കുമാരനല്ലൂർ മേഖല കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്ന 1146359008497, നാട്ടകം മേഖല കാര്യാലയ പരിധിയിൽ പ്രവർത്തിക്കുന്ന 1146250002301 എന്നീ കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ 8A താരിഫിലാണ് നിലവിൽ വൈദ്യുത ചാർജ്ജ് ഈടാക്കുന്നത്. തെരുവുവിളക്കുകളുടെ എണ്ണമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. ഇത് തികച്ചും അശാസ്ത്രീയമാണ്.

2017-2018 സാമ്പത്തിക വർഷത്തിൽ 1146343001285 എന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ വൈദ്യുതിവകുപ്പിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | മാസം | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 38-05/17 | ഏപ്രിൽ | 852511 | 017478/05.05.2017 |
| 2 | 86-06/17 | മെയ് | 928114 | 017991/13.06.2017 |
| 3 | 52-07/17 | ജൂൺ | 978468 | 018076/10.07.2017 |
| 4 | 39-08/17 | ജൂലൈ | 928725 | 018161/07.08.2017 |
| 5 | 21-09/17 | ആഗസ്റ്റ് | 928114 | 018682/07.09.2017 |
| 6 | 87-10/17 | സെപ്തംബർ | 928114 | 018789/11.10.2017 |
| 7 | 105-11/17 | ഒക്ടോബർ | 928114 | 139994/15.11.2017 |
| 8 | 21-12/17 | നവംബർ | 928725 | 019707/05.12.2017 |
| 9 | 83-01/18 | ഡിസംബർ | 928114 | 019835/19.01.2018 |
| 10 | 138-02/18 | ജനുവരി | 929030 | 019966/23.02.2018 |
| 11 | 35-04/18 | ഫെബ്രുവരി | 928114 | 020136/06.04.2018 |

| | | | | |
|---|---|---|---|---|
| 12 | | മാർച്ച് | 932386 | |
| ആകെ | | | **1,11,18,529** | |

ഏപ്രിൽ 2017 വരെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 851671/-രൂപയാണ് ഈടാക്കിയിരുന്നത്. ടി തുക ഈടാക്കുന്നതിനായി കെ.എസ്.ഇ.ബി സമർപ്പിച്ച തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Ordinary Bulb 40 W | 2233 | 61 | 136213 |
| 2 | Ordinary Bulb 60 W | 17 | 94 | 1598 |
| 3 | Ordinary Bulb 100 W | 58 | 155 | 8990 |
| 4 | Fluoroscent Tube 2X40 W | 3222 | 124 | 399528 |
| 5 | Mercury Vapour Lamp 125 W | 23 | 206 | 4738 |
| 6 | Mercury Vapour Lamp 250 W | 11 | 414 | 4554 |
| 7 | Sodium Vapour Lamp 75 W | 144 | 116 | 16704 |
| 8 | Sodium Vapour Lamp 125 W | 88 | 206 | 18128 |
| 9 | Sodium Vapour Lamp 250 W | 615 | 414 | 254610 |
| 10 | CFL 2X11W | 472 | 14 | 6608 |
| **ആകെ** | | | | **8,51,671** |

എന്നാൽ മെയ് 2017 മുതൽ വൈദ്യുതി ബോർഡ് അതിന്റെ 1007/F&T/2016/1/KSERC.17/April 2017 നമ്പർ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചതും മേൽപ്രകാരം വിവിധ വിളക്കുകൾക്ക് ബാധകമായ നിരക്കിലുള്ള 9,28,114/-രൂപയാണ്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Ordinary Bulb 40 W | 2233 | 66 | 1,47,378 |
| 2 | Ordinary Bulb 60 W | 17 | 102 | 1,734 |
| 3 | Ordinary Bulb 100 W | 58 | 167 | 9,686 |
| 4 | Fluoroscent Tube 2x40 W | 3222 | 134 | 4,31,748 |
| 5 | Mercury Vapour Lamp 125 W | 23 | 222 | 5,106 |
| 6 | Mercury Vapour Lamp 250 W | 11 | 447 | 4,917 |
| 7 | Sodium Vapour Lamp 75 W | 144 | 125 | 18,000 |
| 8 | Sodium Vapour Lamp 125 W | 88 | 222 | 19,536 |
| 9 | Sodium Vapour Lamp 250 W | 615 | 447 | 2,74,905 |
| 10 | CFL 2x11W | 472 | 32 | 15,104 |
| **ആകെ** | | | | **9,28,114** |

ഇതു പ്രകാരം 2017 ജൂൺ മാസത്തെ കറന്റ് ചാർജ് അടച്ചപ്പോൾ യഥാർത്ഥത്തിൽ അടയ്ക്കേണ്ട 928,114/-രൂപയ്ക്ക് പകരം 9,77,857/- രൂപ അടച്ചിട്ടുണ്ട്. (വൗച്ചർ നം. 52-7/17 തുക 9,77,857 + 611 സർചാർജ്) അതായത് 49,743/-രൂപ (9,28,114 – 9,77,857) അധികം അടച്ചു. ആയത് പുനക്രമീകരിക്കേണ്ടതാണ്.

**<u>കുമാരനല്ലൂർ മേഖല കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്</u>**

2017-2018 സാമ്പത്തിക വർഷത്തിലെ വൗച്ചറുകൾ പ്രകാരം 1146359008497 എന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ വൈദ്യുതിവകുപ്പിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | മാസം | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 107-05/17 | ഏപ്രിൽ | 1,70,823 | 017509/17.05.2017 |
| 2 | 178-06/17 | മെയ് | 2,15,303 | 018036/29.06.2017 |
| 3 | 67-07/17 | ജൂൺ | 1,92,441 | 018083/11.07.2017 |
| 4 | 95-08/17 | ജൂലൈ | 1,91,340 | 018187/11.08.2017 |
| 5 | 30-09/17 | ആഗസ്റ്റ് | 1,91,214 | 018689/13.09.2017 |
| 6 | 65-10/17 | സെപ്തംബർ | 1,91,277 | 018789/11.10.2017 |
| 7 | 88-11/17 | ഒക്ടോബർ | 1,91,214 | 139992/13.11.2017 |
| 8 | 93-12/17 | നവംബർ | 1,87,608 | 139752/13.12.2017 |
| 9 | 66-01/18 | ഡിസംബർ | 1,91,214 | 019826/10.01.2018 |
| 10 | 73-02/18 | ജനവരി | 1,91,214 | 019925/14.02.2018 |
| 11 | 49-03/18 | ഫെബ്രുവരി | 1,91,843 | 020007/07.03.2018 |
| 12 | 70-04/18 | മാർച്ച് | 1,91,277 | 020980/10.04.2018 |
| | **ആകെ** | | **22,96,768** | |

തെരുവുവിളക്കുകളുടെ വൈദ്യുത ചാർജ്ജുമായി ബന്ധപ്പെട്ട ഫയൽ (നം.KH1-3620/11) പരിശോധനയ്ക്ക് ആവശ്യപ്പെട്ടുകൊണ്ട് റിക്വസിഷനും (നമ്പർ 16/13.03.2018) 05.04.2018ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പും (നം.06/2018) നൽകിയെങ്കിലും ഫയലോ മറുപടിയോ ലഭ്യമാക്കിയില്ല. ആയതിനാൽ ടി തുകകളുടെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

**<u>നാട്ടകം മേഖല കാര്യാലയത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ്</u>**

2017-2018 സാമ്പത്തിക വർഷത്തിൽ 1146250002301 എന്ന കൺസ്യൂമർ നമ്പറിലുള്ള തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഇനത്തിൽ വൈദ്യുതിവകുപ്പിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | മാസം | തുക | ചെക്ക് നമ്പർ/ തീയതി |
|---|---|---|---|---|
| 1 | 102-04/17 | ഏപ്രിൽ | 100516 | 017414/15.04.2017 |
| 2 | 191-05/17 | മെയ് | 100780 | 017550/31.05.2017 |
| 3 | 183-06/17 | ജൂൺ | 115918 | 018041/29.06.2017 |
| | | | | |

| | | | | |
|---|---|---|---|---|
| 4 | 138-07/17 | ജൂലൈ | 115934 | 018116/20.07.2017 |
| 5 | 248-08/17 | ആഗസ്റ്റ് | 115734 | 018658/31.08.2017 |
| 6 | 86-09/17 | സെപ്തംബർ | 115999 | 018713/22.09.2017 |
| 7 | 150-10/17 | ഒക്ടോബർ | 115608 | 018817/21.10.2017 |
| 8 | 115-11/17 | നവംബർ | 115734 | 139996/16.11.2017 |
| 9 | 95-12/17 | ഡിസംബർ | 115626 | 019744/14.12.2017 |
| 10 | 120-01/18 | ജനവരി | 115354 | 019855/18.01.2018 |
| 11 | 21-03/18 | ഫെബ്രുവരി | 115923 | 019989/03.03.2018 |
| 12 | 89-03/18 | മാർച്ച് | 115354 | 020033/12.03.2018 |
| | ആകെ | | **13,58,480** | |

പുതുക്കിയ നിരക്കനുസരിച്ച് വൈദ്യുതിചാർജ്ജ് ഈടാക്കുന്നതിനായി കെ.എസ്.ഇ.ബി സമർപ്പിച്ച തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | പുതുക്കിയനിരക്ക് | തുക |
|---|---|---|---|---|
| 1 | Ordinary Bulb 40 W | 729 | 66 | 48114 |
| 2 | Fluroscent Tube 1X40 W | 682 | 66 | 45012 |
| 3 | Fluroscent Tube 2X40 W | 65 | 134 | 8710 |
| 4 | CFL (2X11) Automatic ON/OFF | 395 | 16 | 6320 |
| 5 | Sodium Vapour Lamp 1X250 | 2 | 447 | 894 |
| ആകെ | | | | **1,09,050** |

പുതുക്കിയ നിരക്കനുസരിച്ച് കെ.എസ്.ഇ.ബി കണക്കാക്കി നൽകിയ വൈദ്യുതിചാർജ്ജും പ്രതിമാസം ബിൽ പ്രകാരം ഈടാക്കുന്ന വൈദ്യുതിചാർജ്ജും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.10/19.05.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുമ്പോൾ 8B താരിഫ് പ്രകാരമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. 8B താരിഫ് അനുസരിച്ച് 1 യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിന് 3 രൂപ 90 പൈസ എന്ന ക്രമത്തിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം തുക ഒടുക്കി അധികച്ചെലവ് ഒഴിവാക്കാവുന്നതാണ്. നിലവിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ കോടികണക്കിന് രൂപയുടെ നഷ്ടം നഗരസഭയ്ക്കുണ്ടാകുന്നു. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തി തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ കൃത്യമാക്കി നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

**(3) <u>കൃത്യമായ സമയപരിധിക്കുള്ളിൽ വൈദ്യുത ചാർജ്ജ് അടവാക്കാത്തതിനാൽ സർചാർജ്ജിനത്തിൽ അധികം തുക നഗരസഭ അടയ്ക്കേണ്ടി വരുന്നു.</u>**

വൈദ്യുത ചാർജ്ജ് ഇനത്തിൽ തുക ഒടുക്കേണ്ടിയിരുന്ന അവസാന തീയതിയ്ക്ക് ശേഷം തുക അടവാക്കിയതിനാൽ സർചാർജ്ജായി തുക നൽകേണ്ടി വരുന്നത് നഗരസഭയ്ക്ക് നഷ്ടമുണ്ടാക്കുന്നു.

(എ) 1146343001285 കൺസ്യൂമർ നമ്പരിൽ സർചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ :-

| ക്രമ | മാസം/ | ബിൽ അടയ്ക്കേണ്ടിയിരുന്ന | ബിൽ അടച്ച | ഈടാക്കിയ |
|---|---|---|---|---|

| നമ്പർ | വൗച്ചർ നമ്പർ | അവസാന തീയതി | തീയതി | സർചാർജ്ജ് |
|---|---|---|---|---|
| 1 | 38–05/17 | 10.04.2017 | 15.04.2017 | 840 |
| 2 | 52–07/17 | 10.06.2017 | 14.06.2017 | 611 |
| 3 | 39–08/17 | 10.07.2017 | 13.07.2017 | 611 |
| 4 | 21–12/17 | 10.11.2017 | 24.11.2017 | 3357 |
| 5 | 138-02/18 | 15.01.2018 | 18.01.2018 | 916 |
| 6 | 35–04/18 | 15.03.2018 | 06.04.2018 | 4222 |
| ആകെ | | | | **10,557** |

(ബി) 1146359008497 കൺസ്യൂമർ നമ്പരിൽ സർചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ :-

| ക്രമ നമ്പർ | വൗച്ചർ നമ്പർ | ബിൽ അടയ്ക്കേണ്ടിയിരുന്ന അവസാന തീയതി | ബിൽ അടച്ച തീയതി | ഈടാക്കിയ സർചാർജ്ജ് |
|---|---|---|---|---|
| 1 | 178–06/17 | 12.05.2017 | 18.05.2017 | 337 |
| 2 | 67-07/17 | 11.07.2017 | 13.07.2017 | 1227 |
| 3 | 95–08/17 | 08.08.2017 | 11.08.2017 | 126 |
| 4 | 65–10/17 | 10.10.2017 | 12.10.2017 | 63 |
| 5 | 49–03/18 | 10.03.2018 | 13.03.2018 | 629 |
| 6 | – 4/18 | 03.04.2018 | 11.04.2018 | 63 |
| ആകെ | | | | **2,445** |

(സി) 1146250002301 കൺസ്യൂമർ നമ്പരിൽ സർചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ :-

| ക്രമ നമ്പർ | മാസം/ വൗച്ചർ നമ്പർ | ബിൽ അടയ്ക്കേണ്ടിയിരുന്ന അവസാന തീയതി | ബിൽ അടച്ച തീയതി | ഈടാക്കിയ സർചാർജ്ജ് |
|---|---|---|---|---|
| 1 | 102– | 10.03.2017 | 14.03.2017 | 34 |

| | | | | |
|---|---|---|---|---|
| | 04/17 | | | |
| 2 | 191–05/17 | 13.05.2017 | 01.06.2017 | 298 |
| 3 | 183–06/17 | 16.06.2017 | 30.06.2017 | 564 |
| 4 | 138–07/17 | 14.07.2017 | 21.07.2017 | 580 |
| 5 | 248–08/17 | 14.08.2017 | 31.08.2017 | 380 |
| 6 | 86–09/17 | 17.09.2017 | 23.09.2017 | 645 |
| 7 | 150–10/17 | 14.10.2017 | 26.10.2017 | 190 |
| 8 | 115–11/17 | 12.11.2017 | 22.11.2017 | 380 |
| 9 | 95–12/17 | 12.12.2017 | 20.12.2017 | 272 |
| 10 | 21–03/18 | 11.02.2018 | 03.03.2018 | 569 |
| **ആകെ** | | | | **3,912** |

കൃത്യമായ സമയപരിധിക്കുള്ളിൽ വൈദ്യുത ചാർജ്ജ് അടവാക്കാത്തതിനാൽ ബിൽ തുക കൂടാതെ പിഴ ഇനത്തിൽ ഓരോ മാസവും അധികമായി പണമടയ്ക്കേണ്ടി വരുന്നു. 2017-2018 സാമ്പത്തിക വർഷത്തിൽ 3 കൺസ്യൂമർ നമ്പറുകൾക്ക് മാത്രമായി സർചാർജ്ജ് ഇനത്തിൽ 16914രൂപ (10557+2445+3912) അധികമായി നൽകിയിട്ടുണ്ട്. നിരവധി വൈദ്യുത കണക്ഷനുകളുള്ളതിനാൽ നഗരസഭയുടെ ഫണ്ട് ഈ വിധത്തിൽ ചോരുന്നത് ഭീമമായ നഷ്ടമുണ്ടാക്കുന്നു. കാലതാമസം വരുന്നതിന്റെ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.05/31.03.2018), പലപ്പോഴും തുക ഒടുക്കേണ്ട അവസാന തീയതിക്ക് ശേഷം ബിൽ ലഭ്യമാകുന്നതിനാലാണ് പിഴ അടയ്ക്കേണ്ടി വരുന്നതെന്നാണ് എക്സിക്യൂട്ടീവ് എൻജിനീയർ നൽകിയ വിശദീകരണം. അവസാന തീയതിയ്ക്ക് മുൻപായി തുക അടവാക്കി നഗരസഭ ഫണ്ടിന് സർചാർജ്ജ് ഇനത്തിൽ തുടർന്നും നഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

**(4) <u>രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല</u>**

തെരുവുവിളക്കുകളുടെ കൃത്യമായ സ്ഥിതി വിവരം സംബന്ധിച്ച ഇനം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചിട്ടുള്ള വൈദ്യുതി വിളക്കുകളുടെ എണ്ണവും മറ്റുമാണ് ഇപ്പോഴും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിന് മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. ഇത് യുക്തിക്ക് നിരക്കാത്തതാണ്.

തെരുവുവിളക്കുകളുടെ മെയിന്റനൻസ് ഫയൽ പരിശോധിച്ചതിൽ നിന്നും ഓർഡിനറി ബൾബുകളുടെ ഉപയോഗം കുറവാണെന്ന് വ്യക്തമായിട്ടുണ്ട്. ബൾബുകൾ മാറ്റി സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിച്ചിട്ടുള്ളതാണെന്നും ആയതിനാൽ വൈദ്യുതി ചാർജ്ജിൽ ആനുപാതികമായ കുറവുകൾ വരുത്തണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി നടപടികൾ സ്വീകരിച്ചിട്ടില്ല.

വൈദ്യുതി ബോർഡ് അധികൃതർ ലഭ്യമാക്കിയിട്ടുള്ള കണക്കുകൾ പ്രകാരം നഗരസഭ പരിധിയിൽ 75 W, 125 W, 250 W എന്നിവയുടെ ഏകദേശം 1000 സോഡിയം വേപ്പർ ലാമ്പുകൾ നിലവിലുണ്ട്. ഇവയ്ക്ക് ഒരെണ്ണത്തിന് യഥാക്രമം 116രൂപ, 206രൂപ, 404രൂപ വീതമാണ് പ്രതിമാസ വൈദ്യുതി നിരക്ക്. ഉയർന്ന എനർജി ഉപഭോഗവും, മെയിന്റനൻസ് ചെലവുമുള്ളവയാണ് സോഡിയം വേപ്പർ ലാമ്പുകൾ. സംയുക്ത പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ നഗരസഭ പരിധിയിൽ എത്ര സോഡിയം വേപ്പർ ലാമ്പുകളാണ് നിലവിൽ പ്രവർത്തനക്ഷമമായ നിലയിലുള്ളത് എന്ന വിവരം ലഭ്യമല്ല. ആയതിനാൽ ഒടുക്കുന്ന തുകയ്ക്ക് ആനുപാതികമായി വൈദ്യുതി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സംവിധാനമില്ല. 2017-2018 സാമ്പത്തികവർഷത്തിൽ ഊർജ്ജസംരക്ഷണത്തിന്റെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ മാറ്റി 90W ന്റെ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനായി പദ്ധതി (പ്രോജക്ട് നമ്പർ.929/17 – 18) ആവിഷ്കരിച്ചിട്ടുണ്ട്. 90W എൽ.ഇ.ഡി ലാമ്പുകൾക്ക് കേവലം 70രൂപ മാത്രമാണ് വൈദ്യുതി ചാർജ്ജ്. നിലവിലുള്ള എല്ലാ സോഡിയം വേപ്പർ ലാമ്പുകളും മാറ്റി എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചതിനുശേഷം വൈദ്യുത വിളക്കുകൾക്ക് ചാർജ്ജ് ഈടാക്കുകയാണെങ്കിൽ നിലവിൽ നഗരസഭ വൈദ്യുതചാർജിനത്തിൽ ഒടുക്കുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്താൻ സാധിക്കുന്നതാണ്.

വാർഡ് സഭകളിൽ നിന്നുള്ള നിർദ്ദേശപ്രകാരം തെരുവുവിളക്കുകൾക്കുള്ള ബൾബുകളും സാമഗ്രികളും വാങ്ങിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി നൽകിയെങ്കിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഇവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

തെരുവുവിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്ററിലോ പരാതികൾ പരിഹരിച്ചിട്ടുള്ളതായി കരാറുകാർ നൽകുന്ന സാക്ഷ്യപത്രത്തിലോ മാറ്റി സ്ഥാപിച്ച തെരുവുവിളക്കുകളുടെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തുന്നില്ല. ആയതിനാൽ കേടായ തെരുവുവിളക്കുകളുടെയോ പകരം സ്ഥാപിച്ചവയുടേയോ കണക്കുകൾ ലഭ്യമല്ല. പരാതി രജിസ്റ്ററുകളിലും കരാറുകാർ നൽകുന്ന സാക്ഷ്യപത്രത്തിലും കേടായ തെരുവുവിളക്കുകളുടെയും പകരം സ്ഥാപിച്ചവയുടേയും കണക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

നഗരസഭയും കെ.എസ്.ഇ.ബിയും സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ ഇനം, എണ്ണം, വൈദ്യുതചാർജ്ജ് എന്നിവയിൽ കൃത്യത വരുത്തുന്നതിനും രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 തെരുവുവിളക്കുകളുടെ പുതുക്കിയ ചാർജ്ജ് - കെ.എസ്.ഇ.ബിയിൽ 10000 രൂപ അധികമായി അടവാക്കിയതിനാൽ നഗരസഭയ്ക്ക് നഷ്ടം.

2017-2018 സാമ്പത്തിക വർഷം നാട്ടകം മേഖലാ പരിധിയിൽ പ്രവർത്തിക്കുന്ന 1146250002301 കൺസ്യൂമർ നമ്പരായുള്ള തെരുവുവിളക്കിന്റെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 2017 ലെ താരിഫ് നിരക്ക് വർദ്ധനവിനെ തുടർന്നുണ്ടായ കുടിശ്ശികയിൽ 10,000/-രൂപ അധികമായി അടവാക്കിയിരിക്കുന്നതായി വൗച്ചർ (നമ്പർ 22 – 06/17) പരിശോധനയിൽ വ്യക്തമായി. ഏപ്രിൽ, മെയ് മാസങ്ങളിലെ കുടിശിക അടയ്ക്കണമെന്ന് കാണിച്ച് കെ.എസ്.ഇ.ബി യിൽ നിന്ന് 25.05.2017ൽ ESPallom/Street Light/2017-18/17 നമ്പരായി നഗരസഭയ്ക്ക് കത്ത് നല്കുകയുണ്ടായി. അതിൽ പരാമർശിച്ചിരിക്കുന്ന പുതുക്കിയ നിരക്ക് പ്രകാരമുള്ള കണക്കുകൾ (മെയ് മാസത്തിലെ) ചുവടെ ചേർത്തിരിക്കുന്നു .

| ക്രമനമ്പർ | ഇനം | എണ്ണം | പുതുക്കിയ നിരക്ക് | തുക |
|---|---|---|---|---|
| 1 | Ordinary Bulb 40 W | 729 | 66 | 48,114 |
| 2 | Fluroscent Tube 1X40 W | 682 | 66 | 45,012 |
| 3 | Fluroscent Tube 2X40 W | 65 | 134 | 8,710 |
| 4 | CFL (2X11) Automatic ON/OFF | 395 | 16 | 16,320 |
| 5 | Sodium Vapour Lamp 1X250 | 2 | 447 | 894 |

| ആകെ | | | 1,19,050 |
|---|---|---|---|

CFL (2X11) Automatic ON/OFF 395 എണ്ണത്തിന് 16 രൂപ നിരക്കിൽ 6,320/-രൂപ എന്നതിനുപകരം 16,320/-രൂപ എന്ന് തെറ്റായി രേഖപ്പെടുത്തി 10,000/-രൂപ അധികമായി ഈടാക്കിയാണ് കെ.എസ്.ഇ.ബി കണക്കുകൾ സമർപ്പിച്ചിരിക്കുന്നത്. യഥാർത്ഥത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 1,09,050/-രൂപ അടവാക്കിയാൽ മതിയായിരുന്നു. മെയ് മാസത്തിലെ വൈദ്യുതചാർജ്ജ് കിഴിച്ചുള്ള കുടിശിക 8,568/-രൂപയും (1,09,050 – 1,00,482) ഏപ്രിൽ മാസത്തിലെ കുടിശ്ശിക 5,516/-രൂപയും ഉൾപ്പെടെ 14,084/-രൂപ അടവാക്കുന്നതിനുപകരം കെ.എസ്.ഇ.ബിയിൽ നിന്നും നൽകിയ കത്തിൽ ആവശ്യപ്പെട്ട തുകയായ 24,084/-രൂപ (ചെക്ക് നം.017957/01.06.17) മേൽ പരിശോധന കൂടാതെ പള്ളം സെക്ഷനിൽ അടവാക്കിയതിനാൽ നഗരസഭയ്ക്ക് 10,000/-രൂപയുടെ നഷ്ടം ഉണ്ടായിരിക്കുന്നു. ടി അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ07/03.05.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. അധികമായി അടവാക്കിയ 10,000/-രൂപ കെ.എസ്.ഇ.ബിയിൽ നിന്ന് തിരികെ ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടത്തിനുത്തരവാദികളിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

# 3-5 തിരുവാതുക്കൽ കമ്മ്യൂണിറ്റി ഹാളിനോടുചേർന്ന് ഡൈനിംഗ്ഹാൾ നിർമ്മാണം - ആർക്കിടെക്ച്ചറൽ ഫീസ് നൽകിയത് തടസ്സപ്പെടുത്തുന്നു.

ഫയൽ നം. പി.ഡബ്ല്യൂ2-12306/96 & പി.ഡബ്ല്യൂ2- 23384/15

തിരുവാതുക്കൽ കമ്മ്യൂണിറ്റി ഹാളിനോടുചേർന്ന് ഡൈനിംഗ്ഹാൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ആർക്കിടെക്ച്ചർ ഫീസിനത്തിൽ 2017-2018ൽ താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | ചെക്ക് നമ്പർ | തുക നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | 129-4/17 | 52,325 | 017433/19.04.2017 | സ്ട്രക്ച്ചർ ഡ്രോയിംഗ്/ഡിസൈൻ എന്നിവ സൂക്ഷ്മപരിശോധന നടത്തിയതിന് എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി എന്ന സ്ഥാപനത്തിന് കൺസൽട്ടിംഗ് ഫീസ് നൽകിയത്. |
| 2 | 52-5/17 | 2,20,113 | 0531391/08.05.2017 | ആർക്കിടെക്ച്ചർ ഡിസൈനിംഗിന്റെ ഫീസായി M/s. ആൻസൺ ഗ്രൂപ്പിന് നൽകിയത്. |
| 3 | 53-5/17 | 2,47,329 | 0531391/08.05.2017 | ആർക്കിടെക്ച്ചർ ഡിസൈനിംഗിന്റെ ഫീസായി M/s. ആൻസൺ ഗ്രൂപ്പിന് നൽകിയത്. |
| 4 | 181-6/17 | 33,017 | 018039/29.06.2017 | സർവ്വീസ് ടാക്സിനത്തിൽ ആൻസൺ ഗ്രൂപ്പ് സർക്കാരിൽ നേരിട്ടടച്ച തുക അവർക്ക് തിരികെ നൽകിയത്. |
| ആകെ | | 5,52,784 | | |

എന്നാൽ പ്രസ്തുത പേമെന്റ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) തിരുവാതുക്കൽ കമ്മ്യൂണിറ്റി ഹാളിനോടുചേർന്ന് ഡൈനിംഗ്ഹാൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾക്കായി 14,50,000/- രൂപയുടെ ഒരു പ്രോജക്ട് ആവിഷ്ക്കരിച്ചതായി (പ്രോജക്ട് നം. 933/18) വൗച്ചറിനൊപ്പമുള്ള കുറിപ്പിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിയിലോ, പദ്ധതിനിർവ്വഹണം സംബന്ധിച്ച

സുലേഖ സോഫ്റ്റ്‌വെയർ ചെലവുപത്രികയിലോ പ്രസ്തുത പദ്ധതിയും, അതിനുകീഴിലെ ചെലവും ഉൾപ്പെട്ടുകാണുന്നില്ല. പദ്ധതി ആവിഷ്കരിച്ചശേഷം പിന്നീട് ഉപേക്ഷിക്കപ്പെട്ടതാണോ എന്നത് വ്യക്തമായിട്ടില്ല.

2) ഈ പദ്ധതിക്ക് ഒറിജിനൽ സാങ്കേതികാനുമതി നൽകിയത് 08.10.1998ൽ 87,34,105/- രൂപയ്ക്കാണ്. ഇത് പിന്നീട് 29.03.05ൽ 1.26കോടിരൂപയായും ഏറ്റവുമൊടുവിൽ 18.12.13ന് 3.16കോടിരൂപയായും പുനർനിർണ്ണയിക്കപ്പെട്ടു. ഒടുവിലായി ലഭിച്ച 3.16കോടിരൂപ അന്തിമ പ്രോജക്ട് കോസ്റ്റായി പരിഗണിച്ചാൽ സർക്കാർ വകുപ്പുകളിൽ പിന്തുടരുന്നരീതി പ്രകാരം ഇതിന്റെ 40% തുകയുടെ (126,40,000/- രൂപയുടെ) 2.33% എന്ന നിലയിൽ 2,94,512/- രൂപയാണ് ആൻസൺ ഗ്രൂപ്പിന് ആർക്കിടെക്ച്ചറൽ ഫീസായി നൽകേണ്ട തുക. എന്നാൽ 2017-2018 വർഷം മാത്രം 4,67,442/-രൂപ [220113 + 247329] നൽകി. മുൻവർഷങ്ങളിൽ ഈയിനത്തിൽ തുക നൽകപ്പെട്ടിട്ടുള്ളതിന്റെ വിവരം വ്യക്തമല്ല. യഥാർത്ഥത്തിൽ നൽകേണ്ടതിനേക്കാൾ ഉയർന്ന തുകയാണ് ഈയിനത്തിൽ ആൻസൺ ഗ്രൂപ്പിന് നൽകിയിട്ടുള്ളതെന്നാണ് മനസിലാകുന്നത്.

3) സെൻട്രൽ എക്സൈസ് ഡിപ്പാർട്ട്മെന്റിൽ 33,017/-രൂപ തങ്ങൾ നേരിട്ടടച്ചതിനാൽ ടി തുക തിരികെ നൽകണമെന്ന്കാട്ടി ആൻസൺ ഗ്രൂപ്പ് 13.06.2017ൽ മുനിസിപ്പാലിറ്റിക്ക് കത്ത് നൽകിയതിനെ തുടർന്നാണ് പ്രസ്തുത തുക ടി സ്ഥാപനത്തിന് മുനിസിപ്പാലിറ്റി തിരിച്ചുനൽകിയത്. എന്നാൽ ഈ തുക പ്രസ്തുത സ്ഥാപനം കേന്ദ്രഗവൺമെന്റിൽ നേരിട്ടടച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. മാത്രമല്ല പ്രസ്തുത തുക ആൻസൺ ഗ്രൂപ്പിനു നൽകിയ തുകയിൽ നിന്നും കുറവുവരുത്തി മുനിസിപ്പാലിറ്റി കേന്ദ്രസർക്കാരിൽ അടച്ചതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

4) ആൻസൺ ഗ്രൂപ്പിന് നൽകിയ തുകയിൽ നിന്നും വരുമാനനികുതി കുറവുവരുത്തി സർക്കാരിൽ അടച്ചതിന്റെ വിശദാംശങ്ങൾ പരിശോധയ്ക്ക് ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ മുൻനിർത്തി പ്രസ്തുത പ്രവൃത്തിക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 5,52,784/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അന്തിമപ്രോജക്ട് കോസ്റ്റിന് അനുസൃതമായി ആർക്കിടെക്ച്ചറൽ ഫീസ് നിർണ്ണയിച്ചും നികുതികൾ കുറവുവരുത്തി സർക്കാർ ശീർഷകത്തിൽ അടച്ചതിന്റെ രേഖകൾ ഹാജരാക്കിയും ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-6 തിരുനക്കര മൈതാനം പുനരുദ്ധാരണം - പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം - ഫൈൻ ഈടാക്കിയില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ | ഓഡിറ്റ് വർഷം ചെലവ് | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | ബിൽ നമ്പർ/ തീയതി | ഫയൽ നമ്പർ |
|---|---|---|---|---|---|---|
| 128/2017-2018 തിരുനക്കര മൈതാനം പുനരുദ്ധാരണം | 10,00,000 | 9,99,499 | M/s.ആർടെക് ഹൗസിംഗ് പ്രൈവറ്റ് ലിമിറ്റഡ്, പൂഞ്ചിറ ബിൽഡിംഗ്, ജെട്ടി റോഡ്, കോട്ടയം. | 8,59,569<br>85,638<br>9,45,207 | 258/31.10.2017 ചെക്ക് നം. 2358715/ 15.2.2018 | PW5-667/17 |

മേൽ വർക്കിന്റെ കരാർ ഏറ്റെടുത്ത M/s. ആർടെക് ഹൗസിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം മുനിസിപ്പാലിറ്റിയുമായി പ്രവൃത്തിനിർവ്വഹണം സംബന്ധിച്ച് വച്ച കരാർ പ്രകാരം (കരാർ നമ്പർ 311/2016-17 തീയതി 31.03.2017) മൂന്നു മാസം (30.06.2017) ആയിരുന്നു വർക്ക് പൂർത്തീകരിക്കേണ്ടിയിരുന്ന കാലാവധി. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം 30.10.2017 നാണ് പ്രസ്തുത വർക്ക് പൂർത്തീകരിച്ചത്. മുമ്പ് നിർവ്വഹിച്ച രണ്ട് വർക്കുകളുടെ ബിൽ സെറ്റിൽ ചെയ്യുന്നതിലുണ്ടായ കാലതാമസം മുൻനിർത്തിയാണ് കരാർ ഏറ്റെടുത്ത സ്ഥാപനം വർക്ക് സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ വിമുഖത കാണിച്ചത്. ടി സ്ഥാപനം പ്രവൃത്തി നിർവ്വഹിക്കേണ്ട കാലാവധി 2 മാസം ദീർഘിപ്പിച്ചു നൽകുന്നതിന് 03.05.2017ൽ മുനിസിപ്പാലിറ്റിക്ക് നൽകിയ അപേക്ഷയിൽ ഫൈൻ

ഈടാക്കി ദീർഘിപ്പിച്ച നൽകുന്നതിനാണ് മുനിസിപ്പൽ എഞ്ചിനീയർ നിർദ്ദേശിച്ചത്. എന്നാൽ പ്രസ്തുത നിർദ്ദേശം പരിഗണിക്കാതെയാണ് ടി സ്ഥാപനത്തിന് തുക നൽകിയത്. 30.06.2017ന് പൂർത്തീകരിക്കേണ്ട വർക്ക് 30.10.2017നാണ് സ്ഥാപനം പൂർത്തീകരിച്ചത് എന്നതിനാൽ കേരള പൊതുമരാമത്ത് മാനവൽ 2012, സെക്ഷൻ 2012ൽ പരാമർശിക്കുംവിധം ചുവടെ വിവരിക്കുന്ന രീതിയിൽ പിഴ ഈടാക്കേണ്ടതായിരുന്നു.

| | |
|---|---|
| ആദ്യതവണ പി.എസിയുടെ 1%<br>(കരാർ കാലാവധിയുടെ 25% എന്ന നിലയിൽ 23.07.2017 വരെ) | 9,995 |
| രണ്ടാം തവണ പി.എസിയുടെ 2%<br>(കരാർ കാലാവധിയുടെ ബാക്കി 25% എന്ന നിലയിൽ 13.08.2017 വരെ) | 19,990 |
| **ആകെ** | **29,985** |
| (പ്രസ്തുത മാനവൽ നിബന്ധന പ്രകാരം ഇതിനപ്പുറം കാലാവധി ദീർഘിപ്പിച്ച നൽകാൻ പാടില്ല.) | |

മേൽ വർക്കിന്റെ നിർമ്മാണകരാർ ഏറ്റെടുത്തത് ഒരു സ്ഥാപനമായതിനാൽ അന്തിമബില്ലിൽ നിന്നും വർക്ക് വാല്യുവിന്റെ 2% എന്ന നിലയിൽ 19,990/-രൂപ ആദായനികുതിയിനത്തിൽ കുറവ് ചെയ്യേണ്ടിയിരിക്കെ 1% നിരക്കിൽ (9,995/-രൂപ) മാത്രമാണ് കുറവ് ചെയ്തത്. ആയതിനാൽ മേൽവർക്കിന്റെ അന്തിമബില്ലിൽ നിന്നും ക്രമാനുസൃതമല്ലാതെ 39,980/-രൂപ {29985 + 9995} അധികമായി കരാർ സ്ഥാപനത്തിന് നൽകി.

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 58/18 തീയതി 12.12.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്രമാനുസൃതമല്ലാതെ കരാറുകാരന് നൽകിയ 39,980/-രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# 3-7 പള്ളിപ്പുറം - ഈഴമാലിപ്പടി റോഡ് പുനരുദ്ധാരണം - ഇഷ്യൂ ചെയ്ത മുഴുവൻ ടാറിന്റെയും വില ബില്ലിൽ തട്ടിക്കിഴിച്ചില്ല – കരാറുകാരന് അധികം തുക നൽകി.

| പ്രോജക്ട് നമ്പർ | അടങ്കൽ | ആകെ ചെലവ് | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | ബിൽ നമ്പർ/ തീയതി | ഫയൽ നമ്പർ |
|---|---|---|---|---|---|---|
| 214/18 | 5,40,000 | 4,61,728 | അഭിലാഷ്.കെ.ആർ. | 4,26,787 | 137/29.07.17 | KPW2-5741/16 |

മേൽ വർക്കിന് കരാറുകാരന്റെ നഗരസഭ ബിറ്റുമിൻ RSIഇമൽഷൻ 135 കിലോയും VG. 30- 1590 കിലോയും സപ്ലൈ ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ VG. 30- 1380 കിലോ ബിറ്റുമിന്റെ വിലമാത്രമാണ് ബില്ലിൽ തട്ടിക്കിഴിച്ച് കരാറുകാരന് തുക നൽകിയത്. ഇപ്രകാരം ഇഷ്യൂ ചെയ്ത മുഴുവൻ ബിറ്റുമിന്റെയും തുക തട്ടിക്കിഴിക്കാതിരുന്നതുമൂലം കരാറുകാരന് അധികം തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുനിസിപ്പാലിറ്റി ചെയ്തത് | | യഥാർത്ഥത്തിൽ ചെയ്യേണ്ടിയിരുന്നത് |
|---|---|---|
| ആകെ വേലമൂല്യം | 5,21,348 | 5,21,348 |
| (-) ഇഷ്യൂ ചെയ്ത ബിറ്റുമിന്റെ ഷെഡ്യൂൾ നിരക്ക്<br>(-) RSIഇമൽഷൻ 135 Kg @ 41821/MT | 5,646 | 5,646 |
| (-) VG. 30- 1380 Kg @ 40025/MT | 55,235 | 63,640<br>(1590 Kg @ 40025/MT) |

| | | |
|---|---|---|
| | 4,60,467 | 4,52,062 |
| (+) ഇഷ്യൂ ചെയ്ത ബിറ്റുമിന്റെ മാർക്കറ്റ് നിരക്ക് RSI ഇമൽഷൻ 135 Kg @ 39471/MT | 5,329 | 5,329 |
| (+) VG. 30- 1380 Kg @ 36260/MT | 50,039 | 57,653<br>(1590 Kg @ 36260/MT) |
| ആകെ | 5,15,835 | 5,15,044 |
| (-) വാറ്റ് @4% | 20,634 | 20,602 |
| (-) IT @ 1% | 5,158 | 5,150 |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | 5,158 | 5,150 |
| (-) സപ്ലൈ ചെയ്ത ബിറ്റുമിന്റെ മാർക്കറ്റ് വില | 55,368 | 62,982 |
| (-) ബിറ്റുമിൻ - കാലിവീപ്പ 10 എണ്ണത്തിന്റെ വില @ 273 | 2,730 | 3,003<br>(11 No.ബാരലിന്റെവില@273) |
| ബാക്കി കരാറുകാരന് നൽകേണ്ടത് | 4,26,787 | 4,18,157 |
| കരാറുകാരന് അധികം നൽകിയത് = 8,630 [4,26,787 – 4,18,157] | | |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 57/18 തീയതി 11.12.2018) എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ മുനിസിപ്പൽ സ്റ്റോറിൽ നിന്നും ഇഷ്യൂ ചെയ്തത് 1380കി.ഗ്രാം vg30 ബിറ്റുമിൻ ആണെന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. എന്നാൽ ഇത് സാധൂകരിക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. മാത്രമല്ല, വർക്ക്ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഇന്റന്റ് പ്രകാരം കരാറുകാരന് ഇഷ്യൂ ചെയ്തിട്ടുള്ളതും ടിയാൻ കൈപ്പറ്റിയിട്ടുള്ളതുമായ ബിറ്റുമിൻ അളവ് 1590കി.ഗ്രാം ആണ്. ഈ സാഹചര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദീകരണം സ്വീകാര്യമല്ല. ആയതിനാൽ കരാറുകാരന് അധികം നൽകിയ 8,630/-രൂപ ടിയാനിൽ നിന്നോ അല്ലാത്തപക്ഷം ബിൽ തയ്യാറാക്കി പാസാക്കിയ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

# 3-8 വെയർഹൗസ് നാഗമ്പടം റോഡ് റീടാറിംഗ് - അംഗീകൃത അളവിനേക്കാൾ അധികമായി പ്രവൃത്തി നിർവ്വഹിച്ചു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ഓഡിറ്റ് വർഷം ചെലവ് | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | ബിൽ നമ്പർ/ തീയതി | ഫയൽ നമ്പർ |
|---|---|---|---|---|---|---|
| 306/2017-18 | 6,25,000 | 3,87,840 | കെ.ഡി.സുധാകരൻ, കരിപ്പയിൽ, വില്ലൂന്നി. | 3,30,906 | 383/29.01.2018 | KPW2-6306/16 |

കോട്ടയം നഗരസഭയിലെ വാർഡ് 12ൽ ഉൾപ്പെടുന്ന മേൽറോഡ് വർക്കിന് ആസ്തിസംരക്ഷണഗ്രാന്റ് (റോഡ് വിഭാഗം) ഉപയോഗിച്ച് 6,25,000/- രൂപയുടെ അടങ്കലിൽ 2016-2017ൽ പ്രോജക്ടുണ്ടാക്കി അംഗീകാരം നേടുകയും (പ്രോജക്ട് നമ്പർ 652/17) 2,08,314/- രൂപ 2016-2017ൽ ചെലവഴിക്കുകയും ചെയ്തു. ബാക്കി തുകയ്ക്ക് മേൽപ്രോജക്ട് രൂപീകരിച്ച് 2017-2018 വർഷം പ്രവൃത്തി നിർവ്വഹണം പൂർത്തീകരിച്ചു. ഇതുപ്രകാരം ആകെ വേലമൂല്യം 5,96,154/-രൂപ

എന്ന് നിർണ്ണയിക്കുകയും ഇതിൽനിന്നും വിവിധ നികുതികൾ, മുനിസിപ്പാലിറ്റി സപ്ലൈചെയ്ത ടാറിന്റെ വില, ഫൈൻ എന്നീ ഇനങ്ങളിൽ ആകെ 2,65,248/- രൂപ കുറവുവരുത്തി ബാക്കി 3,30,906/- രൂപ മേൽപ്പറഞ്ഞ പ്രകാരം കരാറുകാരന് നൽകി.

മേൽപദ്ധതിയുടെ ഡി.പി.സി. അംഗീകരിച്ച പദ്ധതിരേഖ പ്രകാരം പ്രവൃത്തി നിർവ്വഹണം നടത്തേണ്ട റോഡിന്റെ ആകെ നീളം 730 മീറ്ററും, വീതി 3 മീറ്ററും (കാരേജ് വേ) ആണ്. ഇതുപ്രകാരം 2190 ചതുരശ്രമീറ്റർ അളവിൽ പ്രവൃത്തി നിർവ്വഹിക്കേണ്ടിയിരിക്കെ 765 മീറ്റർ നീളം, 3.10 മീറ്റർ വീതി എന്നു കണക്കിലെടുത്ത് ആകെ 2371.500 ചതുരശ്രമീറ്റർ അളവിൽ വേല നിർവ്വഹിച്ചു. അതായത് 181.50 ചതുരശ്രമീറ്റർ അളവിൽ അനധികൃതമായി തുക ചെലവഴിച്ചിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്പെസിഫിക്കേഷൻ | അളവ് (ച.മീ.) | നിരക്ക് (രൂപ/ ച.മീ.) | ചെലവ് (രൂപ) |
|---|---|---|---|---|
| 1 | 75.5.2.1.pb ടാക്ക് കോട്ട് | 181.5 | 11 | 1997 |
| 2 | 75.5.9.1.2. pb 20mm കനത്തിലുള്ള പ്രീമിക്സിംഗ് കാർപ്പറ്റ് | 181.5 | 168 | 30492 |
| 3 | 75.5.12.A.3.2. pb സീൽകോട്ട് | 181.5 | 63.50 | 11525 |
| **ആകെ** | | | | **44,014** |

ഈയിനത്തിൽ അധികം ചെലവഴിച്ച 44014 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ നിരീക്ഷണം സംബന്ധിച്ച് വിശദീകരണം ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 61/18 തീയതി 12.12.2018) എക്സിക്യൂട്ടീവ് എഞ്ചിനീയർ ഹാജരാക്കിയ മറുപടിയിൽ പ്രോജക്ട് ഫോമിലെ പ്രസ്തുത അളവ് പ്രോജക്ട് തയ്യാറാക്കുന്നതിനുവേണ്ടി സ്വീകരിച്ച മതിപ്പ് അളവാണന്നും ആസ്തി രജിസ്റ്ററിലെ അളവ് അടിസ്ഥാനമാക്കിയാണ് യഥാർഥ പ്രവൃത്തി നിർവഹണം നടത്തിയതെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത റോഡിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ ആസ്തി രജിസ്റ്ററിൽ പ്രസ്തുത റോഡിന്റെ വിവരം ഉൾക്കൊള്ളുന്നില്ല. ഈ സാഹചര്യത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദീകരണം സ്വീകാര്യമല്ല. ആയതിനാൽ അംഗീകൃത അളവിനേക്കാൾ അധികം പ്രവൃത്തി നിർവ്വഹിച്ചതുവഴി കരാറുകാരന് അധികം നൽകിയ 44,014/- രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി മുനിസിപ്പൽഫണ്ടിൽ വരവുവയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 കരിയംപാടം തോട് ആഴംകൂട്ടി പോളനീക്കലും

# ജലസംരക്ഷണവും - ബില്ലിൽ നിന്നും അനിവാര്യമായ കുറവുകൾ വരുത്തിയിട്ടില്ല.

| പ്രോജക്ട് നമ്പർ | അടങ്കൽ | ഓഡിറ്റ് വർഷം ചെലവ് | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | ബിൽ നമ്പർ/ തീയതി | ഫയൽ നമ്പർ |
|---|---|---|---|---|---|---|
| 350/2017-18 | 96,000 | 66,967 | ബേബിതോമസ്, കളപ്പുരയ്ക്കൽ, തെള്ളകം. | 65,628 | 858/ 27.03.2018 | KPW2-4704/16 |

നഗരസഭയിലെ 9-ാം വാർഡിൽപ്പെടുന്ന കരിയംപാടം തോടിൽ നിലവിൽ പോളയും, പായലും തിങ്ങി നിറഞ്ഞ് നീരൊഴുക്കില്ലാത്ത അവസ്ഥയിലാണ്. പ്രസ്തുത പോളയും, പായലും നീക്കം ചെയ്ത് തോടിന് ആഴംകൂട്ടി നീരൊഴുക്ക് വർദ്ധിപ്പിച്ച് തോടിനുകരയിലുള്ള പാടങ്ങൾ കൃഷിചെയ്യാൻ പര്യാപ്തമാക്കുന്നതിനുവേണ്ടി 2015-2016 വർഷം ആവിഷ്കരിച്ചതാണ് ഈ പദ്ധതി. (പ്രോജക്ട് നം. 458/16) ധനകാര്യകമ്മീഷൻ ഗ്രാന്റ് 86,400/- രൂപയും ഗുണഭോക്തൃവിഹിതം 9,600/- രൂപയും ഉൾപ്പെടെ 96,000/- രൂപയുടെ അടങ്കലിലാണ് ടി പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ കരാർ തുക 74,491/-രൂപ എന്നു കാണിച്ചാണ് ഇതേ നമ്പർ പ്രോജക്ട് 2016-2017ൽ ടെന്റർ ചെയ്തത്. മേൽപദ്ധതി നിർവ്വഹണം സബന്ധിച്ച് 16.12.2016ൽ കരാറുകാരൻ മുനിസിപ്പാലിറ്റിയുമായി കരാർവച്ചതാണെങ്കിലും (കരാർ നമ്പർ 3/2016-2017 തീയതി 16.12.2016) എഗ്രിമെന്റ് പ്രകാരം 31.03.2017നകം പൂർത്തീകരിക്കേണ്ട ടി പ്രവൃത്തി കരാറുകാരൻ പൂർത്തീകരിച്ചത് 12.03.2018ന് മാത്രമാണ്. പ്രവൃത്തി നിർവ്വഹണത്തിലെ കാലതാമസം മുൻനിർത്തി കരാറുകാരനെതിരെ നിയമനടപടി സ്വീകരിക്കാൻ തീരുമാനത്തിനായി സെക്രട്ടറി പ്രസ്തുത വിഷയം 16.10.2017ൽ കൗൺസിൽ മുമ്പാകെ അജണ്ടയായിവച്ചുവെങ്കിലും കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കുന്നത് ഒഴിവാക്കുകയാണുണ്ടായത്. 12.03.2018ൽ പൂർത്തിയാക്കിയ പ്രസ്തുത വേലയുടെ ആകെ വേലമൂല്യം 74,491/-രൂപ എന്നു നിർണ്ണയിച്ച് അതിൽ നിന്നും ടെണ്ടർ കുറവ്, ആദായ നികുതി, നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ കുറവുവരുത്തി ബാക്കി 65,628/- രൂപ കരാറുകാരന് നൽകി. എന്നാൽ പ്രോജക്ട് വിഭാവനം ചെയ്തതുപ്രകാരവും ജലസേചനപ്രവൃത്തികൾക്ക് നിർബന്ധമായും കുറവു വരുത്തേണ്ടതുമായ 10% ഗുണഭോക്തൃവിഹിതം (7,449/-രൂപ) കുറവു വരുത്താതെയാണ് അന്തിമബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയത്. മാത്രമല്ല പ്രവൃത്തി നിർവ്വഹണത്തിലെ അസാധാരണ കാലതാമസത്തിന് നിയമാനുസൃതം ഈടാക്കേണ്ട പിഴ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല എന്നും കാണുന്നു. ആയതിനാൽ കരാറുകാരന് യഥാർത്ഥത്തിൽ നൽകേണ്ടതിനേക്കാൾ അധികം തുകയാണ് നൽകിയിട്ടുള്ളത്.

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 59/18 തീയതി 12.12.2018) എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത വർക്ക് ടെണ്ടർ നടപടിക്രമത്തിലൂടെ നിർവഹിച്ചതിനാലാണ് ഗുണഭോക്തൃവിഹിതം കുറവ് വരുത്താതിരുന്നതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്.പ്രാജക്ട് വിഭാവനം ചെയ്ത നിർവഹണരീതി ഗുണഭോക്തൃവിഹിതം ഉൾപ്പെടുന്നതായതിനാൽ മറുപടിയിലെ വിശദീകരണം അംഗീകരിക്കത്തക്കതല്ല. ടെണ്ടർ മുഖേനയാണ് നിർവഹണം എന്നതിനാൽ ഗുണഭോക്തൃവിഹിതം നേരിട്ട് പിരിച്ച് മുനിസിപ്പൽ ഫണ്ടിൽ ആദ്യം അടവ് വരുത്തുകയും അത് കുറച്ചുള്ള തുക ബില്ലുമുഖേന കരാറുകാരന് നൽകുകയും മുനിസിപ്പൽ ഫണ്ടിലടച്ച ഗുണഭോക്തൃവിഹിതം പിന്നീട് കരാറുകാരന് കൈമാറി നൽകുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. ആയതിനാൽ മേൽപദ്ധതിക്കു കീഴിൽ കരാറുകാരന് നൽകിയ 65,628/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗുണഭോക്തൃവിഹിതം, പിഴ, എന്നീ ഇനങ്ങളിൽ കുറവുവരുത്താത്തതുമൂലം കരാറുകാരന് അധികം നൽകിയ തുക ടിയാനിൽ നിന്നോ അല്ലാത്തപക്ഷം പ്രസ്തുത തുക കിഴിവുവരുത്താതെ ബിൽ

പാസാക്കിയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ തിരികെ ഈടാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-10 ചൂനാട്ടുമറ്റം റോഡ് പുനരുദ്ധാരണം - ഭാഗികമായി മാത്രം നിർവ്വഹിക്കപ്പെട്ടു.

| പ്രോജക്ട് നമ്പർ | അടങ്കൽ | ആകെ ചെലവ് | കരാറുകാരൻ | കരാറുകാരന് നൽകിയ തുക | ബിൽ നമ്പർ/ തീയതി | ഫയൽ നമ്പർ |
|---|---|---|---|---|---|---|
| 179/2017-18 | 4,67,152 | 79,080 | ടോമി തോമസ്, കളപ്പുരയ്ക്കൽ, തെള്ളകം. | 69,342 | 78/11.7.2017 | PW5-22595/16 |

മേൽപ്രവൃത്തിക്ക് 2016-2017 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.പി.ആർ.ശശികല തയ്യാറാക്കിയത് 5,06,948/-രൂപയുടെ എസ്റ്റിമേറ്റാണ്. ഇതിൽ റീടാറിംഗ്, നിലവിലെ റോഡിന്റെ സൈഡ്കോൺക്രീറ്റിംഗ് നടത്തി ഡ്രെയിനേജ് സ്ഥാപിക്കൽ, റോഡിന്റെ ഇരുവശവും ഇന്റർലോക്ക് ഇഷ്ടിക പാകൽ, ആർ.സി.സി. പൈപ്പിട്ട് ജലനിർമ്മാണം വരുത്തൽ എന്നിവയായിരുന്നു ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2017-2018 വർഷം ടി പ്രവൃത്തി നിർവ്വഹിച്ചപ്പോൾ എസ്റ്റിമേറ്റ് പുതുക്കപ്പെട്ടതായി മനസിലാകുന്നു. ഇതുപ്രകാരം കരാറുകാരൻ നിർവ്വഹിക്കേണ്ട പ്രവൃത്തികൾ റീടാറിംഗും ഇന്റർലോക്കിംഗ് ഇഷ്ടികപാകലും മാത്രമാണെന്നാണ് എഗ്രിമെന്റ് ഷെഡ്യൂൾ വ്യക്തമാക്കുന്നത്. ഇപ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിച്ചതിന്റെ പകർപ്പ് ഫയലിൽ കാണുന്നില്ല. മാത്രമല്ല എസ്റ്റിമേറ്റ് പരിഷ്കരിച്ചതിൻപ്രകാരം തയ്യാറാക്കിയ പുതുക്കിയ പദ്ധതിക്ക് സാങ്കേതികാനുമതി, ഡി.പി.സി. അംഗീകാരം എന്നിവ കിട്ടിയതായും ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. ഇതിൽതന്നെ കരാറുകാരൻ നിർവ്വഹിച്ചത് റീടാറിംഗ് മാത്രമാണ്. എഗ്രിമെന്റ് പ്രകാരം നിർവ്വഹിക്കേണ്ടിയിരുന്ന ഇന്റർലോക്കിംഗ് ഇഷ്ടികപാകൽ നടത്തിയിട്ടില്ല. മതിയായ ജലനിർഗ്ഗമന സൗകര്യം ഇല്ലാത്തതിനെതുടർന്ന് തദ്ദേശവാസികൾ പ്രവൃത്തി നിർവ്വഹണം തടസ്സപ്പെടുത്തുകയും അതിനെതുടർന്ന് റീടാറിംഗ് മാത്രം നടത്തി പ്രവൃത്തി അവസാനിപ്പിക്കുകയുമാണുണ്ടായിട്ടുള്ളത്. തത്ഫലമായി കരാർ ഏറ്റെടുത്ത പ്രവൃത്തിയുടെ 30% മാത്രം നിർവ്വഹിച്ച് പ്രവൃത്തി നിർവ്വഹണം അവസാനിപ്പിക്കേണ്ടിവന്നു. ഇതിൽ നിന്നും പ്രസ്തുത റോഡിന്റെ പൂർണ്ണമായ ഉപയോഗക്ഷമത ഉറപ്പുവരുത്താതെയാണ് പ്രസ്തുത വേല നിർവ്വഹണം നടത്തിയത് എന്നു വ്യക്തമാകുന്നു. ജലനിർഗ്ഗമനസൗകര്യങ്ങൾ ഉൾപ്പെടുത്തിയ ഒറിജിനൽ എസ്റ്റിമേറ്റ് പരിഷ്ക്കരിക്കാനിടയാക്കിയതിന്റെ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

മേൽപ്രവൃത്തിക്ക് RSI ഇമൽഷൻ ബിറ്റുമിൻ 98കിലോഗ്രാം കരാറുകാരന് മുനിസിപ്പാലിറ്റി വിതരണം ചെയ്തിട്ടുണ്ടെങ്കിലും 90 കിലോഗ്രാമിന്റെ വില മാത്രമാണ് ബില്ലിൽനിന്നും കുറവുവരുത്തിയിട്ടുള്ളത്.

മേൽ നിരീക്ഷണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 60/18 തീയതി 12.12.2018) നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി വിഭാവനം ചെയ്ത പൂർണ്ണപ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനുതകുവിധം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. അധികം നൽകിയ 8കിലോഗ്രാം ബിറ്റുമിന്റെ വില കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# 3-11 ആയുർവ്വേദ ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്നുകൾ ലഭ്യമായിട്ടില്ല - 111386/-രൂപയുടെ ചെലവ്

# തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

പ്രോജക്ട് നമ്പർ - 493/2018

അടങ്കൽ - 15,00,000- മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)

ചെലവ് - 15,00,000

ബിൽ നം.1)30/17-18, തീയതി: 30.10.2017

2)40/17-18, തീയതി: 30.12.2017

മേൽ പ്രോജക്ടിനു കീഴിൽ വേളൂർ, കുമാരനല്ലൂർ, നാട്ടകം എന്നീ ആയുർവേദാശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് 15,00,000/-രൂപ മെയിന്റനൻസ് ഗ്രാന്റിൽ (റോഡിതരം) നിന്നും വിനിയോഗിച്ചു. ഇതിൽ 6,00,000/- രൂപ ചെലവഴിച്ച് ആയുർധാരയിൽ നിന്നും മരുന്ന് വാങ്ങി ഓരോ ആശുപത്രിയ്ക്കും 2,00,000/-രൂപയുടെ വീതം മരുന്നുകൾ നല്കി. ഓരോ ആശുപത്രിയ്ക്കും 3,00,000 രൂപയുടെ വീതം മരുന്നുകൾ ലഭ്യമാക്കുന്നതിനായി ബാക്കി 9,00,000/-രൂപ പിൻവലിച്ച് (ബിൽ നം.40/17-18, തീയതി: 30.12.2017) ഔഷധിക്ക് നൽകിയിരുന്നു. നാട്ടകം ആയുർവേദാശുപത്രിയ്ക്ക് മൂന്ന് ലക്ഷം രൂപയുടെ മരുന്നുകൾ മുഴുവനും ഔഷധിയിൽ നിന്നും ലഭിച്ചതായി ഫയൽ പരിശോധനയിൽ വ്യക്തമായി. എന്നാൽ വേളൂർ, കുമാരനല്ലൂർ എന്നീ ആശുപത്രികൾക്ക് താഴെ വിവരിയ്ക്കും പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ഔഷധിയിൽ നിന്നും നാളിതുവരെ ലഭ്യമായിട്ടുള്ളത്.

1)ഗവ.ആയുർവേദാശുപത്രി, വേളൂർ

| ക്രമ നമ്പർ | ഇൻഡന്റ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 90059686 | 23.03.2018 | 72,716 |
| 2 | 90062007 | 31.03.2018 | 40,926 |
| 3 | 90064672 | 25.5.2018 | 44,478 |
| 4 | 90067948 | 20.06.2018 | 20,533 |
| 5 | 90070532 | 28.06.2018 | 30,483 |
| 6 | 90075297 | 28.07.2018 | 47,020 |
| 7 | 90078294 | 29.08.2018 | 4,505 |
| | | **ആകെ** | **2,60,661 /-** |

2)ഗവ.ആയുർവേദാശുപത്രി, കുമാരനല്ലൂർ

| ക്രമ നമ്പർ | ഇൻഡന്റ് നമ്പർ | തീയതി | തുക |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 90062026 | 31.03.2018 | 1,02,282 |
| 2 | 90064688 | 26.05.2018 | 40,374 |
| 3 | 90067942 | 15.06.2018 | 14,046 |
| 4 | 90070534 | 28.06.2018 | 41,551 |
| 5 | 90075290 | 28.07.2018 | 29,700 |
| | | ആകെ | 2,27,953 /- |

പ്രസ്തുത ആശുപത്രികൾക്ക് യഥാക്രമം 39,339/-രൂപയുടെയും, 72,047/-രൂപയുടെയും ഉൾപ്പെടെ ആകെ 1,11,386/- രൂപയുടെ മരുന്നുകൾ ഔഷധി ഇനിയും വിതരണം ചെയ്തിട്ടില്ലെന്ന് കാണുന്നു. ആയത് ലഭ്യമാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നില്ല. ആയതിനാൽ മരുന്നുകൾ ലഭ്യമാകുന്നതുവരെയ്ക്കും 1,11,386/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയോ അല്ലാത്തപക്ഷം 1,11,386/-രൂപ ഔഷധ ഏജൻസികളിൽനിന്ന് തിരികെ ലഭ്യമാക്കിയോ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാമ്.

# 3-12 അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലക്കുടിശിക ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തില്ല.

അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലമിനത്തിൽ പ്രാദേശിക സർക്കാരുകൾ നൽകാനുള്ള തുക വികസനഫണ്ടിന്റെ മൂന്നാമത്തെ ഗഡുവിൽനിന്ന് കുറവുചെയ്ത് 2235-02-102-05- Deduct Amount transferred to 102-Child Welfare from Development Fund of LSGIs towards Honorarium & Allowance of Anganwadi Workers & Helpers എന്ന ശീർഷകത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റുചെയ്യേണ്ടതാണെന്ന് സ.ഉ.(സാധാ.) 1514/2018/ ധനം/27.2.2018 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം - 4ൽ കോട്ടയം നഗരസഭയുടെ വികസനഫണ്ടിൽനിന്ന് ഇപ്രകാരം കുറവുചെയ്യേണ്ടത് 9,63,600/-രൂപയാണെന്ന് രേഖപ്പെടുത്തിയിരുന്നു. തദനുസൃതമായി നഗരസഭയുടെ 2017-2018 വർഷത്തെ വികസനഫണ്ടിൽനിന്ന് തുക ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 64/2017-2018/18.12.2018 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ എ2-848/19/15.2.2019 നമ്പർ മറുപടിയിൽ 2017-2018 വർഷത്തിൽ നഗരസഭയുടെ പരിധിയിലുള്ള പള്ളം അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിലെ 134 അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും 12 മാസത്തേയ്ക്കുള്ള ഹോണറേറിയം യഥാക്രമം 2200രൂപ, 1450രൂപ നിരക്കിൽ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വിഹിതമായി 56,94,000/-രൂപയുടെ പദ്ധതി തയ്യാറാക്കി ബന്ധപ്പെട്ട പ്രവർത്തകരുടെ അക്കൗണ്ടിൽ 56,04,871/-രൂപ ക്രെഡിറ്റുചെയ്തതായി അറിയിച്ചിട്ടുണ്ട്. കോട്ടയം നഗരസഭ കുടിശ്ശിക വരുത്തിയിട്ടില്ല എന്ന അനുമാനത്തിലാണ് പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തകരുടെ അക്കൗണ്ടിൽ ക്രെഡിറ്റുചെയ്തതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി മറുപടി സ്വീകാര്യമല്ല. സർക്കാർ നിർദ്ദേശാനുസരണം തുക ട്രാൻസ്ഫർ ക്രെഡിറ്റുചെയ്ത് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

# 3-13 ഐ.എച്ച്.എസ്.ഡി.പി- വരവ് ചെലവ് കണക്കുകൾ കൃത്യമല്ല - പദ്ധതി അവസാനിച്ചിട്ടും ബാങ്ക് അക്കൗണ്ടിൽ വൻതുക അവശേഷിക്കുന്നു.

ഫയൽ നമ്പർ - ജി15-11225/06 വാല്യം- 2

നഗരസഭയുടെ ഐ.എച്ച്.എസ്.ഡി.പി പദ്ധതി നടത്തിപ്പിനായി വിവിധ സ്രോതസ്സുകളിൽനിന്ന് ആകെ 5,24,24,391/-രൂപ ലഭിച്ചിരുന്നു. കൂടാതെ, ചെക്കുകൾ മടങ്ങിയത്, ബാങ്ക് ചാർജ് തിരികെ ലഭിച്ചത് എന്നീയിനങ്ങളിലായി 1,80,975.55രൂപ പാസ്ബുക്കിൽ വരവുരേഖപ്പെടുത്തിയിട്ടുമുണ്ട്. 31.3.2017ന് പദ്ധതി അവസാനിക്കുന്ന സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായുള്ള ബാങ്ക് അക്കൗണ്ട് 31.3.2017ന് ക്ലോസുചെയ്യുന്നതിനും അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പലിശ സഹിതം 5.4.2017നു മുമ്പായി സംസ്ഥാന കുടുംബശ്രീ മിഷന്റെ 67035240424നമ്പർ എസ് ബി ടി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്നും കുടുംബശ്രീ സംസ്ഥാന എക്സിക്യൂട്ടീവ് ഡയറക്ടർ 27.3.2017ലെ 6066/ഡി/2011/കെ.എസ്.എച്ച്.ഒ നമ്പർ കത്തുപ്രകാരം നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ഐ.എച്ച്.എസ്.ഡി.പി പദ്ധതിയ്ക്കായുള്ള 4299000100906954നമ്പർ (പഞ്ചാബ് നാഷണൽ ബാങ്ക്) അക്കൗണ്ടിൽനിന്ന് താഴെപ്പറയുംപ്രകാരം ആകെ 85,60,808/-രൂപ 16.5.2017ൽ സംസ്ഥാന കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്.

| ഇനം | തുക |
|---|---|
| കേന്ദ്രവിഹിതം | 47,77,881 |
| കേന്ദ്രവിഹിതം- പലിശ | 29,88,490 |
| സംസ്ഥാനവിഹിതം | 5,80,973 |
| സംസ്ഥാനവിഹിതം-പലിശ | 2,13,464 |
| **ആകെ** | **85,60,808** |

സംസ്ഥാനമിഷന് സമർപ്പിക്കുന്നതിന് നഗരസഭ തയ്യാറാക്കിയ വിനിയോഗ സാക്ഷ്യപത്രം, പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൽ 3,09,52,982.54രൂപ (തിരികെ ഒടുക്കിയ തുക ഉൾപ്പെടെ ആകെ 39,51,37,90.54രൂപ) മാത്രമാണ് ടി കാലയളവിലെ ചെലവ് എന്നതിനാൽ തിരിച്ചടവു തീയതിയിൽ 2,16,52,384/-രൂപ (തിരിച്ചടവിനുശേഷം 1,30,91,576/-രൂപ) ബാങ്കിൽ നീക്കിയിരിപ്പ് കാണേണ്ടതാണെങ്കിലും 1,75,82,786/-രൂപ (തിരിച്ചടവിനുശേഷം 90,21,978/-രൂപ) മാത്രമാണ് യഥാർത്ഥത്തിൽ അവശേഷിച്ചത്. 40,69,598/-രൂപയുടെ വ്യത്യാസം വന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് 69/5.1.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ എ2-848/2019/16.2.2019 നമ്പർ മറുപടിയിൽ 16.5.2017ൽ തുക ട്രാൻസ്ഫർ ചെയ്യുന്നതു വരെയുള്ള പദ്ധതിയുടെ യഥാർത്ഥ ചെലവ് 3,49,98,006.54രൂപ എന്നാണ് അറിയിച്ചത്. സംസ്ഥാനമിഷന് മുമ്പാകെ ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽനിന്ന് വ്യത്യസ്തമായി ഓഡിറ്റ് സമയത്ത് വരവ് ചെലവ് കണക്കുകൾ തയ്യാറാക്കിയതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയതുമില്ല. കൂടാതെ, പുതുക്കിയ വരവ് ചെലവ് കണക്കുകൾ പ്രകാരം 24,574/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ട്.

പദ്ധതിയുടെ വരവ് ചെലവു കണക്കുകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | | |
|---|---|---|---|---|
| ഇനം | തുക | ഇനം | വിനിയോഗ സാക്ഷ്യപത്രപ്രകാരം | മറുപടി പ്രകാരം |
| കേന്ദ്രവിഹിതം | 2,67,15,000 | ഭവനനിർമ്മാണം | 1,49,35,000 | 1,79,65,000 |
| സംസ്ഥാനവിഹിതം | 17,93,500 | ഭവനപുനരുദ്ധാരണം | 1,36,70,000 | 1,36,70,000 |
| നഗരസഭാവിഹിതം | 1,57,21,002 | അടിസ്ഥാന സൗകര്യവികസനം | 21,76,774 | 31,91,798 |
| ഗുണ.വിഹിതം | 28,58,300 | ബാങ്ക് ചാർജ് | 4,872.54 | 4,872.54 |
| പലിശ | 53,36,589 | മറ്റുള്ളവ | 1,66,336 | 1,66,336 |
| മറ്റുള്ളവ | 1,80,975.55 | | | |
| **ആകെ** | **5,26,05,366.55** | **ആകെ** | **3,09,52,982.54** | **3,49,98,006.54** |

ആയതിനാൽ ഈ വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-14 ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി- പദ്ധതി അവസാനിച്ചിട്ടും ബാങ്ക് അക്കൗണ്ടിൽ തുക അവശേഷിക്കുന്നു.

നഗരസഭയുടെ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയ്ക്കുവേണ്ടി കോട്ടയം ജില്ലാസഹകരണബാങ്കിൽ ആരംഭിച്ച കറന്റ് അക്കൗണ്ട് അവസാനിപ്പിച്ച് ബാലൻസ് തുക പലിശ ലഭിക്കുന്ന സേവിംഗ്സ് അക്കൗണ്ടിലേക്ക് (ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ കോട്ടയം അക്കൗണ്ട് നമ്പർ - 60295411303) 12.10.2017ൽ മാറ്റി നിക്ഷേപിച്ചിട്ടുണ്ട്. 31.3.2018ൽ ടി അക്കൗണ്ടിൽ ₹ 4,62,060/- അവശേഷിക്കുന്നു. നിലവിൽ ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതി അവസാനിച്ച സാഹചര്യത്തിൽ ബാങ്ക് അക്കൗണ്ടിൽ തുക നിലനിർത്തിയതു സംബന്ധിച്ച് നൽകിയ 52/17-18/4.12.2018 നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് 19.12.2018ൽ ലഭ്യമാക്കിയ ജി.13/20898/14 നമ്പർ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തിയാക്കാതെ മുഴുവൻ ഗഡുക്കൾ കൈപ്പറ്റാത്തവരുടെയും കരാർ റദ്ദുചെയ്തതിനെ തുടർന്ന്, കൈപ്പറ്റിയ തുക, പലിശ സഹിതം തിരികെ ഈടാക്കിയതുമായ തുകയാണ് ഇപ്രകാരം ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കാൻ "ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം" എന്ന പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ ടി ഗുണഭോക്താക്കളെ പ്രസ്തുത പ്രോജക്ടിൽ പങ്കാളികളാക്കി തുടർനടപടികൾ സ്വീകരിച്ചിട്ടില്ല എന്നും കാണുന്നു.

ജില്ലാസഹകരണബാങ്കിലെ അക്കൗണ്ടിൽ 1.4.2017ൽ 4,89,542/-രൂപ നീക്കിയിരിപ്പുണ്ടെന്ന് നഗരസഭയുടെ 2017-2018 വർഷത്തെ ധനകാര്യപത്രികയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും 20.10.2017ൽ ബാങ്ക് ഓഫ് മഹാരാഷ്ട്രയിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റുചെയ്തത് 4,74,828/-രൂപ മാത്രമാണ്. (വ്യത്യാസം - 14714) നഗരസഭയുടെ 2017-2018 വർഷത്തെ ധനകാര്യപത്രികയിൽ 31.3.2018ൽ പ്രസ്തുത ജില്ലാസഹകരണബാങ്ക് അക്കൗണ്ടിൽ 4,89,542/-രൂപ നീക്കിയിരിപ്പുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് ഓഫ് മഹാരാഷ്ട്രയിലെ അക്കൗണ്ടിലെ 31.3.2018ലെ നീക്കിയിരിപ്പ് (₹4,62,060/-) ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ജില്ലാസഹകരണബാങ്കിൽ നിന്ന് തുക ബാങ്ക് ഓഫ് മഹാരാഷ്ട്രയിലേയ്ക്ക് മാറ്റിയപ്പോൾ ഇപ്രകാരം വ്യത്യാസം വന്നതും ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് ധനകാര്യപത്രികയിൽ തെറ്റായി രേഖപ്പെടുത്തിയ സാഹചര്യവും ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിയുടെ ടി ഗുണഭോക്താക്കളെ "ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം" എന്ന പ്രോജക്ടിൽ പങ്കാളികളാക്കാത്തതു സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുന്നതിന് 68/2018 തീയതി 05.01.2018 നമ്പർ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടിരുന്നു. എങ്കിലും മറുപടി ലഭ്യമാക്കിയില്ല.

നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന ഭവനങ്ങളെ മറ്റുപദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പിലെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും ധനകാര്യപത്രികയിലെ അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

# 3-15 കൊടൂർ ഹൗസ് പ്ലോട്ടുകൾക്ക് അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നത് – തുടർനടപടികളുടെ വിവരങ്ങൾ ലഭ്യമല്ല

**ഫയൽ നം. PW5 – 2375/92**

നഗരസഭയിലെ 7-ാം വാർഡിലെ കൊടൂർ ഹൗസിംഗ് കോളനിയിൽ റോഡ്, വെള്ളം, വൈദ്യുതി, ഡ്രെയിനേജ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താത്തതിനെ തുടർന്ന് സ്ഥലം ഉടമകൾ WP(C) 19978/2008 നമ്പരായി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 6 മാസത്തിനുള്ളിൽ ടി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് 30.11.2012ൽ ഉത്തരവായിരുന്നു. ഇതിനെതിരെ നഗരസഭ ഫയൽ ചെയ്ത WA 714/2014 നമ്പർ കേസിൽ 2017 ഡിസംബർ മാസത്തോടെ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് 30.03.2017ൽ കർശനമായി വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് 59,94,000/-രൂപ മുടക്കി ഹൗസ് പ്ലോട്ടിലേയ്ക്കുള്ള റോഡിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ

കണക്ഷനുവേണ്ടി തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭീമമായതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭിക്കുന്നമുറയ്ക്ക് വാട്ടർ അതോറിറ്റിയിൽ തുക ഒടുക്കുന്നതിനും 22.05.2017ൽ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ, ജലവിതരണം ഏർപ്പെടുത്തുന്നതു സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽനിന്ന് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമായതായോ ജലലഭ്യത ഉറപ്പുവരുത്തിയതായോ കാണുന്നില്ല.

1994ൽ നടന്ന പ്ലോട്ടു വില്പനയുടെ നിബന്ധന പ്രകാരം പ്രസ്തുത പ്ലോട്ടുകൾക്ക് മുമ്പിലുള്ള വഴിയുടെ സംരക്ഷണം മുനിസിപ്പാലിറ്റി നിർവ്വഹിക്കുന്നതും വൈദ്യുതി, വെള്ളം എന്നിവ മുനിസിപ്പാലിറ്റി ഏർപ്പെടുത്തുന്നതും അതിനു വരുന്ന ആനുപാതിക ചെലവ് പ്ലോട്ടുടമകളിൽ നിന്നും മുനിസിപ്പാലിറ്റി ഈടാക്കുകയും ചെയ്യുന്നതാണ്. എന്നാൽ പ്രസ്തുത തുക നിശ്ചയിക്കുന്നതിന് കൗൺസിലിനു മുമ്പാകെ അജണ്ട വച്ചത് വില്പന നടത്തി 20 വർഷത്തിനുശേഷം മാത്രമാണ്. (25.07.2014) കൗൺസിൽ ഇതിൽ തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതാകട്ടെ പിന്നെയും 3 വർഷങ്ങൾ കഴിഞ്ഞിട്ടാണ്. (22.05.2017ലെ 9-ാം നമ്പർ തീരുമാനം) ആയതു പ്രകാരം നാളിതുവരെ തുക നിശ്ചയിച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നില്ല.

പ്രസ്തുത സ്ഥലത്ത് 600m LT Ohവൈദ്യുതലൈൻ സ്ഥാപിക്കുന്നതിന് ലഭ്യമായ 2,74,400/-രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം നഗരസഭ തുക ഒടുക്കിയിട്ടുണ്ട്. എന്നാൽ മുമ്പ് ലഭിച്ച എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബിയിൽ ഒടുക്കിയ 93,250/-രൂപ (ചെക്ക് നമ്പർ 457578/31.3.2001) സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിന് 22.5.2017ൽ കൗൺസിൽ തീരുമാനിച്ചിരുന്നുവെങ്കിലും തുക ഒടുക്കിയതിന്റെ കൈപ്പറ്റുരസീത് നഷ്ടപ്പെട്ടുവെന്ന കാരണത്താൽ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ വീണ്ടും തുക ഒടുക്കേണ്ടതായി വന്നു. ആദ്യം ഒടുക്കിയ തുകയുടെ അടിസ്ഥാനത്തിൽ പ്രവൃത്തി കെ.എസ്.ഇ.ബി. നടപ്പാക്കിയെന്ന് ഉറപ്പുവരുത്താതിരുന്നതിനാൽ കൂടിയ എസ്റ്റിമേറ്റിൽ പ്രവൃത്തി ചെയ്യേണ്ടിവരുന്നുവെന്ന് മാത്രമല്ല ടി തുക നഗരസഭ തിരികെ ഈടാക്കാത്തതിനാൽ 93,250/-രൂപ നഗരസഭയ്ക്ക് നഷ്ടപ്പെടുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടപ്പാക്കിയിട്ടുണ്ടോയെന്നു വ്യക്തവുമല്ല. ടി കോളനിയിൽ നാളിതുവരെ ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 53/2017-2018/ നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. എന്നാൽ ടി വിവരങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.
ഫയലിലെ വിശദാംശങ്ങൾ പ്രകാരം 5.03ഏക്കർ സ്ഥലം മുനിസിപ്പാലിറ്റി 60 പേർക്കായി വില്പന നടത്തിയെന്നാണ് കാണുന്നത്. എന്നാൽ വില്ലേജ് ഓഫീസിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം ആകെ 51 പേരാണ് ഭൂമി ഉടമസ്ഥർ. ഉടമസ്ഥരുടെ എണ്ണത്തിലെ വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

നഗരസഭയുടെ താൽപ്പര്യം സംരക്ഷിക്കുന്ന രീതിയിൽ വിൽപ്പന കരാർ തയ്യാറാക്കിയില്ലെന്നു മാത്രമല്ല ഫലപ്രദമായ തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കാതിരുന്നതിനാൽ നിലവിൽ കോടതിയലക്ഷ്യത്തെ നേരിടേണ്ടിവരികയും നഗരസഭയ്ക്ക് കനത്ത സാമ്പത്തിക ബാധ്യത വരുത്തുകയും ചെയ്തു. ടി വിഷയത്തിലെ നിലവിലെ അവസ്ഥ അടിയന്തിരമായി ഓഡിറ്റിൽ അറിയിക്കുന്നതിന് 70/2017-2018/19.1.2019 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഗരസഭയുടെ സാമ്പത്തികനില സംരക്ഷിച്ചുകൊണ്ട് പ്രസ്തുത ഹൗസ് പ്ലോട്ടുസംബന്ധിച്ച് സമയബന്ധിത തുടർനടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

# 3-16 നഗരസഭയിലെ വാഹനങ്ങളുടെ അറ്റകുറ്റപ്പണി - ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

കേരള മുനിസിപ്പാലിറ്റി മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും, പരിപാലനവും ചട്ടങ്ങൾ – 2000 – ചട്ടം 10(7) പ്രകാരം 10,000/-രൂപയ്ക്ക് മുകളിൽ 50000/-രൂപ ചെലവുവരുന്ന വാഹന അറ്റകുറ്റപ്പണികൾക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അതിനുമുകളിൽവരുന്ന തുകയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കൗൺസിലിന്റെയും അംഗീകാരത്തിന് വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾ നടത്തേണ്ടതാണ്. കൂടാതെ, ചട്ടം 10(8) പ്രകാരം അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിത മതിപ്പ് ചെലവ് കസ്റ്റോഡിയൻ ഓഫീസറോ, എഞ്ചിനീയറോ കണക്കാക്കേണ്ടതാണ്. എന്നാൽ 2017-2018 വർഷം പ്രസ്തുത ചട്ടങ്ങൾ പാലിക്കാതെ താഴെപ്പറയുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണി നഗരസഭ നടത്തിയതായി കാണുന്നു.

| ഫയൽ നമ്പർ | വാഹനം | വൗച്ചർ നമ്പർ | ചെലവ് | ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|
| PW5/30416/16 | KL 05 AE 3053 | 161/10-17 | 27055 | 018825 / 21.10.2017 |
| PW5/20110/16 | KL 05 X 6938 | 158/10-17 | 28691 | 018825 / 21.10.2017 |
| PW5/16231/16 | KL 05 AE 272 | 204/10-17 | 63550 | 139958 / 31.10.2017 |
| ആകെ | | | 1,19,296/- രൂപ | |

മേൽപ്പറഞ്ഞ അറ്റകുറ്റപ്പണികൾക്കായി ക്വട്ടേഷനുകൾ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ, മതിപ്പ് ചിലവ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 03/18 തീയതി 08.03.2018 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ 3 വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ചെലവഴിച്ച ആകെ തുകയായ 1,19,296/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-17-1 ഭവനനിർമ്മാണം പദ്ധതി - നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല

2017-2018 സാമ്പത്തിക വർഷം പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ ചുവടെ കൊടുത്തിട്ടുള്ള ഭവനനിർമ്മാണ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല.

I) കാരുണ്യം ഭവനനിർമ്മാണം

2017-2018 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പ്രോജക്ടായ കാരുണ്യം ഭവനനിർമ്മാണം (എസ്.ഒ.342/2017-18) കാരുണ്യം ഭവനനിർമ്മാണം 2-ാം ഘട്ടം (എസ്.ഒ.968/2017-18) എന്നീ പ്രോജക്ടുകളിലൂടെ ഒരു ഗുണഭോക്താവിന് 2ലക്ഷം രൂപ നിരക്കിൽ 52 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുകയായിരുന്നു ഉദ്ദേശ്യം. എന്നാൽ ചില ഗുണഭോക്താക്കൾ പല ഗഡുക്കളായി തുക കൈപ്പറ്റിയിട്ടും എഗ്രിമെന്റ് കാലാവധിക്കുള്ളിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ബിൽ നം. 1)10/29.06.2017

2)106/20.07.2017

3)158/11.08.2017

4)182/19.09.2017

5)216/13.10.2017

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി.അന്നമ്മ ദാനിയേൽ, വട്ടച്ചിറിയിൽ, ചിങ്ങവനം. | 1,80,000 |
| 2 | ശ്രീമതി.സതി രമണൻ, ജോനകം പറമ്പിൽ, ചിങ്ങവനം. | 1,80,000 |
| 3 | ശ്രീമതി.കെ.കെ.സിന്ധു, ചെറുവള്ളിൽ, മള്ളൂശ്ശേരി, കോട്ടയം. | 1,80,000 |
| 4 | ശ്രീമതി.ബിജിമോൾ, മറ്റക്കാട്ടുചിറ, ചിങ്ങവനം. | 1,80,000 |
| 5 | ശ്രീമതി.സുധർമ്മ സോമൻ, പ്ലാപ്പള്ളിൽ, പാക്കിൽ. | 1,80,000 |
| 6 | ശ്രീമതി.വിജയമ്മ.റ്റി.എം, തകടിയേൽ, മുട്ടമ്പലം, കോട്ടയം. | 20,000 |
| 7 | ശ്രീമതി.ത്രേസ്യാമ്മ പൗലോസ്, ഉറുമ്പേത്ത്. | 1,80,000 |

II)മഹാത്മാഗാന്ധി ഭവനനിർമ്മാണം (രണ്ടാം ഘട്ടം)

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീമതി.പുഷ്പാ ഷാജി, പീടികയിൽ, പള്ളം, നാട്ടകം | 1,80,000 |
| 2 | ശ്രീമതി.സുമ സത്യൻ, മണലേൽ, എസ്.എച്ച്.മൗണ്ട്, കോട്ടയം. | 1,80,000 |
| 3 | ശ്രീമതി.മിനിമോൾ സിബിച്ചൻ, കുന്നപറമ്പിൽ, ചിങ്ങവനം. | 1,80,000 |
| 4 | ശ്രീമതി.സുഭദ്രാമ്മ, ഇളംപള്ളികരോട്ട്, ഗാന്ധിനഗർ. | 1,80,000 |
| 5 | ശ്രീമതി.രാഗിണി ഓമനക്കുട്ടൻ, മുക്കുടിമാലികിഴക്കേതിൽ, പാറമ്പുഴ, പെരുമ്പായിക്കാട്.പി.ഒ. | 1,80,000 |
| 6 | ശ്രീമതി.സുപ്രഭ സുരേഷ്, മാത്തിങ്കൽ, പുത്തനങ്ങാടി, കോട്ടയം. | 80,000 |
| 7 | ശ്രീമതി.ബിൻഷ ശിവദാസ്, പുതുച്ചിറ അറുപതിൽ, മറിയപ്പള്ളി, നാട്ടകം. | 1,80,000 |
| 8 | ശ്രീമതി.ലേഖ, ഷീബാലയം, പള്ളം, കോട്ടയം. | 1,80,000 |
| 9 | ശ്രീമതി.വിജയമ്മ, കാക്കശ്ശേരിൽ, ഗാന്ധിനഗർ. | 1,80,000 |
| 10 | ശ്രീമതി.ലേഖ മോഹനൻ, പുല്ലക്കാട്ട്, എസ്.എച്ച്.മൗണ്ട്. പി.ഒ. | 20,000 |
| 11 | ശ്രീമതി.സലില.എം.എ, മണപ്പറമ്പിൽ, കോളേജ് മാലി, കോട്ടയം. | 1,40,000 |

മേൽസൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ നഗരസഭ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ മേൽ ഭവനനിർമ്മാണ പദ്ധതികളിൽപ്പെട്ട പ്രസ്തുത ഗുണഭോക്താക്കളോട് ഭവനനിർമ്മാണം പൂർത്തീകരിച്ച് ഒക്യുപ്പെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനുള്ള അറിയിപ്പ് നൽകിയിരുന്നുവെങ്കിലും ഹാജരാക്കാത്തതിനാൽ കൈപ്പറ്റിയ തുക പലിശസഹിതം തിരിച്ചടച്ച് കരാറിൽ നിന്നും ഒഴിവാകുന്നതിനുള്ള അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ച് പദ്ധതിഫണ്ടിന്റെ വിനിയോഗം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ട് എന്നുറപ്പിക്കാനുതകുന്ന മേൽനോട്ട നടപടികൾ കാര്യനിർവഹണോദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

# 3-17-2 ഭവനനിർമ്മാണം - രേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 23/2017-18 (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

ചെലവ് - 2,20,000 (പ്രത്യേക ഘടകപദ്ധതിവിഹിതം)

–

| ബിൽ നമ്പർ | തുക (രൂപ) |
|---|---|
| 289/28.11.2017 | 1,50,000 |
| 498/24.02.2018 | 70,000 |
| **ആകെ** | **2,20,000** |

ടി പദ്ധതി പ്രകാരം ശ്രീമതി പെണ്ണമ്മ, ചാവക്കാല, മൂലവട്ടം പി.ഒ. എന്ന വ്യക്തിക്ക് 60,000/- രൂപയും ശ്രീ. കെ. കെ. ഗോപികുട്ടൻ, കണ്ണാമ്പടം, കാരാപ്പുഴ പി.ഒ. എന്ന വ്യക്തിക്ക് 2 ഗഡുക്കളായി 90,000/-, 70,000/-രൂപയും നൽകിയിട്ടുണ്ട്. എന്നാൽ അനുബന്ധ രേഖകളൊന്നും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 20/18 തീയതി 11.10.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കാത്തതിനാൽ 2,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-17-3 ഭൂരഹിത പുനരധിവാസം (എസ്.സി) വീടും സ്ഥലവും - പരിശോധനയ്ക്ക് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രോജക്ട് നമ്പർ - 22/2017-2018 (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ – പട്ടികജാതി വികസന ഓഫീസർ

ചെലവ് – 2,97,500 (പ്രത്യേകഘടക പദ്ധതിവിഹിതം)

| ബിൽ നമ്പർ | തുക (രൂപ) |
|---|---|
| 188/25.09.2017 | 1,05,000 |
| 303/23.12.2017 | 1,40,000 |
| 497/24.02.2018 | 52,500 |
| **ആകെ** | **2,97,500** |

മേൽ പ്രോജക്ട് നിർവ്വഹണത്തിനായി 2017-2018 വർഷം മൂന്ന് ഗഡുക്കളായി 2,97,500/-രൂപ ശ്രീമതി.രാജമ്മ.എ, കൊച്ചുപറമ്പിൽ, മുട്ടമ്പലം.പി.ഒ, കോട്ടയം എന്ന വ്യക്തിക്ക് നൽകിയിട്ടുണ്ട്. ടി ചെലവ് സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 20/18 തീയതി 11.10.2018 പ്രകാരം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു എങ്കിലും ഹാജരാക്കിയിട്ടില്ല. ആയതിനാൽ 2,97,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-18-1 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

2017-2018 വർഷം നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗം നിർവഹിച്ച 249 മരാമത്ത് പ്രവൃത്തികളുടെ വർക്ക് ഫയൽ ഉൾപ്പെടെയുള്ള ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ ആവശ്യകത, നിർവഹണം, ചെലവിന്റെ ആധികാരികത എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രവൃത്തികൾ സംബന്ധിച്ച് ഭരണവകുപ്പ്/ നഗരസഭാ കൗൺസിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധം -2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-18-2 2017-2018 വർഷം ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രോജക്ടുകൾ - രേഖകൾ ഹാജരാക്കിയില്ല.

2017-2018 വർഷം ഗവൺമെന്റ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നിർവഹിച്ച താഴെപ്പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ/ അനുബന്ധരേഖകൾ ഓഡിറ്റിൽ ഹാജരാക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ ആവശ്യകത, നിർവഹണം, ചെലവിന്റെ ആധികാരികത എന്നിവ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ ടി പ്രവൃത്തികൾ സംബന്ധിച്ച് ഭരണവകുപ്പ്/ നഗരസഭാ കൗൺസിൽ വിശദമായ അന്വേഷണം നടത്തേണ്ടതാണ്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക/ ധനസ്രോതസ് | ബിൽ നമ്പർ/ തീയതി | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | 355/2017- | സ്മാർട്ട് ക്ലാസ് റൂം | 8,99,850/- | 85/13.7.2017 | ഫയലുകളും അനുബന്ധ |

| | | | | | |
|---|---|---|---|---|---|
| | 18 (സ്പിൽ ഓവർ) | (കെ.എസ്.ഐ.ഇ മുഖാന്തിരം) | ധനകാര്യകമ്മീഷൻ ഗ്രാന്റ് | | രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 2 | 356/2017-18 (സ്പിൽ ഓവർ) | ക്ലാസ് റൂം & ലൈബ്രറി കമ്പ്യൂട്ടർ വൽക്കരണം | 390000 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 86/13.7.2017 | ഫയലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. |
| 3 | 871/2017-18 | ഗവൺമെന്റ് എൽ.പി. സ്കൂൾ, നാട്ടകം - കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 2,23,020 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 619/13.3.2018 | കൈപ്പറ്റ് വിവരങ്ങൾ ഹാജരാക്കിയിട്ടില്ല. |
| 4 | 873/2017-18 | ഗവൺമെന്റ് ഹൈസ്കൂളുകൾക്ക് കമ്പ്യൂട്ടർ വാങ്ങൽ | 4,71,808 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 621/13.3.2018 | കമ്പ്യൂട്ടർ ലഭിച്ച സ്കൂളുകളുടെ വിവരങ്ങൾ ലഭ്യമല്ല. |
| 5 | 909/2017-18 | നാട്ടകം ഗവൺമെന്റ് വി.എച്ച്.എസ്.എസ്. കമ്പ്യൂട്ടർ വാങ്ങൽ | 1,91,796 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 620/13.03.2018 | കൈപ്പറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | 910/2017-18 | ഗവൺമെന്റ് വി.എച്ച്.എസ്.എസ്, നാട്ടകം - ലാബ് സൗകര്യം വർദ്ധിപ്പിച്ചത് | 1,99,992 ധനകാര്യകമ്മീഷൻ ഗ്രാന്റ് | 873/28.03.2018 | ലാബ് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ലാബിലേക്ക് ആവശ്യമുള്ള സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനായി കരാറിൽ ഏർപ്പെട്ട VNS School All in Shope എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ എല്ലാം ലഭിച്ചിട്ടുണ്ടോ എന്നുള്ളത് വ്യക്തമല്ല. |
| | | ആകെ | 23,76,466 | | |

# 3-19 നിക്ഷേപപ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2017-2018 വർഷം നടപ്പിലാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ നമ്പർ/ പേര് | ചെലവ് | (വൗച്ചർ/ഡി.ഡി നമ്പർ/തീയതി) | ഡി.ഡി കൈപ്പറ്റിയ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 200/18 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | വൗച്ചർ നമ്പർ 11863/30.6.2017 | കോസ്റ്റ് ഫോർഡ് | മുനിസിപ്പൽ എഞ്ചിനീയർ |

| | | | | | |
|---|---|---|---|---|---|
| | (നഗരസഭ പൊതുശ്മശാനം ക്രിമറ്റോറിയം അധികഫർണ്ണസ് സ്ഥാപിക്കൽ) | 3,41,000 രൂപ | | | |
| 2 | 955/17-18<br>(വിവിധ വാർഡുകളിൽ കുടിവെള്ള ലഭ്യതയ്ക്ക് കുഴൽ കിണർ സ്ഥാപിക്കൽ) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1,34,46,000 | 357/17.01.2018 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 3 | 927 /18<br>(നഗരസഭ കോടിമതയിൽ ഉള്ള ഹൗസ് പ്ലോട്ടിലേയ്ക്ക് 660 മീറ്റർ LTOH ലൈൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>2,74,400 | 331/29.12.2017 | കെ.എസ്.ഇ.ബി സെന്ട്രൽ | സെക്രട്ടറി |
| 4 | 927/18<br>(നഗരസഭ നാട്ടകം മേഖലയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>4,36,850 | 670/16.03.2018 | കെ.എസ്.ഇ.ബി, നാട്ടകം | സെക്രട്ടറി |
| 5 | 927/17-18<br>(നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>1,06,694 | 670/16.03.2018 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 6 | 927/17-18<br>(നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>4,28,550 | 670/16.03.2018 | കെ.എസ്.ഇ.ബി, പള്ളം ഡിവിഷൻ | സെക്രട്ടറി |
| 7 | 927/17-18<br>(നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>24,32,411 | 670/16.03.2018 | കെ.എസ്.ഇ.ബി, | സെക്രട്ടറി |
| 8 | 927/17-18<br>(നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>2,23,063 | 670/16.03.2018 | കെ.എസ്.ഇ.ബി സെന്ട്രൽ | സെക്രട്ടറി |
| 9 | 927/17-18<br>(നഗരസഭയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>54,000 | 670/16.03.2018 | കെ.എസ്.ഇ.ബി, അയ്മനം | സെക്രട്ടറി |
| 10 | 1/17-18 | വികസനഫണ്ട് | 636/ 17.03.2018 | ജില്ലാ പ്രോജക്ട് | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | (എസ്.എസ്.എ വിഹിതം) | 46,18,619 | | ഓഫീസർ, എസ്.എസ്.എ, കോട്ടയം | |
| 11 | 354/17-18 (കേരള സാമൂഹ്യസുരക്ഷാമിഷൻ പ്രവർത്തനങ്ങൾക്കുള്ള സംഭാവന) | വികസനഫണ്ട് 10,00,000 | 44/30.6.2017 | കേരള സാമൂഹ്യസുരക്ഷാമിഷൻ, തിരുവനന്തപുരം | സെക്രട്ടറി |
| 12 | 363/17-18 (എെ.കെ.എം നല്ല വിഹിതം) | വികസനഫണ്ട് 4,00,065 | 30/29.6.2017 | എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാമിഷൻ, തിരുവനന്തപുരം | സെക്രട്ടറി |
| 13 | 955/18(വിവിധ വാർഡുകളിൽ കുഴൽകിണർ സ്ഥാപിയ്ക്കൽ | വികസനഫണ്ട് 67,23,000 | 355, 356, 357/17.1.2018 | ഭൂജലവകുപ്പ് | സെക്രട്ടറി |
| 14 | 927/18(വിവിധ **പ്രദേശങ്ങളിൽ** സ്ട്രീറ്റ് മെയിൻ വലിയ്ക്കൽ | വികസനഫണ്ട് 39,55,968 | 331/29.12.2017 &652/16.03.2018 | കെ.എസ്.ഇ.ബി | സെക്രട്ടറി |
| 15 | 956/18(കോടിമത ഹൗസ് പ്ലോട്ടിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ) | വികസനഫണ്ട് 32,18,056 | 481/22.02.2018 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| 16 | 977/18(വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിയ്ക്കൽ) | വികസനഫണ്ട് 30,00,000 | 654/16.03.2018 | കേരള വാട്ടർ അതോറിറ്റി | സെക്രട്ടറി |
| | **ആകെ** | **4,06,58,676/-രൂപ** | | | |

മേല്പറഞ്ഞ പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരേയ്ക്കും **4,06,58,676/-രൂപ** ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-20 പി.എം.എ.വൈ.- സർക്കാർമാർഗരേഖ പാലിച്ചിട്ടില്ല

ഫയൽ നമ്പർ ജി. 17 – 24963/15

"രണ്ടായിരത്തി ഇരുപത്തിരണ്ടോടെ എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പി.എം.എ.വൈ പദ്ധതി നഗരസഭയിൽ നടപ്പാക്കി വരുന്നു. ഇതിനുവേണ്ടി തയ്യാറാക്കിയ സർവ്വേ റിപ്പോർട്ടു പ്രകാരം 708 ഭൂരഹിത ഭവനരഹിതരും 1294 ഭൂമിയുള്ള ഭവനരഹിതരും ഉണ്ട്. IDBI ബാങ്കിന്റെ കഞ്ഞിക്കുഴി ശാഖയിൽ 27104000200110 നമ്പർ ബാങ്ക് അക്കൗണ്ടിലാണ് പദ്ധതി വിഹിതം നിക്ഷേപിച്ചിട്ടുള്ളത്.

2017-2018 വർഷം പദ്ധതിയ്ക്കുവേണ്ടി നഗരസഭാവിഹിതം വകയിരുത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കി ആകെ 1,56,85,697/-രൂപ ടി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | തുക | ധനസ്രോതസ് |
|---|---|---|---|
| 1 | 596/18 | 50,00,000 | പൊതുവിഭാഗം വികസനഫണ്ട്. |

| | | | |
|---|---|---|---|
| | PMAY പദ്ധതിയ്ക്കുള്ള നഗരസഭാവിഹിതം | | |
| 2 | 971/18<br><br>PMAY 3-ാം ഘട്ട DPRന് നഗരസഭാവിഹിതം | 93,41,795 | പൊതുവിഭാഗം വികസനഫണ്ട്. |
| 3 | 975/18 3-ാം ഘട്ട DPRന് നഗരസഭാവിഹിതം (SC) | 13,43,902 | പ്രത്യേകഘടക പദ്ധതി. |
| **ആകെ** | | **1,56,85,697** | |

പദ്ധതിയുടെ വിവിധ ഘടകങ്ങൾ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം സംസ്ഥാന സർക്കാർ നിയോഗിക്കുന്ന അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിപ്പിക്കേണ്ടതാണെന്നും അംഗീകൃത ഏജൻസിയുടെയും സാങ്കേതിക ഉദ്യോഗസ്ഥരുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയ്ക്കു കീഴിലുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള കരുതൽ പരിഹാരമാർഗങ്ങൾ കൈക്കൊള്ളേണ്ടതാണെന്നും ഇത്തരത്തിലുള്ള വിലയിരുത്തലിന് ആവശ്യമായ തുകയുടെ 75% കേന്ദ്രസർക്കാർ വഹിക്കുന്നതാണെന്നും പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ ഇത്തരം പരിശോധനകൾ നടത്തിയതായോ കരുതൽ പരിഹാരമാർഗങ്ങൾ കൈക്കൊണ്ടതായോ കാണുന്നില്ല, സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും സർക്കാരിൽനിന്ന് ധനസഹായം നേടിയെടുക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

കൂടാതെ, ഐ.ഐ.ടി, എൻ.ഐ.ടി, ആർക്കിടെക്ചർ, ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയ അംഗീകൃത സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റിംഗ് സാദ്ധ്യമാവുന്നതാണ്.

പ്രസ്തുത ബാങ്ക് അക്കൗണ്ടിന്റെ തൻവർഷത്തെ വരവ്, ചെലവ് കണക്കുകളുടെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| **വരവ്** | | **ചെലവ്** | |
|---|---|---|---|
| മുന്നിരിപ്പ് | 1,56,20,515 | ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തത് | 3,98,40,000 |
| നഗരസഭാവിഹിതം (2016-2017) | 16,10,000<br>1,56,85,697 | നീക്കിയിരിപ്പ് | 2,20,67,200 |
| കേന്ദ്ര/സംസ്ഥാന വിഹിതം | 1,95,00,000 | | |
| പലിശ | 5,95,988 | | |
| ഗുണഭോക്തൃ വിഹിതം | 76,05,000 | | |
| ഗുണഭോക്താക്കൾക്ക് കൈമാറിയ തുക തിരികെ വന്നത് | 12,90,000 | | |
| **ആകെ** | **6,19,07,200** | **ആകെ** | **6,19,07,200** |

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ / ബിൽ / ചെക്ക്നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|
| കോസ്റ്റ് ഫോർഡ് | എസ്.ഒ. 200/18 (നഗരസഭ പൊതുശ്മശാനം ക്രിമറ്റോറിയം അധികഫർണ്ണസ് സ്ഥാപിയ്ക്കൽ) | വൗച്ചർ നം. 11863/30.6.17 | 3,41,000 | - | 3,41,000 | വിനിയോഗ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ല. |
| ഭൂജലവകുപ്പ് | എസ്.ഒ. 955/17-18 (വിവിധ വാർഡുകളിൽ കുടിവെള്ള ലഭ്യതയ്ക്ക് കുഴൽ കിണർ സ്ഥാപിയ്ക്കൽ) | 357/17.01.2018 | 1,34,46,000 | - | 1,34,46,000 | |
| കെ.എസ്.ഇ.ബി സെൻട്രൽ | എസ്.ഒ.927 /18 (നഗരസഭ കോടിമതയിൽ ഉള്ള ഹൗസ് പ്ലോട്ടിലേയ്ക്ക് 660 മീറ്റർ LTOH ലൈൻ വലിയ്ക്കുന്നതിന്) | 331/29.12.2017 | 2,74,400 | | 2,74,400 | |
| കെ.എസ്.ഇ.ബി, നാട്ടകം | എസ്.ഒ. 927/18(നഗരസഭ നാട്ടകം മേഖലയിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | 670/16.03.2018 | 4,36,850 | | 4,36,850 | |
| കെ.എസ്.ഇ.ബി | എസ്.ഒ. 927/17-18(നഗരസഭ യിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | 670/16.03.2018 | 1,06,694 | | 1,06,694 | |
| കെ.എസ്.ഇ.ബി, പള്ളം ഡിവിഷൻ | എസ്.ഒ. 927/17-18 (നഗരസഭ യിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിയ്ക്കുന്നതിന്) | 670/16.03.2018 | 4,28,550 | | 4,28,550 | |
